# കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം



ഹനീഫ് പുല്ലിപ്പറമ്പ്

# കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം

ഹനീഫ് പുല്ലിപ്പറമ്പ്

بسم الله الرحمن الرحيم

# വിഷയാനുക്രമം


ഗ്രന്ഥകാരന്റെ രചനകൾ ..... 3
ഉപോദ്ഘാതം ..... 4
ശൈഖ് അബ്ദുസ്സമദ് അൽകാതിബിന്റെ സന്ദേശം ..... 12
സന്ദേശത്തിന്റെ തർജ്ജമ ..... 13
വിനോദ വാർത്തകൾ ..... 16
സംഗീതം ..... 20
കവിയും കവിതയും ..... 30
അനുവദനീയമായ ആലാപനം ..... 42
ഖുർആനും സംഗീതവും ..... 51
ദഫ്ഫും ഇസ്ലാമും ..... 55
സംഗീതവും മനഃശാന്തിയും ..... 57
സംഗീതവും പൂർവ്വികരും ..... 60
സംഗീതത്തിന്റെ പ്രതിഫലം ..... 70
സംഗീതവും ദാവൂദ്നബി(അ)യും ..... 75
ചിത്രകലയും ശിൽപകലയും ..... 77
സത്യവിശ്വാസിയുടെ നിലപാട് ..... 84
ഇസ്ലാമിന്റെ സൗന്ദര്യദർശനം ..... 87
മുഖസൗന്ദര്യം ..... 91
കേശ സൗന്ദര്യം ..... 110
മറ്റു ശാരീരിക സൗന്ദര്യങ്ങൾ ..... 115
വസ്ത്രാലങ്കാരം ..... 125
മിലെനിയം 2000 ..... 142
കായിക വിനോദങ്ങൾ ..... 155
ആസ്വാദനവും ആധുനികതയും ..... 164
പ്രകടനങ്ങൾ, മഹാസമ്മേളനങ്ങൾ ..... 169

## ഹനീഫ് പുല്ലിപ്പറമ്പിന്റെ രചനകൾ

1 കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം
2 ഖുർആനിലെ ചെടികൾ
3 സുന്നത്തും ഉമ്മത്തും
4 റമദാനിന്റെ തീരങ്ങളിൽ
5 മുസ്‌ലിയാരുടെ തൗഹീദ് പഠനം (നിർദ്ധാരം)
6 രണ്ടു സാക്ഷ്യങ്ങൾ (തർജ്ജമ)
7 സുരക്ഷ ( „ )
8 ഖബർ സന്ദർശനവും സഹായാർഥനയും
9 നബിദിനാഘോഷം ( „ )
10 അനാചാരാദനം ( „ )

## പണിപ്പുരയിൽ

1 സത്യം പരിഹസിക്കപ്പെടുന്നു (തർജ്ജമ)

---

جميع حقوق الطبع محفوظة للمؤلف، لا يسمح بطبع أي جزء
من هذا الكتاب إلا بعد موافقة خطية مسبقة من المؤلف.

All rights reserved. No part of this book may be reproduced or utilized in any way without the prior written permission of the copy right owner.

# ഉപോദ്ഘാതം

താനുദ്ദേശിച്ചവർക്ക് ദിശാബോധവും സൻമാർഗ്ഗവും കനിഞ്ഞരുളിയ, താനുദ്ദേശിച്ചവർക്ക് പ്രബോധനമോ സദുപദേശമോ പ്രയോജനം ചെയ്യാത്ത വിധം അന്ധതയും ബധിരതയും നൽകിയ അല്ലാഹുവിന്ന് സ്തുതി. അല്ലാഹുവും അവൻെറ ദൂതരും എത്തിച്ചു കൊടുത്തതിനെ കളവാക്കിയവരാണ് പാട്ടും കളിയുപകരണങ്ങളും കുഴലൂത്തും വഴി കണ്ണടഞ്ഞു പോയവർ. അല്ലാഹുവെയും അവൻെറ റസൂലിനെയും ഒഴിവാക്കി വ്യാജോക്തികൾക്കു പിന്നാലെ പോയവരേക്കാൾ വഴിപിഴച്ചവരാരുണ്ട്! തൻെറ അടിമകളിൽ അവനിഷ്ടപ്പെട്ടവരെ ആദരിക്കുകയും അവനുദ്ദേശിച്ചവരെ ഇകഴ്ത്തുകയും ചെയ്തവൻ പരിശുദ്ധൻ. അവൻ യുക്തിമാനും സൂക്ഷ്മമായി അറിയുന്നവനുമത്രെ.

അധികമാർന്ന പുണ്യങ്ങളുടെയും അനുഗ്രഹത്തിൻെറയും അത്യുന്നതനായ ഉടമയ്ക്ക് ഞാൻ സ്തുതിയർപ്പിക്കുന്നു. യാതൊരു പങ്കുകാരനും പുത്രനും സഹായിയുമില്ലാത്ത ഏകനായ ആ അല്ലാഹുവല്ലാതെ ആരാധനക്കനുയോജ്യനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷിയാവുന്നു. തൻെറ അടിമക്ക്, വ്യാജവർത്തമാനങ്ങൾക്കെതിരെ ഏറ്റ

വും ഗൗരവമാർന്ന മുന്നറിയിപ്പു നൽകിക്കൊണ്ട് അന്ധകാരം പൂണ്ട മനസ്സുകൾക്ക് വെളിച്ചം നൽകുന്ന ഗ്രന്ഥം ഇറക്കിയവനാണവൻ.

സുവാർത്തകനും മുന്നറിയിപ്പുകാരനുമായ മുഹമ്മദ്, അല്ലാഹുവിൻെറ അടിമയും ദൂതരുമാണെന്നും ഞാൻ സാക്ഷിയാവുന്നു. പ്രകാശം തരുന്ന വിളക്ക്. അല്ലാഹു അവിടുത്തെ, ലോകങ്ങൾക്ക് കാരുണ്യമായയച്ചു. വിനോദോപാധികളും കുഴലൂത്തുകളും വെടിയാൻ കൽപ്പിച്ചവൻ. അല്ലാഹുവേ...., നിൻെറ അടിമയും ദൂതരുമായ മുഹമ്മദിൽ നീ ശാന്തി ചൊരിയേണമേ.... അവിടുത്തെ കുടുംബങ്ങളിലും കൂട്ടുകാരിലും അദ്ദേഹത്തിൻെറ ചര്യയിലൂടെ അല്ലാഹുവിലേക്കു സഞ്ചരിക്കുന്ന എല്ലാവരിലും ധാരാളം ധാരാളമായി നീ അനുഗ്രഹം വർഷിക്കേണമേ...

ഇസ്‌ലാമിലെ സൗന്ദര്യദർശനത്തെയും സംഗീതത്തെയും സംബന്ധിച്ച ഒരു തുടർചർച്ച, പ്രചാരമുള്ള ഒരു മലയാള പത്രത്തിൽ ആഴ്ചതോറും പ്രസിദ്ധീകരിക്കുകയുണ്ടായി. ഓരോ ആഴ്ചയുടെ പത്രം വരുമ്പോഴും ഇസ്‌ലാമിൻെറ യഥാർഥ വീക്ഷണമടങ്ങിയ ഒരു ലേഖനം മുൻ ലേഖനങ്ങൾക്ക് മറുപടിയായി വരുമെന്ന് ഞാൻ കാത്തിരുന്നു. നിരാശകൾ മാത്രം തന്നുകൊണ്ട് ആഴ്ചകൾ കടന്നുപോയി. കുറെ ഡോക്ടർമാരും കലാകാരൻമാരും

പൊതുപ്രവർത്തകരുമൊക്കെയായിരുന്നു അതിൽ പങ്കെടുത്തിരുന്നത്. യഥാർഥത്തിൽ മതവിഷയങ്ങൾ പരസ്യമായ ചർച്ചക്ക് വിധേയമാക്കി മുസ്‌ലിം സാധാരണക്കാരിലും അമുസ്‌ലിംകളിലും അത് വിതരണം ചെയ്യുന്നത് മുസ്‌ലിം ലോകത്തെ പണ്ഡിതൻമാർ അരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇസ്‌ലാമിക വിധികൾ പരിശോധിക്കേണ്ടത് പൊതുജനമല്ലല്ലോ....സമൂഹത്തിന് നൽകേണ്ടതും ചർച്ചയല്ല. വിധികളും പണ്ഡിത തീരുമാനങ്ങളുമാണവർക്ക് നൽകേണ്ടത്. ഇക്കാര്യം പറഞ്ഞ് ഈ വിഷയത്തിൽ ഇസ്‌ലാമിക കാഴ്ചപ്പാടെന്തെന്ന് വിവരിച്ചുകൊണ്ട് ഞാനവർക്ക് എഴുതിയിരുന്നു. പ്രതികരണമൊന്നും ഉണ്ടായില്ല. എന്നാൽ ആ ചർച്ചാ പരിപാടി പെട്ടെന്ന് നിർത്തുന്നതായാണ് കണ്ടത്.

സത്യത്തിൽ ഇതൊരു ഫിത്നയായിട്ടാണ് ഭവിക്കുക. എന്തുകൊണ്ടെന്നാൽ ഇസ്‌ലാമിൻെറ യഥാർഥ നിലപാടെന്താണെന്നറിയാത്ത കുറെ ആളുകൾ തങ്ങളുടെ വീക്ഷണങ്ങൾ പത്രദ്വാരാ പ്രകടിപ്പിക്കുക. യഥാർഥ നിലപാട് അവർക്കോ പൊതുജനങ്ങൾക്കോ അറിയിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുക. സാധാരണക്കാർക്ക് മാർഗ്ഗഭ്രംശം വരാൻ മറ്റെന്തെങ്കിലും വേണ്ടതുണ്ടോ! ഇത് പത്രമാധ്യമങ്ങൾക്കയച്ചുകൊടുക്കുമ്പോഴും അവരെ ഇത് പ്രസിദ്ധീകരിക്കുന്നതിൽ നിന്നും തടയുന്ന മറ്റൊരു

ഘടകവും കൂടി ഇവിടെ ചിന്താർഹമാക്കേണ്ടതുണ്ട്. അവരോ അവരുടെ നേതാക്കളോ ഒക്കെ "ഞങ്ങളും ഈ ചളിക്കുണ്ടിൽ നിന്നു പുറത്തല്ല" എന്ന മട്ടിലുള്ളവരാണ്. പിന്നെങ്ങിനെ അവർക്കിതേപ്പറ്റി ജനങ്ങളോട് സംസാരിക്കാനാവും! മുസ്‌ലിംകളിലെ അനാചാരങ്ങളെക്കുറിച്ച് ആവേശകരമായ പ്രസംഗം നടത്തി കേരളീയ മുസ്‌ലിംകളിൽ പ്രസിദ്ധനായിത്തീർന്ന ഒരു പണ്ഡിതനെ ഒന്നു നേരിൽ കാണാനുള്ള ഉൽക്കടമായ ആഗ്രഹത്തോടെ, അദ്ദേഹം ഖുതുബ നിർവ്വഹിക്കാറുള്ള കോഴിക്കോട്ടെ പള്ളിയിൽ ഞാൻ വന്നു. ഉടുമുണ്ട് നിലത്തിഴഞ്ഞുകൊണ്ടിരിക്കുന്നത് താങ്ങിപ്പിടിച്ച് ഖുതുബ നിർവ്വഹിക്കാൻ പോവുന്ന ഒരു കൊച്ചു'വെട്ടുതാടി'ക്കാരനെ ഞാൻ കാണുന്നു. ഞാൻ മനസ്സിൽ താലോലിച്ച എൻെറ പ്രിയങ്കരനായ പണ്ഡിതൻ ഇന്ന് ഖുതുബ നിർവ്വഹിക്കാൻ വന്നില്ലല്ലോ എന്ന വ്യസനത്തിൽ ജുമുഅ നമസ്കാരം കഴിയുവോളം കാത്തിരുന്നു. അതിനുശേഷം ഞാനയാളെപ്പറ്റി തിരക്കിയപ്പോൾ, നിങ്ങളന്വേഷിച്ചുകൊണ്ടിരിക്കുന്ന ആള് തന്നെയാണ് ഈ ഖത്തീബ് എന്ന് ആളുകൾ പറഞ്ഞു!! ഞാനാകെ സങ്കോചിച്ചുപോയി. ഇന്ന് ഞാനയാളെ കണ്ടിരുന്നില്ലെങ്കിൽ, ഇനി, മരിക്കുവോളം കാണാതിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന ദു:ഖത്തോടെ ഞാൻ അവിടെ നിന്നും തിരിച്ചുപോന്നു.

മറ്റൊരു സംഭവം കൂടി വായനക്കാരെ അറിയിക്കട്ടെ. പഴക്കം കൊണ്ടും തൗഹീദിന്റെ സ്ഥാപനത്തിന്നുവേണ്ടി ഗൗരവമായി പ്രവർത്തിച്ചു കൊണ്ടും പ്രസിദ്ധമായിത്തീർന്ന ഒരറബിക്കോളേജ് ഞാൻ സന്ദർശിച്ചു. അറബിക്കോളേജിന്റെ ഊർജ്ജവും ആർജ്ജവവും അവിടുത്തെ അധ്യാപകരാണല്ലോ.... അവരെ സന്ദർശിക്കാനായി അധ്യാപകർക്കുള്ള മുറിയിലേക്കു കയറി. വിരലിലെണ്ണാവുന്ന, പഴയ പരിചയക്കാരും ഒട്ടേറെ പുതിയ യുവാധ്യാപകരും അവരവരുടെ ഇടവേളകൾ സജീവമാക്കുന്നു. അവർക്കിടയിൽ ഒട്ടേറെ ക്ലീൻ ഷേവു ചെയ്ത പുതിയ അധ്യാപകരെ ഞാൻ കണ്ടു. ഉടുവസ്ത്രം നിലത്തിഴയ്ക്കുന്നവരും ഞെരിയാണി കവിഞ്ഞിറങ്ങിയവരും അക്കൂട്ടത്തിലുണ്ട്. അറബിക്കോളേജിലാണോ അതോ വല്ല ചന്തസ്ഥലത്തുമാണോ ഞാൻ നിൽക്കുന്നത് എന്ന് ഒരു നിമിഷം ഓർത്തുപോയി. ഇവരാണോ വിദ്യാർഥികൾക്ക് ദീൻ പഠിപ്പിക്കുന്നത്? ഇവർ പഠിപ്പിക്കുന്ന ദീനേതാണ്? ഇവർ മാത്രമല്ല, ഇത്തരം ഭൗതിക കാമികളെ മതാധ്യാപകരായി നിയമിച്ച അറബിക്കോളേജ് മാനേജ്മെൻറും ഈ കുറ്റത്തിൽ നിന്നൊഴിവാകുമോ? എന്ത് ലക്ഷ്യമിട്ടാണ് അധ്യാപകസ്ഥാനം നൽകി മാനേജ്മെൻറ് ഇവരെ 'ആദരിച്ചത്'! ബാഹ്യരൂപത്തിലേക്കൊന്നും നോക്കേണ്ട, നമസ്കാരവും നോമ്പുമൊക്കെ ഉണ്ടാവലാണ് പ്രധാനം എന്നായിരി

ക്കും ഉദ്ദീരണം. അഞ്ചുനേരം നമസ്കരിക്കുന്ന ഒരാളെ ങ്ങിനെയാണ് ഇസ്‌ലാമിൻെറ ബാഹ്യചിഹ്നങ്ങളെ പരിഹസിക്കുന്നവനാവുക! ഇത്തരം മതാധ്യാപകരും അവരെ ഉൾക്കൊള്ളുന്ന മതപാഠശാലയും വളരെ വിചിത്രം തന്നെ! ഇതാണ് പണ്ഡിതൻമാരെങ്കിൽ, സമൂഹത്തിൽ നിലനില്ക്കുന്ന തിൻമകൾക്കും അവരിൽ നിന്നും പത്രം വഴിക്കും മറ്റും ഉയർന്നുവരുന്ന അറിവുകേടുകൾക്കുമെതിരെ പണ്ഡിതൻമാർക്ക് പ്രതികരിക്കാൻ കഴിയുന്നതെങ്ങിനെ! വളരെ വിചിത്രമായ ഈ മൗനം സമൂഹത്തെ എവിടെയാണെത്തിക്കുക! ഈ വിഷയം വിശദമായെഴുതി പ്രസിദ്ധീകരിക്കണമെന്ന ആഗ്രഹം പത്രത്തിന്നെഴുതുമ്പോൾ തന്നെ എന്നിൽ ഉടലെടുത്തിരുന്നു. അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഈ കൊച്ചു ഗ്രന്ഥം എനിക്കു പൂർത്തിയാക്കാനായി. ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളും ഹദീസുഗ്രന്ഥങ്ങളും മറ്റും ആഴത്തിൽ പരിശോധനക്ക് വിധേയമാക്കുമ്പോൾ ഒരു കനപ്പെട്ട പുസ്തകമായി രൂപപ്പെടുത്താനാവും. സാധാരണക്കാരന് കലയിലും സൗന്ദര്യത്തിലും സംഗീതത്തിലും ഇസ്‌ലാമിൻെറ വീക്ഷണമെന്താണെന്ന് പറഞ്ഞുകൊടുക്കാൻ അത്ര വിപുലമാർന്ന ഒരു പഠനവിവരണം ആവശ്യമില്ല താനും. പറഞ്ഞുകൊടുക്കുന്നത്, അതെത്ര കുറച്ചായാലും ഖുർആനിൻെറയും ഹദീസിൻെറയും പ്രഭാവത്തിലാവണമെന്നേ നിർബന്ധമു

ള്ളൂ. അതിന്ന് സഹായകമാവുന്ന വ്യത്യസ്ത ഖുർആൻ വ്യാഖ്യാനഗ്രന്ഥങ്ങളും ഹദീസ്-കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും ഞാനുപയോഗിച്ചിട്ടുണ്ട്. സന്ദർഭത്തിന്നനുസരിച്ച് ഗ്രന്ഥത്തിൻെറയോ വ്യക്തിയുടെയോ പേരുകൾ അതാതിടങ്ങളിൽ സ്മരിച്ചിട്ടുമുണ്ട്. അബൂ ബിലാൽ മുസ്ത്വഫാ അൽ കനാദിയുടെ 'സംഗീതവും ഗാനവും' എന്ന ഇംഗ്ലീഷിലുള്ള കൃതി ഇതിൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൂടുതൽ അറിയാനാഗ്രഹിക്കുന്നവർ ഞാനീ ഗ്രന്ഥത്തിൽ പരാമർശിച്ച ഗ്രന്ഥങ്ങളും മറ്റും പരിശോധിക്കട്ടെ.

ഇതിൻെറ രചനക്ക് നേരിട്ടും അല്ലാതെയും സഹായിച്ച ഒട്ടേറെപ്പേരുകളുണ്ട്. ശൈഖ് അബ്ദുസ്സമദ് ബിൻ മുഹമ്മദ് അൽകാതിബിനെ ഇവിടെ പ്രത്യേകം ഓർക്കട്ടെ. മദീനാ യൂനിവേഴ്സിറ്റിയിലെ അധ്യാപകവൃത്തിയിൽ നിന്നും റിട്ടയർ ചെയ്ത് വിശുദ്ധ മദീനയിൽ വിശ്രമ ജീവിതം നയിക്കുമ്പോഴും അദ്ദേഹത്തിൻെറ ദൈനംദിന ജീവിതം തിരക്കുപിടിച്ചതു തന്നെ. രിയാദിൽ നിന്നും ഈ പുസ്തകം വായിച്ചു കേൾപ്പിക്കാനായെത്തിയ എന്നെ പ്രസ്തുത തിരക്കുകൾക്കിടയിലും സ്വീകരിക്കുകയും ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അറബിയിൽ ഒരു കുറിപ്പെഴുതിത്തരികയും ചെയ്തു. കുറിപ്പിൻെറ പ്രധാന ഭാഗം അദ്ദേഹത്തിൻെറ തന്നെ ശൈലിയിൽ തർജ്ജമയും ചെയ്തു

തന്നു. ശൈഖ് അബ്ദുസ്സമദ് സൗദി പൗരനാണെങ്കിലും ജൻമം കൊണ്ട് മലയാളിയാണ്. പിന്തുടർച്ചാവകാശ നിയമം സംബന്ധിച്ച് 1988ൽ അദ്ദേഹം രചിച്ചതും ഇതിനിടെ മൂന്നു തവണ പുന:പ്രസിദ്ധീകരിച്ചതുമായ കിതാബുൽ ഫറാഇദ് (كتاب الفرائض) എന്ന ഗ്രന്ഥം മദീനാ യൂനിവേഴ്സിറ്റിയിലെ പാഠപുസ്തകങ്ങളിലൊന്നാണ്. അദ്ദേഹത്തിന് അല്ലാഹു ദീർഘായുരാരോഗ്യസൗഖ്യം നൽകുമാറാവട്ടെ........ അദ്ദേഹത്തിനും, പകർത്തെഴുത്തിൽ എന്നെ സഹായിച്ച ഉമ്മു ഫുർഖാനും, കവർ ഡിസൈൻ ചെയ്തു തന്ന പകരയിലെ മുസ്തഫ കീഴേപാട്ടിനും സൃഷ്ടികളിൽ അല്ലാഹുവിൻെറ തൃപ്തിക്കു വേണ്ടി വർത്തിച്ച, ഈ രചനക്കു പിന്നിലെ മറ്റെല്ലാ വ്യക്തിത്വങ്ങളിലും അല്ലാഹു അനുഗ്രഹം വർഷിക്കട്ടെ. ഇതൊരു സൽക്കർമ്മമായി അവൻ സ്വീകരിക്കുകയും ചെയ്യട്ടെ. അബദ്ധങ്ങൾ വന്നുപോയെങ്കിൽ അറിയിച്ചു തരണമെന്ന് വിനയപൂർവ്വം അഭ്യർഥിച്ചുകൊണ്ട്- അല്ലാഹുവിൻെറ മഹനീയമായ കാരുണ്യത്തിനും പൊരുത്തത്തിന്നുമായി ഈ ഗ്രന്ഥം സമർപ്പിച്ചു കൊണ്ട് .......

ഹനീഫ് പുല്ലിപ്പറമ്പ്
പി.ബി. 2439,
റിയാദ് . 11451,
സൗദി അറേബ്യ.
**e-mail :** abufurqaan@hotmail.com

റിയാദ്
15.04.2000

## ശൈഖ് അബ്ദുസ്സമദ് അൽകാതിബിന്റെ സന്ദേശം

ABDUSSAMAD M. M. AL-KATHIB
Rtd. from JAMIA ISLAMIA, MADEENA MUNAWARA
P.O. Box : 1234 MADEENA. SAUDI ARABIA
TEL. : 8369504 - 8380450

عبدالصمد بن محمد بن محي الدين الكاتب
المتقاعد من الجامعة الإسلامية بالمدينة المنورة
المدينة المنورة - ص.ب ١٢٣٤ المملكة العربية السعودية
هاتف : ٨٣٨٠٤٥٠ - ٨٣٦٩٥٠٤

بسم الله الرحمن الرحيم

Date : التاريخ : ٢/٨/١٤٢٠هـ

الحمد لله رب العالمين، والصلاة والسلام على أشرف الأنبياء والمرسلين محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين وبعد فإن الأخ المحب في الله حنيف بن عبد الرحمن الريان حضر عندي وقرأ علي رسالته المسماة: (الفن والجمال والغناء في الإسلام) من أولها إلى آخرها فقد أعجبت لفهمه لنصوص الكتاب والسنة ولنقلها إلى لغة قومه في كيرالا في جنوب الهند ولعرضه المواضيع بتناسق وترابط وبأسلوب جذاب وأخاذ، ولذلك أقول إنه لا يستطيع من بدأ في قراءة رسالته هذه أن يذرها حتى ينتهي منها. وإنه قد أوضح في رسالته هذه حدود ما أنزل في كتابه وما بينه الرسول صلى الله عليه وسلم في سنته فيما يتعلق بأنواع اللهو والألحان وكيفية التصرف فيها وما يتعلق بالملابس للرجال والنساء وما ينبغي أن يلتزم به المسلم في لحيته وشاربه وغير ذلك مما يتعلق بالفن والجمال والغناء. فقد أحسن جزاه الله خيرا وزاده هداية وتوفيقا وأسأل الله سبحانه أن يوفقه للاستمرار في هذا السبيل من الرسائل التي تكون أداة لإيقاظ الأمة المسلمة المؤمنة من ويلات هذا العصر، إنه سميع مجيب، وصلى الله وسلم على عبده ورسوله محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين، والحمد لله رب العالمين.

كاتب السطور الراجي عفو ربه:
عبد الصمد بن محمد بن محي الدين الكاتب

٢/٨/١٤٢٠

# സന്ദേശത്തിൻെറ തർജ്ജമ

കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

3- 10 -1420 H
[9-1-2000]

ലോകങ്ങളുടെ നാഥനായ അല്ലാഹുവിന്ന് സർവ്വത്ര സ്തുതി. ദൈവദൂതൻമാരിലും നബിമാരിലും ഉത്തമരായ മുഹമ്മദിലും അവിടുത്തെ കുടുംബങ്ങളിലും സഹചാരികളിലും അന്ത്യനാൾ വരെ നൻമയിൽ അവരെ പിൻപറ്റിയവരിലും അല്ലാഹു ശാന്തിയും അനുഗ്രഹവും വർഷിക്കുമാറാവട്ടെ... എന്നാൽ, അല്ലാഹുവിൽ പ്രിയം വെച്ച സഹോദരൻ ഹനീഫ് ബിൻ അബ്ദുർറഹ്മാൻ അൽ റയ്യാൻ എൻെറ അടുക്കൽ വരികയും അദ്ദേഹത്തിൻെറ "കല, സൗന്ദര്യം, സംഗീതം, ഇസ്‌ലാം" എന്ന പഠനം ആദ്യാവസാനം എനിക്കു വായിച്ചു കേൾപിച്ചു തരികയും ചെയ്തു. കിതാബിലെയും സുന്നത്തിലെയും വാചകങ്ങൾ മനസ്സിലാക്കുന്നതിലും അദ്ദേഹത്തിൻെറ മാതൃഭാഷയിലേക്കു അത് പകർത്തുന്നതിലും അദ്ദേഹം അവലംബിച്ച രീതികളും ക്രമീകരണങ്ങളും, ഹഠാദാകർഷകവും രോമാഞ്ചജനകവുമായ ഭാഷാപ്രയോഗങ്ങളും വിഷയങ്ങ

ളുടെ സമർപ്പണവുമൊക്കെ കണ്ട് ഞാൻ ആശ്ചര്യപ്പെട്ടു പോയി. ഈ പുസ്തകം വായിക്കാനൊരുങ്ങിയ ഒരു വ്യക്തിക്ക് അത് വായിച്ചു തീർക്കാതെ വിരമിക്കാൻ കഴിയില്ലാ എന്ന് ഞാൻ പറഞ്ഞുപോയി. വിവിധയിനം വിനോദങ്ങളും ഉപകരണങ്ങളും അതിൻെറ ഉപയോഗങ്ങളുമായി ബന്ധപ്പെട്ടും സ്ത്രീ പുരുഷൻമാരുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ടും താടിയിലും മീശയിലും ഒരു മുസ്‌ലിം നിർബന്ധമായും ആചരിക്കേണ്ട കാര്യങ്ങളിലും കൂടാതെ കല, സൗന്ദര്യം, സംഗീതം എന്നിവയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും അല്ലാഹു അവൻെറ കിതാബിലും തിരുമേനി(സ) അവിടുത്തെ ചര്യയിലും വ്യക്തമാക്കിത്തന്ന അതിർത്തികൾ ഈ രചനയിൽ അദ്ദേഹം തീർച്ചയായും വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തിന്ന് ഏറ്റവും മെച്ചപ്പെട്ട പുണ്യം നൽകുമാറാവട്ടെ. ഹിദായത്തിലും ഉതക്കത്തിലും അദ്ദേഹത്തിന് വർദ്ധനവും നൽകട്ടെ. ആധുനിക കാലഘട്ടത്തിലെ ദുരന്തങ്ങളിൽ നിന്ന് മുസ്‌ലിംകളും സത്യവിശ്വാസികളുമായ സമുദായത്തെ മോചിപ്പിക്കാനുപയുക്തമായിത്തീരുന്ന ഇത്തരത്തിലുള്ള പരിശ്രമങ്ങൾ തുടർന്നും നിർവ്വഹിക്കാൻ അദ്ദേഹത്തിന് ഉതക്കം ചെയ്യുണേയെന്ന് ഞാൻ പരിശുദ്ധനായ അല്ലാഹുവോടപേക്ഷിക്കുന്നു. നിശ്ചയം അവൻ എല്ലാം കേൾക്കുന്നവനും പ്രതികരിക്കുന്നവനുമാണല്ലോ... അ

ല്ലാഹു, അവന്റെ അടിമയും ദൂതരുമായ മുഹമ്മദിലും അവിടുത്തെ കുടുംബങ്ങളിലും സഹചാരികളിലും അന്ത്യ നാൾ വരെ നൻമയിൽ അവരെ പിൻപറ്റിയവരിലും ശാന്തിയും അനുഗ്രഹവും വർഷിക്കുമാറാവട്ടെ. ലോകങ്ങളുടെ നാഥനായ അല്ലാഹുവിന്ന് സർവ്വസ്തുതിയും.

അല്ലാഹുവിന്റെ പൊരുത്തം കാംക്ഷിക്കുന്ന വിധേയൻ അബ്ദുസ്സമദ് ബിൻ മുഹമ്മദ് ബിൻ മുഹ്‌യുദ്ദീൻ അൽകാതിബ്

ഒപ്പ്

3- 10- 1420 H

# വിനോദവാർത്തകൾ

അല്ലാഹു പറഞ്ഞതുകൊണ്ടു തന്നെ തുടങ്ങാം.

وَمِنَ النَّاسِ مَنْ يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَنْ سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا أُولَئِكَ لَهُمْ عَذَابٌ مُهِينٌ [യാതൊരറിവുമില്ലാതെ ദൈവമാർഗ്ഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും, അതിനെ പരിഹാസമാക്കിത്തീർക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത് - ലുഖ്മാൻ : 3].

അറിവില്ലാത്ത ആളുകളുടെ സ്വഭാവങ്ങൾ അത് എത്ര വ്യക്തമായാണ് അല്ലാഹു ജല്ലജലാലുഹു ഇവിടെ പറഞ്ഞു തരുന്നത്! (1) അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നും ജനങ്ങളെ വഴിപിഴപ്പിക്കുന്നവർ. ഇതാണ് ഒന്നാമത്തെ അടയാളമായി പറഞ്ഞിരിക്കുന്നത്. അങ്ങിനെയെങ്കിൽ എന്തായിരിക്കും അതിൻെറ മറുവശം? അറിവുള്ള ആളുകളായിരിക്കും ജനങ്ങളെ സൻമാർഗ്ഗത്തിലേക്കു നയിക്കുക എന്നല്ലേ...!

(2) ദൈവമാർഗ്ഗത്തെ പരിഹാസ്യമാക്കുന്നവർ. അറിവില്ലാത്ത ആളുകളെ സംബന്ധിച്ച് അല്ലാഹു ജല്ലജലാലുഹു അറിയിച്ചു തന്ന രണ്ടാമത്തെ അടയാളം. അവർ

ഇസ്ലാമിനെയും മുസ്ലിംകളെയും അവരുടെ ശരീഅത്തിനെയും ഇസ്ലാമിക വിധിവിലക്കുകളേയും നിയമനിർദ്ദേശങ്ങളെയും അവജ്ഞയോടെ കാണുന്നവരായിരിക്കും. സമൂഹത്തിൽ ആളാവാനും അംഗീകരിക്കപ്പെടാനുമൊക്കെയായി അവരോടൊപ്പം ഒഴുകുന്നവരും അക്കൂട്ടത്തിലുണ്ട്. ഇതെന്തൊരു പഴഞ്ചൻ എന്ന ഭാവേന ഇസ്ലാമിലേക്ക് നോക്കുന്നവരായിരിക്കും അവർ. എന്നാൽ അറിവുള്ള ആളുകളിൽ നിന്ന് ഈ പെരുമാറ്റം ഉണ്ടാവുകയില്ല. ഇസ്ലാമിക ചിഹ്നങ്ങളെ, രീതികളെ ആദരിക്കുന്നിടത്ത് സമൂഹത്തിൻെറ ചായ്വ് എങ്ങോട്ടാണെന്നവർ നോക്കുകയില്ല.

(3) ജനങ്ങളെ വഴിപിഴപ്പിക്കുവാനും ദൈവമാർഗ്ഗത്തെ പരിഹസിക്കുവാനുമായി വിനോദോപാധികൾ വാങ്ങുന്നവർ. അറിവില്ലാത്ത ആളുകളുടെ മൂന്നാമത്തെ അടയാളം! അവ കഥകളോ കവിതകളോ മറ്റു പ്രേമസാഹിത്യങ്ങളോ ആവാം. സംഗീതോപകരണങ്ങളോ കളിയുപകരണങ്ങളോ ആവാം. നാടകങ്ങളോ ചലച്ചിത്രങ്ങളോ നൃത്തനൃത്യങ്ങളോ ആവാം. കലയല്ലേ..., സൗന്ദര്യമല്ലേ എന്നൊക്കെയാവും പറയാനുണ്ടാവുക. അല്ലെങ്കിൽ വിനോദമല്ലേ..., സാഹിത്യമല്ലേ... എന്നൊക്കെയാവും ആശ്വസിക്കുക. സമൂഹത്തിൻെറ ജീവിതോത്ഥാനങ്ങളിൽ പക്ഷെ, ഇവയുടെ പങ്കെന്താണ്?

"لهـو الحديث" നെ വിശദീകരിച്ചുകൊണ്ട് ഇബ്നു അബ്ബാസ് (റ) പറഞ്ഞു: വ്യാജവും സംഗീതവുമാണത് എന്ന്. സ്വഹാബികളിൽ പലരും ഇങ്ങനെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവ്രിൽ ചിലർ സംഗീതത്തെപ്പറ്റി ഏറ്റവും ഗൗരവമേറിയ വിനോദമെന്നും ഏറ്റവും വലിയ അപകടമെന്നും പറഞ്ഞിട്ടുണ്ട്. മുസ്ലിം ഭരണാധികാരികളുടെയും നേതാക്കളുടെയും ഉദാഹരണങ്ങളിലൂടെ അവരത് സ്ഥാപിക്കുന്നു.

സംഗീതം വ്യഭിചാരത്തിൻെറ മന്ത്രമാണ്. കാപട്യത്തിൻെറ ഉൽഭവകേന്ദ്രമാണ്, പിശാചുമായുള്ള പങ്കാളിത്തമാണ്, ബുദ്ധിയുടെ ലഹരിയാണ് എന്നൊക്കെ പറഞ്ഞവരുണ്ട്.

സംഗീതം മനസ്സിന്ന് ആനന്ദം തരുന്നുവെന്നും രോഗശാന്തി നൽകുന്നുവെന്നുമൊക്കെ ചിലർക്കനുഭവങ്ങളുണ്ട്. ചിലരങ്ങിനെ വാദിക്കാറുമുണ്ട്. ഇത് ദൈവീകമായുള്ളതാണെന്നാണ് അവർ ധരിച്ചു വശായിരിക്കുന്നത്. എന്നാൽ അങ്ങിനെയല്ല. പിശാച് അതിൻെറ സുഹൃത്തുക്കൾക്ക് നൽകുന്ന ആനന്ദങ്ങളും ആശ്വാസങ്ങളുമാണ് അവ. നബി(സ) പറയുന്നു: ان الله لم يجعل شفاءكم فيما حرم عليكم "നിഷിദ്ധമാക്കിയതിൽ അല്ലാഹു നിങ്ങൾക്ക് (സത്യവിശ്വാസികൾക്ക്) ശമനം നിശ്ചയിച്ചിട്ടില്ല" എന്ന്. വി

നോദോപാധികൾ വാങ്ങുന്നവരുടെ പരിണതിയെപ്പറ്റി അല്ലാഹു ജല്ലജലാലുഹു പറയുന്നത് നിന്ദ്യമായ ശിക്ഷ അവർക്കുണ്ടെന്നാണ്. തീരെ അനുകമ്പയർഹിക്കാത്ത ഒരു വിഭാഗമായത് കൊണ്ടാണല്ലോ 'നിന്ദ്യമായ ശിക്ഷ അവർക്കല്ലാഹു നിശ്ചയിച്ചത്! അല്ലാഹു കാക്കട്ടെ.

لهو الحديث നെ (വിനോദ വർത്തമാനങ്ങളെ)ക്കുറിച്ച് ചോദിച്ചപ്പോൾ അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) സത്യം ചെയ്തു പറഞ്ഞു: "അത് സംഗീതമാണ്" എന്ന് (ഇബ്നു ജരീർ). മൂന്ന് തവണ ഇതദ്ദേഹം ആവർത്തിച്ചു. وَمَا الْحَيَاةُ الدُّنْيَا إِلاَّ لَعِبٌ وَلَهْوٌ وَلَلدَّارُ الآخِرَةُ خَيْرٌ لِلَّذِينَ يَتَّقُونَ أَفَلا تَعْقِلُونَ [ഐഹിക ജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷ്മാലുക്കൾക്ക് പരലോകമത്രെ ഉത്തമമായത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്? - അൻആം : 32]

# സംഗീതം

വിനോദോപാധികളിൽ ഏറ്റവും മാരകം സംഗീതം തന്നെ. " കൃഷിയെ വെള്ളം പരിപോഷിപ്പിക്കുന്നതുപോലെ സംഗീതം ഹൃദയത്തിൽ കപടവിശ്വാസം വളർത്തുന്നു"വെന്ന് നബി(സ) പറഞ്ഞിട്ടുണ്ട് - (ബൈഹഖി). ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്യുന്നു: നബി (സ) പറഞ്ഞു: ان الله بعثني رحمة للعالمين وهدا للعالمين وامرني ربي عزوجل بمحق المعازف والمزامير والأوثان والصلب وأمر الجاهلية

"ലോകർക്ക് കാരുണ്യമായും ലോകർക്ക് സൻമാർഗ്ഗമായിട്ടുമാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. കൊട്ടുമേളങ്ങളും കുഴൽവാദ്യങ്ങളും വിഗ്രഹങ്ങളും കുരിശുകളും ജാഹിലിയ്യത്തിൻെറ മറ്റു കാര്യങ്ങളും തുടച്ചു നീക്കുവാനും ശക്തനും പ്രതാപിയുമായ എൻെറ റബ്ബ് എന്നോട് കൽപിച്ചിരിക്കുന്നു".

ലോകാനുഗ്രഹിയായ പ്രവാചകൻ(സ) തൻെറ നിയോഗത്തെ കുറിച്ച് നമുക്ക് പഠിപ്പിച്ചു തരുന്നു; നമുക്ക് കാരുണ്യവും സൻമാർഗ്ഗവും സംബന്ധിച്ച ദിശാബോധം നൽകാനാണ് തിരുമേനി(സ) വന്നത് എന്ന്. തുടർന്ന് അല്ലാഹു ജല്ലജലാഹു തന്നോട് കൽപിച്ചതെന്താണെന്നും അവിടുന്ന് പറയുന്നു. കൊട്ടുവാദ്യങ്ങളും ധമ വാദ്യ

ങ്ങളും വിഗ്രഹങ്ങളും കുരിശും ജാഹിലിയ്യാ സമൂഹങ്ങ ളിൽ നിലനിന്നു പോരുന്ന മറ്റുകാര്യങ്ങളുമൊക്കെ മനു ഷ്യ സമൂഹത്തിൻെറ ജീവിതത്തിൽ നിന്ന് നീക്കം ചെയ്യ ണമെന്ന്. എന്നാൽ മുസ്‌ലിം വിചിത്രമായാണ് ജീവിക്കു ന്നത്. തൻെറ നേതാവ് റസൂൽ(സ) പറഞ്ഞത് കൊട്ടും കുരവയും വാദ്യങ്ങളും വിഗ്രഹങ്ങളും തീരെ ഇല്ലാത്ത ഒരു ജീവിത ക്രമമാണ്. സൻമാർഗ്ഗ ചാരിയുടെ, കാരു ണ്യമുള്ളവൻെറ ജീവിതത്തിൽ അതശേഷം പാടില്ല. എന്നല്ല അത് പാടില്ലെന്ന് അയാളോട് കൽപ്പിക്കപ്പെടുക കൂടി ചെയ്തിരിക്കുന്നു! ആ കൽപ്പന ഏറ്റെടുത്ത, അതി ലൂടെ ഇതര സമുദായങ്ങളെയും അതേ കാരുണ്യത്തിലേ ക്കും സൻമാർഗ്ഗത്തിലേക്കും കൊണ്ടുവരാൻ നിയുക്ത നായ വ്യക്തി, അത്തരം ദുരാചാരങ്ങളെ പുൽകുന്നതാ യിട്ടാണ് നാം കാണുന്നത്! ഇതാണ് വിചിത്രം എന്ന് മു കളിൽ സൂചിപ്പിച്ചത്. ഇങ്ങനെ താന്തോന്നിയായി ജീവി ക്കുക മാത്രമല്ല, തൻെറ അഴുക്കു പുരണ്ട ജീവിതത്തി ന്ന് മറയിടാൻ ഇസ്‌ലാമിൻെറ ചായം തേടി നടക്കുക കൂടി ചെയ്യുന്നു അയാൾ! ഉദാഹരിക്കാൻ കുറെ ഖുസ്രു മാരും ഖോജമാരും! ഉദ്ധരിക്കാൻ സംഗീതത്തിൻെറ കു റെ ഉസ്താദുമാരും ദർവേശുമാരും! അങ്ങനെ ഉല്ലസി ക്കാനും ആസ്വദിക്കാനും അയാൾക്ക് ഒട്ടേറെ സാഹച ര്യങ്ങളും മാധ്യമങ്ങളും !

യൂസുഫുൽ ഖർദാവി നാടകത്തെയും അതിലെ പെണ്ണഭിനയത്തെയും അനുകൂലിച്ച് സംസാരിച്ചതിൽ സമാധാനമടഞ്ഞവരുണ്ട്. സംഗീതത്തെ സംബന്ധിച്ചും ഖർദാവി ഇങ്ങിനെ അനുകൂലമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹം പണ്ഡിതലോകത്ത് അറിയപ്പെടുന്ന ആളാണെങ്കിലും ഒറ്റപ്പെട്ട ശബ്ദത്തിന്നുടമയാണ്. അൽ ഗസാലി, ഇബ്നുൽ അറബി, ഇബ്നു ഹസം പോലുള്ള 'സാധാരണ പണ്ഡിതരെ'യാണ് അദ്ദേഹത്തിൻെറ വിധികൾക്ക് പ്രധാനമായും അദ്ദേഹം അവലംബിച്ചു കാണുന്നത്. സംഗീതത്തെ അംഗീകരിച്ച പണ്ഡിതരാണവർ. എന്നാൽ ബുഖാരി, മുസ്‌ലിം, അഹ്മദ്, ഇബ്നു മഊൻ, അബൂദാവൂദ്, അബൂ സുർഅ:, ഇബ്നു അബീ ഹാതിം, ഇബ്നുസ്സ്വലാഹ്, അൽ ഹാഫിദ് അൽ ഇറാഖി, ഇബ്നുൽ ഖയ്യിം, ഇബ്നു തൈമിയ്യ:, ഇബ്നു ഹജർ എന്നിങ്ങനെ യോഗ്യരായ വിശ്വോത്തര ഹദീസു പണ്ഡിതരുടെ മുമ്പിൽ ഖർദാവി അവലംബിക്കുന്ന പണ്ഡിതൻമാരുടെ സ്ഥാനം അത്ര പ്രസക്തമല്ല. സംഗീതത്തെ നിരോധിക്കുന്ന മേൽപറഞ്ഞ ഹദീസു പണ്ഡിതൻമാരെയാവട്ടെ ഖർദാവി ഉദ്ധരിക്കുന്നുമില്ല. സംഗീതത്തെ നിരോധിക്കുന്ന ഹദീസുകളെല്ലാം കള്ള ഹദീസുകളാണെന്ന് പറഞ്ഞവരാണ് ഇബ്നുൽ അറബിയും മറ്റും. ഖർദാവിയുടെ 'അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്‌ലാം' എന്ന ഗ്രന്ഥത്തിലാ

ണ്‌ സംഗീതത്തെയും മറ്റും അനുകൂലിക്കുന്ന പ്രസ്‌താവ ങ്ങളുള്ളത്. 'വിധിവിലക്കുകൾ' എന്ന പേരിൽ മലയാള ത്തിലേക്ക് തർജ്ജമ ചെയ്തത് ഈ ഗ്രന്ഥമാണെന്ന് തോന്നുന്നു. ഖർദാവിയുടെ പ്രസ്തുത ഗ്രന്ഥത്തിൽ വ ന്നു ചേർന്ന ഒട്ടനവധി അബദ്ധങ്ങളെ ചൂണ്ടിക്കാട്ടിക്കൊ ണ്ടും വിമർശിച്ചു കൊണ്ടും ധാരാളം ഗ്രന്ഥങ്ങൾ ഇതി നകം പുറത്തുവന്നിട്ടുണ്ട്. 'അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്‌ലാം'ന് വിശ്വോത്തര ഹദീസു പണ്ഡിതൻ നാസ്വിറുദ്ദീൻ അൽബാനി തയ്യാറാക്കിയ വിമർശന പഠ നം (ബെയ്റൂത്തിൽ പ്രസിദ്ധീകരിച്ചത് - 1978), അൽ ഇലാം ബി നഖ്ദി കിതാബിൽ ഹലാലി വൽ ഹറാം എന്ന ഡോ. സ്വാലിഹ് അലി ഫൗസാൻെറ വിമർശന പഠനം (രിയാദിൽ പ്രസിദ്ധീകരിച്ചത് - 1981), അബ്ദുൽ ഖാദിർ അത്വായുടെ 'ഹാദാ ഹലാൽ വഹാദാ ഹറാം' എന്ന വിമർശന ഗ്രന്ഥം (1975ൽ ബെയ്റൂത്തിൽ പ്രസി ദ്ധീകരിച്ചത്) എന്നിവ ഇതിൽ എടുത്തു പറയേണ്ടവയാണ്.

എന്നാൽ സംഗീതത്തെ വിരോധിക്കുന്ന ബലപ്പെട്ട ഹ ദീസുകൾ ഉന്നത ഹദീസു പണ്ഡിതൻമാർ ക്രോഡീകരി ച്ചിട്ടുണ്ട്. ഇന്നാവട്ടെ ഹദീസിനെ കണ്ടെത്താനും അതി ൻെറ പ്രബലത പരിശോധിക്കാനും സൗകര്യപ്രദമായ മാ ധ്യമങ്ങളും രീതികളും ധാരാളം നിലവിലുണ്ടു താനും.

ഖർദാവി നാടകാഭിനയത്തെ ശരിവെച്ചുവെന്ന് വായിച്ചപ്പോൾ, സംഗീതത്തെ അനുകൂലിക്കാൻ അദ്ദേഹം അവലംബിച്ച പണ്ഡിതരെയാണോർത്തു പോയത്. കരുത്തുറ്റ ഹദീസുകളൊന്നും തെളിവായദ്ദേഹം ഉദ്ധരിക്കുന്നില്ല. സ്വഹാബികളിലും താബിഉകളിലും ഗാനം ശ്രവിക്കുന്ന ഒട്ടേറെപ്പേരുണ്ടായിരുന്നു എന്നദ്ദേഹം പറയുന്നു. ഏതു തരം ഗാനം, എപ്പോഴാണവർ ശ്രവിച്ചത് അതിന്റെ സന്ദർഭമേത് എന്നൊന്നും വിശദീകരിക്കാതെ വിഷയത്തെ അദ്ദേഹം കെട്ടഴിച്ചു വിടുകയാണ് ചെയ്തത്.

ഇമാം ബുഖാരി (റ) ഉദ്ധരിക്കുന്നു: ليكونن من امتي اقوام يستحلون الحر والحرير والخمر والمعازف "വ്യഭിചാരവും (പുരുഷൻമാരുടെ) പട്ടുധാരണവും മദ്യപാനവും സംഗീതോപകരണങ്ങളും അനുവദനീയമാക്കുന്ന ഒരു വിഭാഗം തന്റെ സമുദായത്തിലുണ്ടായിത്തീരു"മെന്ന് പ്രവാചകൻ(സ) പറഞ്ഞിരിക്കുന്നു. തിരുമേനി (സ) മുന്നറിയിപ്പു തന്ന ആ കാര്യങ്ങൾ അവിടുത്തെ സമുദായത്തിൽ പുലർന്നുകൊണ്ടേയിരിക്കുന്നു. ഇബ്നുമാജ: 'കിതാബുൽ ഫിതൻ' എന്ന അധ്യായത്തിലിങ്ങനെ ഉദ്ധരിക്കുന്നു: റസൂൽ (സ) പറഞ്ഞു: ليشربن ناس من امتي الخمر، يسمونها بغير اسمها، يعزف على رؤوسهم بالمعازف والمغنيات "യഥാർഥ പേരല്ലാത്ത പേരു നൽകി മദ്യം കഴിക്കുന്ന ഒരു വിഭാഗം എന്റെ സമുദായത്തിലുണ്ടായിത്തീരും. പാട്ടുകാരികളെ

ക്കൊണ്ടു പാടിപ്പിച്ചും സംഗീതോപകരണങ്ങളുപയോഗിച്ചും അവർ വിനോദവേളകളുണ്ടാക്കും......" ഒട്ടേറെ പണ്ഡിതൻമാർ ഈ ഹദീസിൻെറ പ്രബലത ശരിവെച്ചിട്ടുണ്ട്. ഇതിൻെറ് സത്യസന്ധത അംഗീകരിച്ച പണ്ഡിതൻമാരിൽ ശൈഖ് അൽബാനിയും ഉൾപ്പെടും.

ദഫും വീണയും ചെണ്ടയും തുടങ്ങി സംഗീതത്തെ സഹായിക്കുന്ന എല്ലാ ശബ്ദോപകരണങ്ങളും ഈ ഹദീസിലുൾപ്പെട്ടു. ഇമാം അഹ്മദ് തൻെറ 'മുസ്നദി'ൽ ഇങ്ങിനെ ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു: ان الله حرم علي اوحرم الخمر والميسر والكوبة وكل مسكر حرام "നിശ്ചയം, മദ്യവും ചൂതും കൂബയും അല്ലാഹു എനിക്ക് വിരോധിച്ചു. അഥവാ അല്ലാഹു ഹറാമാക്കി. എല്ലാ ലഹരി വസ്തുക്കളും ഹറാമാക്കി". എന്താണ് കൂബയെന്ന് അപ്പോൾ ചോദിക്കപ്പെട്ടു. الطبل (തബല)യാണെന്നായിരുന്നു ഉത്തരം. 'മുസ്നദി'ലെ മറ്റൊരു ഉദ്ധരണിയിൽ 'തബലയും വീണയും' എന്നുകൂടിയുണ്ട്. (മുസ്നദ് : വാള്യം 2). മതത്തിൽ ഇത് ഇത്രത്തോളം ഗൗരവമായിരുന്നിട്ടും മതാനുയായികൾ ഭൗതികാഡംബരങ്ങളുടെ ആലസ്യത്തിൽ ആണ്ടുകിടക്കുകയാണ്. എത്രത്തോളമെന്നോ! ഖുർആനിൻെറ ആയത്തുകൾക്കു വരെ സംഗീതം നൽകി ആലപിക്കുന്ന മാപ്പിളപ്പാട്ടുകളുടെ ലോകത്താണ് നാമിന്നു ജീവിക്കുന്നത്!

തൻെറ കരവലയത്തിൽ കിടന്ന് ആത്മാവ് പിരിഞ്ഞ ഇബ്‌റാഹീമെന്ന പൈതലിൻെറ മയ്യത്ത് പതിയെ താഴെ വെച്ച് കണ്ണുനീർ തൂകിയ പ്രവാചകൻ(സ)യോട് ഒരു സ്വഹാബി ചോദിച്ചു: 'പ്രവാചകരേ, അങ്ങ് കരയുകയാണോ? റസൂൽ(സ) അതിന്നു പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. اني لم انه عن البكاء ولكني نهيت عن صوتين احمقين فاجرين: صوت عند نغمة لهو ولعب، ومزامير الشيطان، وصوت عند مصيبة، لطم وجوه وشق جيوب، وهذه رحمة، ومن لا يرحم لا يرحم "കരയുന്നതിനെയല്ല ഞാൻ വിലക്കിയത്. മനോമാന്ദ്യമുണ്ടാക്കുന്നതും പാപപൂർണ്ണവുമായ രണ്ടു ശബ്ദങ്ങളെയാണ് ഞാൻ വിലക്കിയത്. പൈശാചികമായ ധമവാദ്യങ്ങളും കൊട്ട്, കുഴലൂത്ത് തുടങ്ങിയ സംഗീതോപകരണങ്ങൾ കൊണ്ടുള്ള ആലാപനവുമാണ് ഒന്ന്. (മറ്റൊരു ശബ്ദമാവട്ടെ) ദുരിതം വന്നുചേരുമ്പോൾ മുഖത്തടിച്ചും വസ്ത്രങ്ങൾ കീറിപ്പറിച്ചും ശബ്ദമുണ്ടാക്കലാണ്. (എന്നാൽ) ഇതാവട്ടെ (നിങ്ങൾ കാണുന്ന ഈ കണ്ണീരാവട്ടെ) കാരുണ്യമാണ്. കരുണയില്ലാത്തവന്ന് കാരുണ്യം ലഭ്യമാവുകയില്ല" - (ഹാകിം).

നബി(സ)യിൽ നിന്ന് അനസ് ബിൻ മാലിക് (റ) ഉദ്ധരിക്കുന്നു: صوتان ملعونان، صوت مزمار عند نغمة، وصوت ويل عند مصيبة "ശപിക്കപ്പെട്ട രണ്ടു ശബ്ദങ്ങൾ, വിനോദവേളകളിലെ ധമവാദ്യങ്ങളും ദുരന്തവേളകളിലെ അട്ട

ഹാസങ്ങളുമാണ്" (അർറുബാഇയ്യാത്ത് - അബൂബക്കർ അശ്ശാഫിഈ).

പ്രവാചക കാലഘട്ടത്തിൻെറ ശബ്ദമാണ് നാമിവിടെ കേട്ടത്. പിൽക്കാലക്കാരും സംഗീതത്തിൻെറ നിരോധത്തെ ഗൗരവമായിത്തന്നെ പരിഗണിച്ചു. ഈ സമുദായത്തിലെ നാല് ഇമാമുകൾ ഇതിൽ പ്രത്യേകം എടുത്തു പറയേണ്ടവരാണ്. ഇമാം അബൂഹനീഫയും ഇമാം മാലിക്കും മറ്റും ധമവാദ്യങ്ങളും കൊട്ടുവാദ്യങ്ങളും ഹറാമാണെന്ന് പറഞ്ഞപ്പോൾ പ്രസിദ്ധ ശാഫിഈ പണ്ഡിതനായ ഇമാം ഇബ്നുഹജറുൽ ഹൈഥമി (റ) ഇങ്ങിനെ ഉദ്ധരിക്കുന്നു: "സംഗീതം ഹറാമാണ്; ജന്തുക്കളുടെ ശവം പോലെ!"

ശവം ആഹരിക്കുന്നതുപോലെ മ്ലേഛവും ഹറാമുമാണ് സംഗീതം എന്നത്രെ ഇതിൻെറ പൊരുൾ. (ശൈഖ് അർറാഫിഇയുടെ അശ്ശറഉൽ കബീർ, ഇമാം നവവിയുടെ റൗദ: എന്നിവയും ഈ വിഷയത്തിൽ അധിക വായനക്കുപയോഗിക്കുക. സംഗീതത്തെപ്പറ്റി ശാഫിഈ പണ്ഡിതൻമാരുടെ നിലപാട് ഇതിൽ നിന്നറിയാനാവും). സംഗീതമില്ലാത്ത ഗാനാലാപനം പോലും പാടില്ലെന്നാണ് ഇമാം അഹ്മദ് ബിനു ഹമ്പൽ പറഞ്ഞിരിക്കുന്നത്! ലോലമനസ്സുകളിൽ പരിക്കേൽപ്പിക്കുമെന്നതുകൊണ്ടാണത്.

മലയാളത്തിന് ഇദംപ്രഥമമായി ലഭ്യമായ ഒരു ഇസ്ലാമിക ചരിത്ര വീഡിയോ ക്‌ാസറ്റായിരുന്നല്ലോ "ഖുർആനിന്റെ ചരിത്ര ഭൂമിയിലൂടെ" എന്നത്. വളരെ ആവേശത്തോടെയാണ് മുസ്‌ലിംകളതിനെ സ്വീകരിച്ചത്. ഈ വിനീതനും അത് കണ്ടു. എത്ര താൽപര്യത്തോടെയാണോ അതിനെ കാത്തിരുന്നത്; അതത്രയും ക്‌ാസറ്റിന്റെ ആദ്യദൃശ്യത്തോടെ തന്നെ ഇല്ലാതായി. വളരെ മനോവേദനയോടുകൂടിയെ ഒരു വിശ്വാസിക്ക് അത് കണ്ടു തീർക്കാനാവൂ... സംഗീതം അത്രമാത്രം അതിൽ കുത്തിനിറച്ചിരിക്കുന്നു! ഖുർആനിന്റെ ചരിത്രത്തിലും സംഗീതം കുത്തിവെച്ച ഇതിന്റെ നിർമ്മാതാക്കൾ സാധാരണക്കാരല്ല; പണ്ഡിതൻമാരാണ് താനും. ചരിത്രഭൂമിയിലൂടെ വീഡിയോ ക്‌മറ സംഗീതവും മുഴക്കി സഞ്ചരിക്കുന്നു! ചരിത്രം കൂടുതൽ പറയാനുള്ള സന്ദർഭം അന്യഥാ പാഴാക്കിക്കൊണ്ട് ! ഉദാഹരണമായി. ഫറോവയുടെ ശരീരത്തിലൂടെ ക്‌മറക്കണ്ണുകൾ വേഗം കയറിയിറങ്ങുന്നു; പ്രേക്ഷകനോടൊന്നും പറയാതെ. വർഷങ്ങളോളം വെള്ളത്തിൽ കിടന്ന ഫറോവയുടെ ശരീരചർമ്മങ്ങളിൽ അത് ബ്രേക്കിടുന്നില്ല. വിശ്വാസികളായ അനവധി പേരെ ക്രൂശിച്ചു കൊന്ന ശരീരം. ധിക്കാരിയും പരമാധികാരിയെന്ന് ജൽപ്പിച്ചവനുമായ ആ താന്തോന്നിയെപ്പറ്റി പ്രേക്ഷകരോട് ചരിത്രത്തിൽ നിന്നൊന്നും കാര്യമായി പറയാതെ ചരിത്ര

ത്തിലേക്ക് നയിച്ചവൻ നമ്മെ ഇടിമിന്നൽ പോലെ പായിക്കുന്നു. ഫലമോ! ചരിത്രഭൂമിയിലൂടെ സഞ്ചരിക്കുന്നവർക്ക് ഭക്തിയും വിശ്വാസവും ദൈവകോപത്തെ കുറിച്ച് പേടിയും ഉണ്ടാവേണ്ടതിന്ന് പകരം, സംഗീതമാസ്വദിച്ച് കൊണ്ട് ഒരു വിനോദ യാത്ര നടത്തിയ പ്രതീതി മാത്രം ! ഖുർആനിലെ ചരിത്ര സംഭവങ്ങൾ അവതരിപ്പിച്ച സംഗീതമനസ്സുള്ള പണ്ഡിതർ നമുക്ക് നൽകിയത് അതാണ്; അതുമാത്രം !

പറയുമ്പോൾ എല്ലാം പറയണമല്ലോ. കുറച്ചു ദിവസങ്ങൾക്കു മുമ്പ് പ്രസ്തുത ക്ാസറ്റിൻെറ പരിഷ്ക്കരിച്ച പതിപ്പ് ഞാൻ കണ്ടു. ചരിത്ര വിഷയങ്ങൾ കുറച്ചു കൂടി അതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. സംഗീതവും കുറെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ക്ാസറ്റിൻെറ പിന്നണിയിൽ പ്രവർത്തിച്ചവരുടെ മനസ്സിൽ നിന്ന് സംഗീതത്തിൻെറ പിടുത്തം മാത്രം പോയിട്ടില്ല.

# കവിയും കവിതയും

സംഗീതോപകരണങ്ങളുടെ ഉപയോഗവും അതിൻെറ ആസ്വാദനവുമെന്നപോലെത്തന്നെ സൻമാർഗ്ഗം നൽകാത്ത കാവ്യാലാപനങ്ങളും ഇസ്‌ലാം വിരോധിക്കുന്നു. അസാൻമാർഗ്ഗിക സൗന്ദര്യങ്ങൾക്കും സമൂഹം കലയുടെ പരിവേഷം നൽകുന്നുണ്ടല്ലോ. കവിതയെന്നോ, പാട്ടോ ഗാനമോ പദ്യമോ ഗീതമോ കീർത്തനമോ എന്നോ ഒക്കെ പേരിട്ടു വിളിക്കുന്നതിലൊക്കെയും ഈ കലാ വൈകൃതങ്ങൾ കാണാം. പാടുന്നതോ പാരായണം ചെയ്യുന്നതോ **'അനുഗൃഹീത'** കണ്ഠത്തിൻെറ സ്വര നിർഗ്ഗമമെന്ന് വാഴ്ത്തപ്പെട്ടേക്കാം. കലയുടെയോ സൗന്ദര്യത്തിൻെറയോ ആസ്വാദനമെന്ന് പറഞ്ഞേക്കാം. ഇസ്‌ലാമിൻെറ വീക്ഷണം എന്നാൽ അപ്രകാരമല്ല. സമൂഹത്തിന്ന് സമർപ്പിക്കുന്ന നൻമയിലേക്കാണ് അത് നോക്കുന്നത്. നൻമയില്ലെങ്കിൽ പിന്നെ ഇസ്‌ലാം അവിടെ നിന്ന് മുഖം തിരിക്കുന്നു. ആ മതം അതിൻെറ അനുയായികളോടിങ്ങിനെ കൽപ്പിച്ചു: وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلا تَعَاوَنُوا عَلَى الاثْم وَالعُدْوَان وَاتَّقُوا اللَّهَ (പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്ര

മത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക - മാഇദ :2)

ഇത് കൽപ്പനയാണ്. നൻമയുണ്ടോ എങ്കിൽ സഹായവും സഹകരണവും അതിന് നൽകുക. നൻമയില്ലെങ്കിലോ, ഒരു നിലക്കുള്ള ബന്ധവും അതുമായി പാടില്ല. അല്ലാഹു ജല്ലജലാലുഹു നമ്മോട് കൽപ്പിച്ചതെന്തോ അത് നമുക്കെത്തിക്കഴിഞ്ഞു. നാമത് സ്വീകരിച്ചിട്ടുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് അവന്ന് നന്നായറിയാം. അതാണ് അല്ലാഹു ജല്ലജലാലുഹു തുടർന്നു പറഞ്ഞത്: "നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക" എന്ന്. അതല്ല, അവനെ സൂക്ഷിക്കാതെ താന്തോന്നിയായി ജീവിക്കണമെന്നാണോ ഭാവം എങ്കിൽ, പ്രസ്തുത വാക്യം അല്ലാഹു ജല്ലജലാലുഹു ഇങ്ങിനെ അവസാനിപ്പിക്കുന്നു. إِنَّ اللَّهَ شَدِيدُ الْعِقَابِ (തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു). "കഠിനമായ ശിക്ഷ"! മനുഷ്യ സങ്കൽപ്പങ്ങൾക്കുള്ളിലൊതുങ്ങാത്തത്ര കഠോരം ! സൗന്ദര്യത്തിൻെറയും കലയുടെയും പേരിൽ എന്തും ആസ്വദിക്കുന്നവർക്കുള്ള താക്കീത്!

"വെണ്ണ തോൽക്കുമുടലിൽ സുഗന്ധി-
യാമെണ്ണ തേച്ചരയിലൊറ്റ മുണ്ടുമായ്
തിണ്ണമേലമരുമാ നതാംഗി

മുക്കണ്ണനേകി മിഴികൾക്കൊരുത്സവം"

ഹായ്! എന്ത് ഭാവന! ഭാവനക്ക് സൗന്ദര്യമുണ്ട്! എന്നാൽ ഈ ഉത്സവം ഇസ്‌ലാമിൻെറ കണ്ണുകൾക്ക് പാകമാകുമോ? ഇത് പുറപ്പെട്ട മനസ്സെങ്ങിനെ? മാനസിക സംസ്കരണത്തിന് ഇത് നൽകുന്ന സംഭാവനയെന്ത്? ഖുർആൻ പറയുന്നത് നോക്കൂ.... وَالشُّعَرَاءُ يَتَّبِعُهُمُ الْغَاوُونَ. أَلَمْ تَرَ أَنَّهُمْ فِي كُلِّ وَادٍ يَهِيمُونَ. وَأَنَّهُمْ يَقُولُونَ مَا لا يَفْعَلُونَ [കവികളാവട്ടെ, ദുർമ്മാർഗ്ഗികളാവുന്നു അവരെ പിൻപറ്റുന്നത്. (ഭാവനയുടെ) എല്ലാ താഴ്‌വരയിലൂടെയും അവർ അലഞ്ഞു നടക്കുന്നവരാണെന്നും തങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നവരാണ് അവരെന്നും നീ കണ്ടില്ലേ...?-ശുഅറാഅ്: 224-226]. ദുർമ്മാർഗ്ഗികളുടെ നേതാക്കൾ, ഭാവനാലോകത്ത് അലഞ്ഞുനടക്കുന്നവർ, സ്വയം പ്രവർത്തിക്കാത്ത കാര്യങ്ങൾ മറ്റുള്ളവരോട് പറയുന്നവർ എന്നീ വിശേഷണങ്ങളാണ് കവികൾക്ക് ഖുർആൻ നൽകിയത്. ഒരു പുഴയുടെ വക്ക്, ഒരു മലയോരം, ഒരു വനാന്തരം, ഒരു സമുദ്ര തീരം, ഒരു പൂന്തോട്ടം ഇങ്ങിനെ ഏതെങ്കിലും തലങ്ങളിലൂടെ അവർ അപഥസഞ്ചാരം നടത്തിയെന്നിരിക്കും. അല്ലെങ്കിൽ ഇതിലേതെങ്കിലും തുരുത്തിൽ കസേരയിട്ട് ഇരുന്നെന്നിരിക്കും. ഭാവനയങ്ങിനെ അനന്തതകളിലേക്ക് മേഞ്ഞു കയറിപ്പോവും. അതിലെവിടെയോ വെച്ച് അയാളുടെ പേനത്തുമ്പുകൾ 'കല'യും

'സൗന്ദര്യ'വും പടയ്ക്കും. കഥയും കവിതയും നോവലുമായി അത് ജനങ്ങളുടെ വിചാരഭൂമികയിൽ വിസർജ്ജിക്കപ്പെടുകയും ചെയ്യും. ഇതിൽ വല്ല സൻമാർഗ്ഗ നിർദ്ദേശവും അയാൾ സമർപ്പിച്ചിട്ടുണ്ടോ? അയാൾ തന്നെ അത് മൂലം സംസ്കൃതനായിട്ടുണ്ടോ? ഏതൊരു കവിയാണ്, കഥാകൃത്താണ്, തൻെറ രചനയിലൂടെ ലോകത്തിന് സൻമാർഗ്ഗം സമർപ്പിച്ചത്? ഇനി അങ്ങിനെത്തന്നെയെന്ന് വെക്കുക. എന്നാൽ ഏതൊരു കലാകാരനാണ് താൻ സമർപ്പിച്ച സൻമാർഗ്ഗത്തിനൊത്ത് ജീവിച്ചത്?

വർഷങ്ങൾക്കു മുമ്പ് ഭോപ്പാലിൽ ചേർന്ന ഏഷ്യൻ കവി സമ്മേളനത്തിൽ യു.എ.ഇ.ക്കാരിയായ ഒരു കവയിത്രി പങ്കെടുത്തു. ശരീഅത്തിന്നെതിരെ കവിതയെഴുതിയതിന് യു.എ.ഇ. ഗവൺമെൻറ് ഇവരെ ജയിലിലടച്ചിരുന്നു. പിന്നീട് നാടുകടത്തപ്പെടുകയോ ലണ്ടനിലേക്ക് ഒളിച്ചോടിപ്പോവുകയോ ചെയ്ത ഈ സ്ത്രീയെ - ദായിബാ ഖമീസിനെ - ക്കുറിച്ച് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്ത കവി ഡി. വിനയചന്ദ്രൻ ഇങ്ങിനെ സ്മരിക്കുന്നു: "മിക്കപ്പോഴും സിഗരറ്റ് വലിച്ചും ഉൽസാഹപൂർവ്വം ബിയറുകുടിച്ചും സാഗരഘോഷത്തിൽ ആത്മീയ പ്രഭാവം പകർന്നും അവിടെ ഉണ്ടായിരുന്ന ദായിബാ ഖമീസിനെ എൻെറ ഉടപ്പിറന്നോളെപ്പോലെ ഇപ്പോഴും എപ്പോഴും ഓർക്കുന്നു".!

കവിക്ക് ഈ കവയിത്രിയെ തൻെറ ഉടപ്പിറന്നോളെ പ്പോലെ ഇപ്പോഴും എപ്പോഴും ഓർക്കാൻ പ്രേരണ നൽ കുന്ന ഘടകമെന്താണ്? ഇടക്കിടെയുള്ള സിഗരറ്റ് വലിയോ? ഉത്സാഹപൂർവ്വമുള്ള മദ്യപാനമോ? കവികളുടെ കാവ്യ'സാഗര'ത്തിൽ 'ആത്മശോഭ' പകർന്നതോ? ഇങ്ങിനെ അസാൻമാർഗ്ഗിക ജീവിതത്തിന്നുവേണ്ടി തൻെറ ദീനിനെ പരിഹസിച്ചവരെയാണോ അതോ ദീനിലൂടെ ജീവിച്ച് ഇസ്‌ലാമിക സന്ദേശം ലോകത്തിന്ന് സമർപ്പിക്കുന്ന കവികളെയാണോ ഇസ്‌ലാം അംഗീകരിക്കേണ്ടത്?

ഖുർആൻ പറയുന്നത് നോക്കൂ... إِلاَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَات وَذَكَرُوا اللَّهَ كَثِيراً وَانْتَصَرُوا مِنْ بَعْد مَا ظُلِمُوا (വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും തങ്ങൾ ആക്രമിക്കപ്പെട്ടപ്പോൾ പ്രതിരോധ നടപടികൾ എടുത്തവരും ഒഴികെ... -ശുഅറാഅ്: 227) ഒരു കലാകാരൻ സ്വയം ഈ പരിശുദ്ധി ഉള്ള ആളായിരിക്കേണ്ടേ! ദൈവ വിശ്വാസവും ആ വിശ്വാസത്തെ ബലപ്പെടുത്തും വിധം കർമ്മാനുഷ്ഠാനങ്ങളും ഉള്ള ആൾ! ദൈവ സ്മരണ കൊണ്ട് ഭരിതമായ മനസ്സിൻെറ ഉടമ! ഇത്തരം ഒരാളുടെ രചനകളിൽ സൻമാർഗ്ഗമുണ്ടാവും. സൗന്ദര്യമുണ്ടാവും. അതനുഭവിക്കുന്നവരിൽ ദൈവവിശ്വാസം വളരും.

സൻമാർഗ്ഗത്തിലേക്കുള്ള പ്രേരണയുണ്ടാക്കും. ഇത്തരം രചനകളേയാണ് ഇസ്ലാം പ്രോൽസാഹിപ്പിക്കുന്നത്.

ഒരു സുന്ദരമായ കലാരൂപം എന്ന പരിഗണനയേക്കാളേറെ ആശയ സംവേദനത്തിനുപയുക്തമായ ശക്തമായ ഒരു മാധ്യമമാണ്. കവിത. വലിയ വലിയ പരിശ്രമങ്ങൾക്ക് സാധിക്കാത്തത് ഒരു ചെറിയ കവിതക്ക് സാധിച്ചെന്ന് വരും.

പ്രവാചകൻ (സ)യുടെ അനുയായികളിലും കവികളുണ്ടായിരുന്നു. അവരിൽ തിരുമേനിക്ക് ഏറെ ഇഷ്ടപ്പെട്ട കവി പ്രധാനിയായിരുന്നു; ഹസ്സാനുബിൻ സാബിത്ത് (റ). അല്ലാഹുവേ.... പരിശുദ്ധാത്മാവിനാൽ അദ്ദേഹത്തിനു ശക്തി പകരണേ എന്നു തിരുമേനിയുടെ പ്രാർഥന ലഭിച്ച വിശുദ്ധ ദേഹമാണദ്ദേഹം. പ്രവാചകൻ(സ) പറഞ്ഞു: إن من الشعر حكما "തീർച്ചയായും ചില കവിതകളിൽ വിജ്ഞാനങ്ങളുണ്ട്" - ബുഖാരി. ശുഅറാഅ് അധ്യായത്തിലെ 224, 225, 226 വരികൾ ഓതിക്കേട്ടപ്പോൾ പ്രസിദ്ധ കവികളായ ഹസ്സാനുബ്നു സാബിത്, അബ്ദുല്ലാഹിബ്ൻ റവാഹ:, കഅ്ബ് ബിനു മാലിക് എന്നീ സ്വഹാബാക്കൾ ഭയന്നു കരഞ്ഞ് നബി (സ) യുടെ മുമ്പിൽ വരികയുണ്ടായി. അവരെ സാന്ത്വനിപ്പിച്ചു കൊണ്ട് പ്രവാചകൻ (സ) പറഞ്ഞു: انتصروا ولا تقولوا الا حقا

ولا تذكروا الآباء والامهات (നിങ്ങൾ പ്രതിരോധിച്ചു കൊള്ളുക. യഥാർഥമല്ലാത്തതൊന്നും പറഞ്ഞു പോകരുത്. മാതാപിതാക്കളെ - പഴിച്ചുകൊണ്ട് - പരാമർശിക്കുകയുമരുത്") പ്രവാചകൻ (സ) പറഞ്ഞു: إن من البيان لسحرا وإن من العلم لجهلا وإن من الشعر حكما وإن من القول عيالا (ചില വിവരണങ്ങൾക്ക് മാസ്മരികതയുണ്ട്, ചില അറിവുകളിൽ മൗഢ്യമുണ്ട്, ചില കവിതകളിൽ തത്വജ്ഞാനമുണ്ട്, ചില വാക്കുകൾക്ക് ആസ്വാദ്യതയുണ്ട്). ആയിശ (റ) പറയുന്നു: ذكر عند رسول الله (ص) الشعرفقال (ص) هو كلام فحسنه حسن وقبيحه قبيح (ഒരിക്കൽ നബി(സ)യുടെ സദസ്സിൽ കവിത സംബന്ധിച്ച പരാമർശമുണ്ടായി. അപ്പോഴവിടുന്ന് പറഞ്ഞു: അത് വചനമാണ്. അതിൽ നല്ലത് നല്ലത്. ചീത്തയായത് ചീത്ത - ദാറുഖുത്നി) നോക്കൂ... എത്ര വ്യക്തമാണ് കവിതയിൽ ഇസ്‌ലാമിന്റെ കാഴ്ചപ്പാട്! അതിന്റെ അതിർത്തികൾ എത്ര സുവ്യക്തം !

എന്നാൽ സ്വന്തം മതത്തെ പരിഹസിച്ചു കൊണ്ടാണ് എഴുതുന്നതോ പറയുന്നതോ ചെയ്യുന്നതെങ്കിൽ ജാതി മതഭേദമന്യേ എല്ലാവരും ആ കവിയേയും കവിതയേയും ഉയർത്തിക്കാട്ടും ! കവി അങ്ങിനെ ആളാവും ! തന്റെ കവിതക്ക് ആളുകളുമാവും. ഇതെത്ര എളുപ്പമുള്ള മാർഗ്ഗം !

പ്രഗത്ഭയായ അമേരിക്കൻ കവയിത്രി; 'ഓഹിയോ' വിലെ 'സിൻസെനറ്റി' പട്ടണത്തിൽ ആദ്യമായി Black Art Festival സംഘടിപ്പിച്ച സ്ത്രീ; നിക്കി ഗോവെനി (Nikki Giovanni), തന്റെ Ego Tripping എന്ന കവിതയിലൊരി ടത്ത് ഇങ്ങിനെ ആശ്വസിക്കുന്നു:

"അല്ലാഹുവോടൊത്ത് സ്വർഗ്ഗീയ-
ചഷകം നുണഞ്ഞുകൊണ്ട്
ഞാൻ സിംഹാസനത്തിലിരുന്നു!
എന്നിൽ ഊഷ്മളത വന്നു ചേർന്നു!
എന്റെ ദാഹശമനത്തിന്നായി യൂറോപ്പി-
ലേക്കൊരു ഹിമയുഗത്തെയുമയച്ചു.
എന്റെ മൂത്ത മകളാണ് നിഫിർതിത്തി
എന്റെ പേറ്റുനോവുകളിലെ
കണ്ണുനീരുകൊണ്ട് നൈലുണ്ടായി,
ഞാൻ സുന്ദരിയായ പെണ്ണാകുന്നു...."

രണ്ടു ഭൂഖണ്ഡങ്ങൾക്കുമപ്പുറം അനന്തമായി സഞ്ച രിക്കുന്ന സങ്കല്പം ! കറുത്ത വർഗ്ഗക്കാർക്കു ഭൂരിപക്ഷമു ള്ള 'ടെന്നിസി' സ്റ്റേറ്റിൽ 'നോക്സവില്ലെ' പട്ടണത്തിൽ നിന്നുള്ള ഈ കൃസ്തീയ യുവതി, ഈജിപ്തിലെ സ്ഫിങ്ക്സിലൂടെയും പിരമിഡുകളിലൂടെയും നൈൽ നദി യിലൂടെയും, ആഫ്രിക്കയുടെ സഹാറാ മരുഭൂമിയിലൂടെ

യും, ഈജിപ്ത് ഭരണാധികാരിയായിരുന്ന അഖ്നാട്ട ൻെറ വിശ്വസുന്ദരിയായ ഭാര്യ നിഫിർതിത്തിയിലൂടെയു മൊക്കെ സഞ്ചരിക്കുന്നു. എന്നിട്ടും മതിവരാതെ ഇസ്‌ലാ മിക വിശ്വാസങ്ങളിലെ അല്ലാഹുവും ഹൗദുൽകൗഥറു മൊക്കെ ഭാവനയിൽ കൊണ്ടു വരുന്നു! അങ്ങിനെ കാ വ്യ രചനയിലൂടെ അവർ രതിസായൂജ്യം കൊള്ളുന്നു! ഈ കവയിത്രിയെ പരാമർശിച്ചുകൊണ്ട് ഏഴെട്ടു വർഷ ങ്ങൾക്കുമുമ്പ് ഈ വിനീതൻ ഒരു ലേഖനമെഴുതിയിരു ന്നു. തൻെറ മാനസോല്ലാസത്തിന് ഇസ്‌ലാമിക വിശ്വാ സങ്ങളിൽ കടിച്ചു നോക്കുകയാണവർ.

എന്നാൽ സ്വന്തം മതത്തെ പരിഹസിക്കുന്നവർക്കു സ്വ ന്തം മതത്തിൽ നിന്നു തന്നെ പ്രോൽത്സാഹനം നൽ കാൻ ആളുകളെ കിട്ടുന്നുവെന്നതാണ് ഖേദകരം. ഈ കവികളുടെ രചനകൾ പ്രസിദ്ധീകരിക്കാൻ, അങ്ങിനെ സർവ്വമാനമായ സമൂഹത്തിലേക്കും അതെത്തിക്കാൻ സ്വ ന്തം മതക്കാർ നടത്തുന്ന പത്രമാസികകൾ വേണ്ടുന്ന സഹായം ചെയ്തുകൊടുക്കുന്നുവെന്ന് കൂടി അറിയു മ്പോഴോ! എങ്കിലീ സമുദായത്തിൻെറ ഗതി പരിതാപകര മല്ലേ! ഇതിവിടെ കുറിക്കുമ്പോൾ വേദനിക്കുന്ന മറ്റൊരു ഓർമ്മ എന്നിൽ തികട്ടി വരുന്നു.

സ്ത്രീ വർണ്ണനാപരമായ കവിതകൾ കൊണ്ട് പ്രസിദ്ധനായ ഒരു അറബിക്കവി - നിസാർ ഖബ്ബാനി -, ലോക പത്രമാധ്യമങ്ങളെല്ലാം അയാളുടെ കാവ്യ സേവനങ്ങളെ വാഴ്ത്തിപ്പറഞ്ഞു. ഇങ്ങിവിടെ മലയാളത്തിലെ 'മിക്കവാറുമെല്ലാ പത്രങ്ങളും അതിൽ പങ്കാളിയായി. മുസ്‌ലിം മാനേജ്മെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന പത്രങ്ങൾ വരെ, അറിഞ്ഞോ അറിയാതെയോ പ്രസ്തുത വ്യക്തിയുടെ കവിതകളെ പുകഴ്ത്തി.

ഏകദേശം ഇരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ്, രിയാദിൽ നിന്ന് അന്ന് പുറത്ത് വന്നിരുന്ന അൽ ജസീറഃ വാരികയിൽ (ലക്കം 344, 30-3-1391 H) നിസാർ ഖബ്ബാനിയെക്കുറിച്ച് ഒരു ലേഖനം പുറത്തു വന്നു. അതിൻെറ തലക്കെട്ട് ഇതായിരുന്നു. "നിസാർ ഖബ്ബാനി ലോകരക്ഷിതാവായ റബ്ബിനോട് മത്സരിക്കുന്നു"! الدعوة الغـــراء (ലക്കം 299) ലും വന്നു ലേഖനം !" നിസാർ ഖബ്ബാനി തൻെറ കുഫ്റ് പരസ്യപ്പെടുത്തുന്നു" എന്നായിരുന്നു തലക്കെട്ട്. ഈ ലേഖനങ്ങൾക്കൊക്കെ നിദാനം ലബനാനിൽ നിന്ന് പുറത്തിറങ്ങുന്ന മഞ്ഞ മാസികയായ الشبكة (വല)യാണ്. അതിൻെറ 20-ാം ലക്കത്തിൽ നിസാർ ഖബ്ബാനിയുടെ "പ്രേമ സന്ദേശങ്ങൾ" എന്ന കവിത വന്നു. അതിൽ അയാളെഴുതുന്നു:

"കുഫ്റ് ചുമക്കുന്നവനും കാഫിറാകുന്നില്ല!
എന്ത് കൊണ്ടെന്നോ?
നിന്നെ ഞാൻ സ്നേഹിക്കുന്നു!
ആകാശ പാരമ്പര്യത്തിൽ
അസാധാരണമായൊരു കാര്യം
ഉദ്ധരിക്കട്ടെ:
പ്രേമ സത്രങ്ങളിൽ, പ്രഭാതങ്ങളിൽ
മാലാഖമാർ സ്വതന്ത്രരായി
കണ്ടുമുട്ടുന്നു.
അല്ലാഹു തന്റെ കാമുകിയെ
വിവാഹവും കഴിക്കുന്നു.....!"

ഇത്തരം "പരാക്രമ പര്യടനങ്ങൾ" ഇയാളീ കവിതയിൽ ധാരാളം നടത്തുന്നുണ്ട്. ഇയാളെക്കുറിച്ചെഴുതിയവർ ഇത്തരത്തിൽ പെട്ട ഇയാളുടെ മറ്റു കവിതകളെപ്പറ്റിയും ഇപ്രകാരം പറഞ്ഞിട്ടുണ്ട്. എല്ലാം അല്ലാഹുവിന്റെ അസ്തിത്വങ്ങളുമായുള്ള 'പോരാട്ടങ്ങൾ'!

നിസാർ ഖബ്ബാനി പ്രസിദ്ധനായ കവി തന്നെ. കുപ്രസിദ്ധനായ കവി! ശയ്യയുടെ കവി! 'പെൺ' കവി! വിശുദ്ധയായ പെണ്ണിനെക്കുറിച്ചെഴുതുന്ന കവിയല്ല. തെമ്മാടിപ്പെണ്ണിന്റെ കവി! സത്യത്തിൽ നിന്നും പൗരുഷത്തിൽ നിന്നും അകലെ മാറി നീണ്ടു നിവർന്നു കൂർക്കം വലിച്ചുറങ്ങുന്നവൻ. കാഫിറായ ഈ മനുഷ്യൻ ഭാര്യയേയും

കാമുകിയേയുമൊക്കെ അല്ലാഹുവിലേക്കു ചേർത്തു പറഞ്ഞിരിക്കുന്നു! നഊദു ബ്ബില്ലാഹ്! എന്നാൽ അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَأَنَّهُ تَعَالَى جَدُّ رَبِّنَا مَا اتَّخَذَ صَاحِبَةً وَلَا وَلَدًا (നമ്മുടെ റബ്ബിന്റെ മഹത്വം ഉന്നതമാകുന്നു. അവൻ സഹധർമ്മിണിയേയോ സന്താനത്തേയോ സ്വീകരിച്ചിട്ടില്ല - ജിന്ന് : 3) അല്ലാഹു ജല്ല ജലാലുഹു പറയുന്നു: قُلْ هُوَ اللَّهُ أَحَدٌ. اللَّهُ الصَّمَدُ. لَمْ يَلِدْ وَلَمْ يُولَدْ. وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ [(നബിയെ) പറയുക: അല്ലാഹു ഏകനാകുന്നു എന്നതാണ് കാര്യം. ഏവർക്കും ആശ്രയമായിട്ടുള്ള അല്ലാഹു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്താനമായി) ജനിച്ചിട്ടുമില്ല. അവന്നു തുല്യമായി ആരുമില്ല താനും - ഇഖ്‌ലാസ് : 1-4]

ഈ പറഞ്ഞ ഖുർആൻ വാക്യങ്ങളിലെ ഉദ്ദേശങ്ങൾക്കു വിരുദ്ധമായ വിശ്വാസം വെച്ച് പുലർത്തുന്നവനും പ്രചരിപ്പിക്കുന്നവനും അവിശ്വാസിയാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. സൗദി അറേബ്യ പോലെ ഇസ്‌ലാമിക താത്പര്യങ്ങൾ പരിപാലിക്കുന്നതിൽ സൂക്ഷ്മത കാണിക്കുന്ന രാഷ്ട്രങ്ങൾ ഇയാളുടെ ഗ്രന്ഥങ്ങളും കവിതകളും അതിന്റെ പ്രസിദ്ധീകരണവും മറ്റും വിരോധിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ ചില സഹോദരങ്ങൾ ഈ യുക്തിവാദിയേയും അയാളുടെ പരിശ്രമങ്ങളേയും വാഴ്ത്തിപ്പറയുന്നതിൽ മത്സരിച്ചതായാണ് കണ്ടത്! നഊദു ബില്ലാഹ്!

# അനുവദനീയമായ ആലാപനം

ചില പ്രത്യേക സന്ദർഭങ്ങളിൽ ഗാനാലാപനവും ദഫ് മുട്ടും ഇസ്‌ലാം അനുവദനീയമാക്കിയിട്ടുണ്ട്. യുദ്ധത്തിൽ ഭടൻമാർക്ക് ആവേശം പകരാൻ റസൂൽ(സ) ആലപിച്ച ഗാനങ്ങളെ സംബന്ധിച്ചും ഹദീസുകളിൽ പരാമർശമുണ്ട്. ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നു: ഖൻദഖ് ദിവസത്തിൽ തിരുമേനിയുടെ വയറ് പൊടികൊണ്ട് മൂടുമാറ് അവിടുന്ന് മണ്ണ് ചുമന്ന് നീക്കിയിരുന്നു. അവിടുന്ന് ആലപിച്ചു: "(അല്ലാഹുവെ) നീയല്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് സൻമാർഗ്ഗമുണ്ടാവുമായിരുന്നില്ല. നാം ധർമ്മം ചെയ്യുകയോ നമസ്കരിക്കുകയോ ചെയ്യുമായിരുന്നില്ല. അതിനാൽ പ്രശാന്തിയും സമാധാനവും ഞങ്ങളിൽ നീ ഇറക്കണേ.... (ഞങ്ങളുടെ ശത്രുക്കളെ) ഞങ്ങൾ കണ്ടുമുട്ടുമ്പോൾ ഞങ്ങളുടെ കാലുകളെ ഉറപ്പിച്ചു നിർത്തണേ..." അൻസാറുകളും മുഹാജിറുകളുമായ അവിടുത്തെ അനുചരൻമാർ കിടങ്ങ് (ഖൻദഖ്) കുഴിക്കുമ്പോൾ പാടി: "ജീവിതാന്ത്യം വരെ ഇസ്‌ലാമിൽ നിലകൊള്ളുമെന്ന് മുഹമ്മദുമായി ഉടമ്പടി ചെയ്തവർ ഞങ്ങളാണ്". നബി(സ) അവർക്ക് മറുപടി കൊടുത്തു: അല്ലാഹുവെ.... നിശ്ചയം. പരലോക പുണ്യമല്ലാതെ പു

ന്യമില്ല. അതിനാൽ മുഹാജിറുകളിലും അനസ്വാറുകളി ലും അനുഗ്രഹം നീ ചൊരിയണേ...." (ബുഖാരി).

സൈനികവാദ്യങ്ങളും, വിവാഹം, യുദ്ധം, പെരുന്നാൾ പോലുള്ള വേളകളിലെ സൻമാർഗ്ഗ ഗാനങ്ങൾക്കൊത്ത ദഫ്മുട്ടും മറ്റുമൊക്കെ അപ്രകാരം അനുവദിച്ചവയാണ്.

പെരുന്നാളിന്റെ നാളുകളിൽ മിനായിൽ വെച്ച് രണ്ട് പെൺകുട്ടികൾ ദഫ്മുട്ടി പാട്ടു പാടുകയുണ്ടായി. അബൂ ബക്കർ (റ) ആ കുട്ടികളെ തടഞ്ഞു. പ്രവാചകൻ (സ)യാ വട്ടെ തന്റെ വസ്ത്രം കൊണ്ട് ശരീരമാകെ മൂടിയിരി ക്കുകയായിരുന്നു. തിരുമേനി (സ) തന്റെ മുഖത്തെ വ സ്ത്രം നീക്കി അദ്ദേഹത്തോട് പറഞ്ഞു: دعهما يا أبابكر فإنها أيام عيد "അവരെ വിട്ടേക്കൂ..., അബൂബക്കർ. ഇത് ആഘോഷ ദിവസങ്ങളാണ്"- (ബുഖാരി).

"ഇത് ആഘോഷദിവസങ്ങൾ" എന്ന പദം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. പരിമിതമായ അനുവാദം മാത്രം. എ ന്നാൽ പൊതുവെ അത് വിരോധിക്കപ്പെട്ടതാണ് എന്ന് അബൂബക്കർ (റ)കുട്ടികളെ തടഞ്ഞതിൽ നിന്നും നാം മനസ്സിലാക്കുന്നു.

ഇമാം ബുഖാരി ഉദ്ധരിക്കുന്നു: ആയിശ(റ) പറയുന്നു: പ്രവാചകൻ(സ) എൻറടുക്കൽ വന്നു. (അപ്പോൾ) എന്റെ അരികിലിരുന്നു രണ്ട് കൊച്ചു പെൺകുട്ടികൾ ബുഗാസ്

ഗീതം ആലപിക്കുകയായിരുന്നു. പ്രവാചകൻ(സ) തന്റെ മുഖം തിരിച്ച് അവിടെ കിടന്നു. അബൂബക്കർ (റ) അപ്പോഴവിടെ കടന്നു വന്നു എന്നെ ശകാരിച്ചു കൊണ്ടു പറഞ്ഞു: പ്രവാചകന്റെ സമീപത്ത് പിശാചിന്റെ വീണയോ...? പ്രവാചകൻ (സ) അദ്ദേഹത്തിനു നേരെ തിരിഞ്ഞു കൊണ്ടു പറഞ്ഞു: അവരെ വിട്ടേക്കൂ... (ആയിശ(റ) തുടരുന്നു). പ്രവാചകൻ (സ) ഉറങ്ങിയെന്നായപ്പോൾ ഞാനവരോട് ആംഗ്യം കാണിച്ചതനുസരിച്ച് അവർ പോയി.

മദീനയിൽ ഇസ്‌ലാമിന്ന് മുമ്പ് പരസ്പരം പോരടിച്ചിരുന്ന ഔസ്, ഖസ്റജ് ഗോത്രങ്ങളുടെ വീരപരാക്രമങ്ങളെ പരാമർശിക്കുന്ന ഭാവഗാനമാണ് ബുഗാസ്. പെരുന്നാൾ ദിവസത്തിലായിരുന്നു ഈ കൊച്ചുകുട്ടികൾ ദഫ്ഫുപയോഗിച്ച് ഇതാലപിച്ചിരുന്നത്. അബൂബക്കർ(റ) കാട്ടിയ നീരസം നാം കണ്ടു. പ്രവാചകൻ (സ)യുടെ അനുവാദവും കണ്ടു. ഈ രണ്ടു വ്യത്യസ്ത നിലപാടുകളെ എങ്ങിനെയാണ് നാം സംയോജിപ്പിക്കുക? ദഫ്ഫുപയോഗിച്ച് പാട്ടുപാടൽ പൊതുവേ വിരോധിക്കപ്പെട്ടതാണെന്നല്ലേ? എന്നാൽ പെരുന്നാൾ ദിവസത്തിൽ അതിന്ന് പ്രത്യേകാനുവാദം നൽകപ്പെട്ടിരിക്കുന്നുവെന്നും! ഇത് കുറച്ചുകൂടി വ്യക്തമായി തുടർന്നുള്ള ഹദീസുകളിലൂടെയും നമുക്ക് കാണാനാവും. ഇൻഷാ അല്ലാഹ്.

ഇപ്രകാരം തന്നെ വിവാഹനാളിലും ദഫ്ഫുപയോഗിക്കാൻ അനുവദിക്കപ്പെട്ടിട്ടുണ്ട്. ബുഖാരി, തിർമുദി, നസാഇൗ, ത്വബ്റാനി, ഇബ്നു ഹിബ്ബാൻ എന്നിങ്ങനെയുള്ള ഹദീസു ഗ്രന്ഥങ്ങളിലൊക്കെ ഇത് സംബന്ധിച്ച പരാമർശങ്ങളുണ്ട്.

ആയിശാ (റ) ൽനിന്ന്: പ്രവാചകൻ (സ) പറഞ്ഞു: اعلنوا هذا النكاح واجعلوه في المساجد واضربوا عليه بالدفوف (ഈ വിവാഹം നിങ്ങൾ പരസ്യപ്പെടുത്തുവിൻ. കർമ്മം പള്ളികളിൽ വെച്ചാക്കുവിൻ. ദഫ്ഫ് മുട്ടി ആഘോഷിക്കുകയും ചെയ്യുവിൻ - തിർമുദി, ഇബ്നു ഹിബ്ബാൻ)

മറ്റൊരിക്കൽ ഒരു വിവാഹ ദിവസം പ്രവാചകൻ (സ) ആയിശ(റ)യോടു ചോദിച്ചു: ദഫ്ഫ് മുട്ടി പാട്ടു പാടാൻ ഒരു ചെറിയ പെൺകുട്ടിയെ മണവാട്ടിക്കൊപ്പം അയച്ചില്ലയോ? ഞാൻ ചോദിച്ചു: (ദഫ് മുട്ടി) പറയേണ്ടതെന്താണ്? അപ്പോഴവിടുന്ന് പറഞ്ഞു: അവളിങ്ങനെ പറയട്ടെ:

اتينـــاكم اتينـــاكم    فحيونا نحييكم
ولولا الذهب الأحمر    ما حلت بواديكم
ولولا الحبة السمراء    لم تسمن عذاريكم

“ഞങ്ങൾ വന്നെത്തി ഞങ്ങൾ വന്നെത്തി
മംഗളം നേർന്നല്ലോ ഞങ്ങൾ, മംഗളം നേരട്ടേ നിങ്ങൾ

ചെങ്കനകമില്ലായിരുന്നുവെങ്കിൽ നിങ്ങളുടെ താഴ്‌വര വിജനം
ധാന്യമണികളില്ലായിരുന്നെങ്കിൽ നിങ്ങൾക്ക് കവിൾത്തുടുപ്പുകളും ശൂന്യം"

ഇത്തരത്തിലുള്ള സ്വാഗത ഗാനങ്ങളാണ് പ്രവാചകൻ (സ) അനുവദിച്ചത്. സ്ത്രീകളുടെ അംഗലാവണ്യത്തിൻെറയും കിടപ്പറ മാധുര്യത്തിൻെറയും നീല വരികൾ നിറഞ്ഞ കല്ല്യാണപ്പാട്ടുകളാവരുത് അത്.

മറ്റൊരു സംഭവം നോക്കൂ... ആമിർ ബിൻ സഅദ് (റ) പറയുന്നു: ഖറദ്വ: ബിൻ കഅബ്(റ)യും അബീ മസ്ഊദുൽ അൻസ്വാരി(റ)യും പങ്കെടുത്ത ഒരു കല്യാണത്തിൽ ഞാനും പങ്കെടുത്തു. അവിടെ ചില കൊച്ചു പെൺകുട്ടികൾ പാട്ടുപാടുന്നുണ്ടായിരുന്നു. ഞാനവരോട് ചോദിച്ചു: "അല്ലാഹുവിൻെറ റസൂലിൻെറ സഖാക്കളെ..., ബദറിലെ വീരയോദ്ധാക്കളെ ....,! നിങ്ങളുടെ സമീപത്തുവെച്ചാണോ (ഇവരി) ചെയ്യുന്നത്?!" അവർ പറഞ്ഞു: "നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ, ഇരിക്കൂ. ഞങ്ങൾക്കൊപ്പം കേൾക്കൂ.... താത്പര്യമില്ലെങ്കിൽ നിങ്ങൾക്കു പോകാം. നിശ്ചയം, വിവാഹ വേളകളിൽ വിനോദത്തിന്നുള്ള ആനുകൂല്യം നമുക്കു നല്കപ്പെട്ടിട്ടുണ്ട്."

പൊതുവായ വിരോധത്തിൻെറ ധ്വനിയാണ് ആമിർ (റ)ൽ നിന്ന് നാം കേട്ടത്. എന്നാൽ, വിവാഹത്തിൽ പ്രത്യേകമായ ആനുകൂല്യമുണ്ടെന്ന് അബീ മസ്ഊദ് (റ)ൽ നിന്നും നാം മനസ്സിലാക്കി. ഇതും പെൺകുട്ടികൾക്കു മാത്രം. പുരുഷൻമാർക്ക് അത് ബാധകമേ അല്ല. വിവാഹാഘോഷത്തിൻെറ ഭാഗമായ ദഫ് മുട്ടും ഒപ്പനയും സ്ത്രീകൾക്കും അനുവദിച്ചു; സ്ത്രീകൾക്കു മാത്രം ! ഇമാം അഹ്മദ് ബിൻ ഹമ്പൽ, ത്വബ്റാനി, മുബാറക് പൂരി, ഇബ്നുതൈമിയ്യ: പോലുള്ളവർ അക്കാര്യം ശക്തമായി പറഞ്ഞിട്ടുണ്ട്.

സ്വാഗത ഗാനങ്ങളിലും സ്ത്രീകൾക്ക് ഈ ആനുകൂല്യം നൽകിയിട്ടുണ്ട്. വേണ്ടപ്പെട്ടവർ, തങ്ങൾക്കു ആഹ്ളാദം പകർന്നു തിരിച്ചെത്തുമ്പോൾ അവരെ വരവേറ്റുകൊണ്ട്, നിർദോഷ വരികളുപയോഗിച്ചുള്ള ആലാപനമാണിത്.

പ്രവാചകൻ(സ) യുദ്ധം കഴിഞ്ഞ് വിജയശ്രീലാളിതനായി തിരിച്ചെത്തിയാൽ തിരുമേനി(സ)ക്കു മുമ്പിൽ വെച്ച് ദഫ് മുട്ടും എന്ന് നേർച്ച നേർന്ന ഒരു സ്ത്രീയെ കുറിച്ച് അബൂദാവൂദും മറ്റും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. താൻ നേർന്ന ഈ നേർച്ചയെ കുറിച്ച് പ്രസ്തുത സ്ത്രീ തി

രുമേനി(സ)യോട് ആരാഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: "നിൻെറ നേർച്ച നീ പൂർത്തിയാക്കുക".

യുദ്ധം കഴിഞ്ഞ് സുരക്ഷിതനായി തിരിച്ചെത്തിയാൽ പ്രവാചകൻ (സ)യുടെ മുമ്പിൽ വെച്ച് ദഫ്ഫടിച്ചു പാട്ടു പാടും എന്ന് നേർച്ചയാക്കിയ കറുത്ത ഒരടിമപ്പെൺകുട്ടിയോടും നബി(സ) പറഞ്ഞത് ഇത് തന്നെ. തിർമുദി ആ സംഭവം റിപ്പോർട്ടു ചെയ്തിട്ടുണ്ട്. തിരുമേനി(സ) അവരോട് പറഞ്ഞു: "നീയങ്ങിനെ നേർച്ചയാക്കിയിട്ടുണ്ടെങ്കിൽ നീ മുട്ടുക; ഇല്ലെങ്കിൽ വേണ്ട". പെൺകുട്ടി ദഫ് മുട്ടാൻ തുടങ്ങി. അബൂബക്കർ (റ) കടന്നു വന്നു. പിന്നെ അലി (റ) വന്നു. തുടർന്നു ഉഥ്മാൻ (റ)യും വന്നു. അപ്പോഴൊക്കെയും ആ കുട്ടി ദഫ്ഫിലടിച്ചു പാടിക്കൊണ്ടേയിരുന്നു. എന്നാൽ ഉമർ(റ) കടന്നു വന്നപ്പോൾ കുട്ടി ദഫ് പിന്നിലേക്കെറിഞ്ഞ് അതിൻമേലിരുന്നു കളഞ്ഞു! തിരുമേനി (സ) അപ്പോൾ പറഞ്ഞു: "ഉമറേ.... നിശ്ചയം, താങ്കളെ പിശാച് നന്നായി പേടിക്കുന്നു".

ഈ സംഭവം വായനക്കാരനെ ഇരുത്തി ചിന്തിപ്പിക്കട്ടെ. ഇതൊരു പ്രോത്സാഹിപ്പിക്കത്തക്ക സംഗതിയല്ലെന്നും എന്നാൽ പ്രവാചകൻ (സ) യുദ്ധത്തിൽ വിജയം വരിച്ചു തിരിച്ചു വന്നപ്പോൾ സന്തോഷപ്രകടനമെന്ന നിലക്ക് ദഫ്ഫടിച്ചു പാടും എന്ന് നേർച്ചയാക്കിയ കുട്ടിയോ

ട് നേർച്ച വീട്ടാനനുവദിക്കുകയാണ് പ്രവാചകൻ(സ) ചെയ്തതെന്നും മനസ്സിലാക്കാൻ കൂടുതൽ വിശദീകരണം വേണമോ?

തബൂക്കിൽ നിന്ന് വിജയശ്രീലാളിതനായി തിരുമേനി (സ) തിരിച്ചു വന്നപ്പോഴും വരവേൽപു ഗാനമാലപിക്കപ്പെട്ടു. എന്തിനേറെ! അൻസാറുകളുടെയും, ഇസ്‌ലാമിൻെറ തന്നെയും മനസ്സുകളിൽ കുളിരു പോലെ പെയ്തിറങ്ങിയ പ്രവാചകൻ(സ) യുടെ മദീനയിലേക്കുള്ള യാത്ര! സ്ത്രീകളും കുട്ടികളും കൈക്കുഞ്ഞുങ്ങൾ പോലും പ്രവാചകൻ(സ)നെയും സ്വഹാബത്തിനേയും സ്വീകരിക്കാൻ അതിർത്തിക്കുമപ്പുറത്തേക്ക് ഇറങ്ങിപ്പുറപ്പെട്ട രോമാഞ്ചജനകമായ രംഗം....! അവർ പാടി....

طلع البدر علينا    من ثنيات الوداع
وجب الشكر علينا    ما دعا لله داع

"വദാ കുന്നുകളിലൂടെ പൗർണ്ണമി ഞങ്ങളിലുദിച്ചു
അല്ലാഹുവോടർഥിക്കുന്നവൻെറ തേട്ടങ്ങളിലെല്ലാം
കൃതജ്ഞത ഞങ്ങൾക്കു കടമയുമായി" നോക്കൂ ഈ വരികൾ!! എത്ര സത്യസന്ധം ! എന്ത് മനോഹരം !

അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ)ൻെറ സുഹൃത്തും പ്രസിദ്ധ താബിഇയുമായ ഖാദി ശുറൈഹ് (റ), ദഫ്ഫടി

ക്കുന്ന ശബ്ദം കേട്ടപ്പോൾ പറഞ്ഞു: "ദഫ്ഫുള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുകയില്ലാ" എന്ന്. ഇബ്നു മസ്ഊദ് (റ) തന്നെ ഒരിക്കൽ ഒരു വഴിയിൽ ദഫ്ഫുപയോഗിച്ചു പാട്ട്പാടുന്ന ഒരു സംഘം പെൺകുട്ടികളെ കണ്ടപ്പോൾ അവരിൽ നിന്നത് വാങ്ങി നശിപ്പിച്ചു കളഞ്ഞതായി ഇബ്നു അബീ ശൈബ: റിപ്പോർട്ടു ചെയ്തിട്ടുണ്ട്. പൊതുവായ വിരോധവും പ്രത്യേകമായ അനുവാദവും വായനക്കാരെ ഉണർത്താനാണ് ഇത്രയൊക്കെ പറഞ്ഞത്; അനുവദിക്കപ്പെട്ട പരിമിതമായ സന്ദർഭങ്ങൾ ഓർത്തു വെക്കാൻ കൂടിയും. ബുദ്ധിമാൻമാർ ഇതിൽ നിന്ന് തിരിച്ചറിവ് നേടട്ടെ-.

## ഖുർആനും സംഗീതവും

എന്നാൽ യാതൊരു സംഗീതത്തിൻെറയും മേമ്പൊടിയില്ലാതെ സുന്ദരമായി ആലപിക്കാൻ കഴിയുന്നതും ഗദ്യലോകത്തും പദ്യലോകത്തും ഉന്നതമായ സാഹിത്യനഭസ്സുകളിലും അത്യുജ്ജ്വലവും മനോഹരവുമായി നിലകൊള്ളുന്ന ഒരു ഗ്രന്ഥം മുസ്‌ലിംകളുടെ കയ്യിലുണ്ട്. "വിശുദ്ധഖുർആൻ". അർഥമറിഞ്ഞോ അറിയാതെയോ എങ്ങിനെയുമാവട്ടെ, താളബദ്ധമായി അതൊന്നു ചൊല്ലി നോക്കൂ... വിശ്വാസിയുടെ മനസ്സിൽ അത് നനവും തുടിപ്പുമുണ്ടാക്കും. 'അർറഹ്മാൻ' എന്ന അധ്യായം ഒന്നു ചൊല്ലി നോക്കൂ.... ഖുർആനിലെ മണവാട്ടി എന്നാണ് ആ അധ്യായത്തെ പ്രശംസിക്കപ്പെട്ടത്. ഭക്തിയും സൗന്ദര്യവും തുളുമ്പുന്ന വരികൾ! 'അൽ വാഖിഅഃ' എന്ന അദ്ധ്യായം ഒന്ന് ചൊല്ലി നോക്കൂ... പേടിയും ആഹ്ളാദവും മോഹവും ഒക്കെ മാറിമാറി അനുഭവിക്കാനാവുന്ന ഒരധ്യായമാണത്! അബൂഹുറൈറ(റ) റിപ്പോർട്ടു ചെയ്യുന്നു: നബി(സ) പറഞ്ഞു: ليس منا من لم يتغن بالقرآن "ഖുർആൻ രാഗത്തിൽ ചൊല്ലാത്തവൻ നമ്മിൽ പെട്ടവനല്ല" - (ബുഖാരി). താളാത്മകമായി, പാരായണ നിയമത്തിൻെറ നിബന്ധനകൾ പാലിച്ചു കൊണ്ട് നീട്ടിനീട്ടിയോതുമ്പോൾ അത് മനോഹരമായിത്തീർന്നു. നല്ല ശബ്ദവും

കൂടി അതിന്നു വന്നു ചേർന്നാലോ! പ്രവാചകൻ (സ) പറഞ്ഞു: زينوا القرآن بأصواتكم "നിങ്ങളുടെ ശബ്ദങ്ങൾ കൊണ്ട് നിങ്ങൾ ഖുർആനെ അലങ്കരിക്കുക"- (അഹ്മദ്, അബൂ ദാവൂദ്). ഒട്ടേറെ അവിശ്വാസികളെ ഉന്നതരായ സ്വഹാബികളാക്കിയ ഗ്രന്ഥമാണത്. ഒരു പാട് ധിക്കാരികൾക്ക് മാനസാന്തരമേകിയ ഗ്രന്ഥം. ഈയൊരു ഗ്രന്ഥം നമുക്കു മുമ്പിലുണ്ടായിട്ടാണോ ഭാവനയുടെ തീരങ്ങളിൽ മദ്യവും കഞ്ചാവും ബീഡിയും രതിയും ഒക്കെ നുണഞ്ഞ് മേഞ്ഞുനടക്കുന്നവരുടെ പിന്നാലെ പോവുന്നത്? സ്വയം പ്രവർത്തിക്കാത്ത ഇത്തരം ആളുകളുടെ കള്ള വാക്യങ്ങളിൽ കൗതുകം കാണുന്നത്? അതിന്ന് എത്ര 'ഉന്നത' സമ്മാനങ്ങൾ കിട്ടിയാലും ശരി, ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം സൻമാർഗ്ഗ ബോധനം നൽകുന്ന വകകളെന്ന നിലക്ക് അത് സ്വീകരിക്കാനാവില്ല. എത്രയെത്ര മുസ്‌ലിം രാജസദസ്സുകളിൽ ഉപയോഗിച്ചുവെന്നതോ എത്രയെത്ര ഘരാനകളിൽ ആലപിച്ചുവെന്നതോ അങ്ങിനെ പ്രസിദ്ധരായ എത്രയെത്ര ഖോജമാരും ഉസ്താദുമാരും ഖുസ്രുമാരും അംഗീകരിച്ചുവെന്നതോ ഒരു മുസ്‌ലിം നാമധാരിക്ക് യോജിച്ചേക്കാമെങ്കിലും അല്ലാഹുവിലേക്ക് സഞ്ചരിക്കുന്ന യഥാർഥ ഭക്തന്ന് അത് സ്വീകാര്യമായിരിക്കില്ല. എന്തുകൊണ്ടെന്നാൽ ഖുർആനും സംഗീതവും ഒരു ഹൃദയത്തിൽ ഒരുമിച്ചു ചേരുക

യില്ല. ദേഹേച്ഛയെ പിന്തുടരുന്നതിനെ വിലക്കുന്ന ഗ്രന്ഥമാണത്. ഖുർആനിന്റെ മാധുര്യമനുഭവിച്ച ഒരാൾ സംഗീതത്തിൽ നിന്ന് മുഖം തിരിയ്ക്കും. ഖുർആൻ ഒരു പരിചയായി അവനിൽ നിലകൊള്ളും. നാഥാ എനിക്കും ഖുർആനുമിടയിൽ നിന്റെ ശത്രുവിനെ നീ പ്രവേശിപ്പിക്കരുതേയെന്നയാൾ പ്രാർഥിക്കും.

ഈമാൻ എന്നത് കർമ്മവും പറയലും കൊണ്ടാണല്ലോ ഉണ്ടാവുന്നത്. സത്യം പറയലും അല്ലാഹുവിനെയും പ്രവാചകനേയും അനുസരിച്ച് പ്രവർത്തിക്കലുമാണത്. ദൈവസ്മരണയിലൂടെയും ഖുർആൻ പാരായണത്തിലൂടെയുമാണത് സാധിക്കുന്നത്. കപടവിശ്വാസമാവട്ടെ അസത്യം പറയലും അധർമ്മം പ്രവർത്തിക്കലുമാണ്. സംഗീതത്തിൽ നിന്നാണതുടലെടുക്കുന്നത്. നിഫാഖിന്റെ മറ്റടയാളങ്ങൾ ദൈവസ്മരണ കുറയുക, ജമാഅത്തിന്ന് വരുന്നിടത്തും നമസ്കാരത്തിന്ന് നിൽക്കുമ്പോഴുമുള്ള ആലസ്യം, കൊക്കുകൊണ്ട് കൊത്തിയെടുക്കുന്നത് പോലെ നമസ്കാര ചലനങ്ങളെ കൊത്തിവലിച്ചു പൂർത്തിയാക്കുക എന്നിവയൊക്കെ അതിൽ പെടുന്നു. നിഫാഖിന്റെ അടിസ്ഥാനം തന്നെ കള്ളമാണ്. സംഗീതമാവട്ടെ പെരുങ്കള്ളത്തിന്റെ ഗീതമാണ്. നിഫാഖ്, മ്ളേഛത അലങ്കരിപ്പിച്ചു കാണിക്കും. അതിലേക്കു മോഹമുണ്ടാക്കുകയും അതിൽ വ്യാപരിക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്യും.

ചതി, പക, ലുബ്ധ് എന്നിവയൊക്കെ നിഫാഖിൻെറ മറ്റടയാളങ്ങളാണ്. ഗീതവും സ്ഥാപിക്കപ്പെട്ടത് ഇതിൻ മേൽ തന്നെ. സംഗീതക്കച്ചേരികളിൽ ഇതിൻെറ അടയാളങ്ങൾ നമുക്ക് കാണാനാവും. ഇങ്ങിനെയെങ്കിൽ ഖുർആനിൻെറ വരികൾക്കും സംഗീതം നൽകുമ്പോഴോ! സംഗീതം ചാലിച്ച എത്രയെത്ര ഖുർആൻ വരികൾ നമ്മുടെ നാടുകളിൽ നാം കേൾക്കുന്നു. സാധാരണ പാട്ടുകളിലെ വരികൾക്ക് - വ്യാജവാക്യങ്ങൾക്ക് - സംഗീതം നൽകുന്നതിനേക്കാൾ കഠിന കുറ്റമായില്ലേ അത്! എന്തെന്നാൽ സംഗീതം വ്യഭിചാരത്തിൻെറ മന്ത്രവും പിശാചുമായുള്ള പങ്കാളിത്തവുമാണല്ലോ!`

# ദഫ്ഫും ഇസ്‌ലാമും

ദഫ്ഫിലടിക്കുന്ന അപൂർവ്വ സന്ദർഭങ്ങളെക്കുറിച്ച് മുൻ അദ്ധ്യായങ്ങളിൽ പലയിടത്തും സൂചിപ്പിച്ചത് വായനക്കാർ ഓർക്കുന്നുണ്ടാവും. എന്നാൽ ദഫ് മുട്ടൽ അനുവദിക്കപ്പെട്ട അപൂർവ്വ സന്ദർഭങ്ങളിൽ തന്നെ, ദഫ്ഫിനോടൊപ്പം മറ്റു സംഗീതോപകരണങ്ങളും സ്ത്രീ പുരുഷ ഗായകരും സമ്മേളിക്കപ്പെട്ടാൽ അവ മൊത്തത്തിൽ ശ്രവിക്കൽ നിഷിദ്ധമായി. മദ്ഹബിൻെറ ഇമാമുകളും മുസ്ലിം പണ്ഡിതരുമൊക്കെ ഇതിൽ ഏകാഭിപ്രായക്കാരാണ്.

എന്നാൽ വിവാഹവേളയിൽ ദഫ്ഫിലടിച്ച് പാട്ടുപാടുന്നത് പണ്ഡിതൻമാർ വിലക്കുന്നില്ലെന്ന് നേരത്തെ പറഞ്ഞു. ആ പാട്ടിൽ നിഷിദ്ധങ്ങളായതൊന്നും ഉണ്ടാവരുതെന്ന് മാത്രം. അതു തന്നെ വളരെ കുറഞ്ഞ സമയം. സ്ത്രീകളുടെ ഭാഗത്ത് മാത്രം. വിവാഹം പരസ്യപ്പെടുത്തലാണതുകൊണ്ടുദ്ദേശം. ദഫ്ഫിനു പകരം തബലയോ മറ്റു വാദ്യോപകരണങ്ങളോ, ദഫ്ഫു തന്നെ സ്പീക്കർ പോലുള്ള മറ്റു മാധ്യമങ്ങളിലൂടെയോ ഉപയോഗിക്കാൻ പാടില്ല. ദഫ്ഫിലടിച്ച് പാടുന്നതു തന്നെ വളരെ സമയം നീട്ടിക്കൊണ്ടുപോവാനും അനുവാദമില്ല. അത് നമസ്കാരം അതാതിൻെറ സമയങ്ങളിൽ നിർവ്വഹിക്കുന്നതിൽ നി

ന്നും യഥാ സമയം ഉറങ്ങുന്നതിൽ നിന്നും ദൈവസ്മരണ നിലനിർത്തുന്നതിൽ നിന്നും നമ്മെ തടഞ്ഞുനിർത്തും. മുനാഫിഖുകളുടെ (കപട വിശ്വാസികളുടെ) കർമ്മങ്ങളായി അത് പരിണമിക്കുകയും ചെയ്യും. എന്നാൽ പുരുഷൻമാർക്ക് വിവാഹ വേളകളിലാവട്ടെ അല്ലാത്തപ്പോഴാവട്ടെ ദഫ്ഫടിച്ച് പോലും പാടാൻ അനുവാദമില്ല.

## സംഗീതവും മന:ശാന്തിയും

സംഗീതം മന:ശാന്തി പകരുമെന്നാണ് വെയ്പ്. അങ്ങിനെയൊരു ശാന്തിയൊ രോഗശമനമോ നിഷിദ്ധമായ വസ്തുക്കളിലൊന്നും അല്ലാഹു നിക്ഷേപിച്ചില്ലെന്നതാണ് പരമാർഥം. അപ്രകാരമാണ് പ്രവാചകൻ (സ) നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ശരീരത്തിൽ, ബുദ്ധിയിൽ, ചിന്തയിൽ പിശാചുക്കൾ തടസ്സങ്ങളുണ്ടാക്കുകയും അത് രോഗമായനുഭവപ്പെടുത്തുകയും സംഗീതമാസ്വദിപ്പിക്കാനത് പ്രേരണ ചെലുത്തുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. എങ്കിൽ സംഗീതം ആസ്വദിക്കുന്നവർക്ക് സുഖം വന്നുവെന്ന് വരുത്തിത്തീർക്കാനായി പിശാചുക്കൾ സ്വയം സൃഷ്ടിച്ച തടസ്സങ്ങളിൽ നിന്നു മാറി നില്ക്കും. അവർക്ക് ആശ്വാസം പകരുകയും ചെയ്യും. പാവം, ഈ മനുഷ്യനാവട്ടെ സംഗീതം തനിക്ക് മനസ്സുഖവും ആവേശവും തന്നുവെന്ന് തെറ്റിദ്ധരിക്കുന്നു. ഇത്രയേ പിശാചും ഉദ്ദേശിക്കുന്നുള്ളൂ; സംഗീതത്തിൽ രോഗശമനമുണ്ടെന്ന് അവനെ വിശ്വസിപ്പിക്കുക അതിവിടെ 'വിജയിക്കുക'യും ചെയ്തു. ഇതിന്റെ സത്യസന്ധതയിലേക്ക് വെളിച്ചം വീശുന്ന ഒരു പ്രവാചകമൊഴിയിതാ:-

തിരുമേനി(സ) പറഞ്ഞു: إن الشيطان يجري من ابن آدم مجـري الـدم (നിശ്ചയം പിശാച് മനുഷ്യരുടെ രക്തസഞ്ചാരങ്ങളിലൊക്കെ സഞ്ചരിക്കുന്നു - ബുഖാരി, അബൂദാവൂദ്, ദാരിമി, അഹ്മദ്) രക്തധമനികളിൽ രക്തസഞ്ചാരത്തെ തടസ്സപ്പെടുത്താനും പ്രതിസന്ധിയുണ്ടാക്കാനും താളക്രമത്തിന് ഭംഗമുണ്ടാക്കാനും അത് വഴി അവന് കഴിഞ്ഞു. രക്തസഞ്ചാരത്തിലെ പ്രതിബന്ധങ്ങൾ മനുഷ്യനെ അസ്വസ്ഥമാക്കുമല്ലോ. ഈ അസ്വസ്ഥതയെ അവൻ ഭംഗിയായി ചൂഷണം ചെയ്യുകയും അല്ലാഹു ഇഷ്ടപ്പെടാത്തതിലേക്ക് മനുഷ്യനെ ചലിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അവൻെറ ഈ കുതന്ത്രം മനുഷ്യനിൽ ഫലവത്തായാൽ അവൻ സ്വയമുണ്ടാക്കിയ പ്രതിസന്ധിയിൽ നിന്ന് മാറി നില്ക്കുകയും മനുഷ്യൻ സാധാരണ ജീവിതത്തിലേക്കു തിരിച്ചു വരികയും ചെയ്യും. ഈ തിരിച്ചു വരവാവട്ടെ പിശാചിൻെറ തന്ത്രത്തിൽ വിശ്വസിച്ചവനെന്ന നിലക്കുമായിരിക്കും. അല്ലാഹു കാക്കട്ടെ-.

എന്നാൽ ഖുർആൻ എത്ര വ്യക്തമായാണ് അതിൻെറ നിയോഗത്തെ കുറിച്ച് പറഞ്ഞത്. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَنُنَزِّلُ مِنَ الْقُرْآنِ مَا هُوَ شِفَاءٌ وَرَحْمَةٌ لِلْمُؤْمِنِينَ (സത്യവിശ്വാസികൾക്കു ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചു കൊ

ണ്ടിരിക്കുന്നു - ഇസ്റാഅ്: 82) സത്യവിശ്വാസികൾക്ക് കാരുണ്യവും രോഗശാന്തിയും ഖുർആനിലുണ്ടെന്നാണ് ഈ പറഞ്ഞിരിക്കുന്നത്. പക്ഷെ ആർക്ക്? അല്ലാഹു ജല്ല ജലാലുഹു അത് വ്യക്തമാക്കുന്നു; സത്യ വിശ്വാസികൾക്കു തന്നെ! മറ്റൊരു വാക്യം നോക്കൂ...... قُلْ هُوَ لِلَّذِينَ آمَنُوا هُدًى وَشِفَاءٌ (പറയുക: അത് - ഖുർആൻ - സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും ശമനൗഷധുമാകുന്നു - ഫുസ്വിലത്ത് : 44) ഇവിടെയും അക്കാര്യം അല്ലാഹു വ്യക്തമാക്കുന്നു; സത്യവിശ്വാസികൾക്ക് രോഗ ശാന്തിയുണ്ടെന്ന്. മറ്റൊരിടത്ത് അല്ലാഹു ജല്ല ജലാലുഹു പറയുന്നു: يَا أَيُّهَا النَّاسُ قَدْ جَاءَتْكُمْ مَوْعِظَةٌ مِنْ رَبِّكُمْ وَشِفَاءٌ لِمَا فِي الصُّدُورِ وَهُدًى وَرَحْمَةٌ لِلْمُؤْمِنِينَ (മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന്ന് ശമനവും നിങ്ങൾക്കു വന്നു കിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗ്ഗ ദർശനവും കാരുണ്യവും വന്നു കിട്ടിയിരിക്കുന്നു - യൂനുസ് : 57) സദുപദേശം, മനോരോഗത്തിന്ന് ശാന്തി, മാർഗ്ഗ ദർശനം, കാരുണ്യം എന്നീ വിശുദ്ധങ്ങളായ ഗുണങ്ങൾ ഉൾക്കൊണ്ടതാണ് വിശുദ്ധ ഖുർആൻ എന്ന് അല്ലാഹു ഇവിടെ പഠിപ്പിക്കുന്നു. ഇതിൽ ഏതൊന്നാണോ നിങ്ങളന്വേഷിക്കുന്നത്, അതിന്ന് ഖുർആൻ നിങ്ങൾക്ക് ദിശാബോധം തരുന്നു. നിങ്ങൾ സത്യവിശ്വാസികളാണോ, ഖുർആൻ നിങ്ങൾക്ക് മന:ശാന്തിയും തരുന്നു!

# സംഗീതവും പൂർവ്വീകരും

സംഗീതം ഹറാമാണെന്നതിന്ന് പണ്ഡിതൻമാർ ഉദ്ധരിച്ച ഖുർആൻ വാകൃങ്ങൾ പ്രധാനമായും മൂന്നെണ്ണമാണ്.

ഒന്ന്: അല്ലാഹു ജല്ലജലാലുഹു പറയുന്നു: وَاسْتَفْزِزْ مَنِ اسْتَطَعْتَ مِنْهُمْ بِصَوْتِكَ (അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം വഴി നീ ഇളക്കി വിട്ടുകൊള്ളുക - ഇസ്റാഅ് : 64). ഈ പരാമർശത്തിലെ 'നീ' എന്നത് പിശാചാണ്. 'ശബ്ദ'ത്തിന് ഇബ്നു അബ്ബാസ്(റ) നൽകിയ വ്യാഖ്യാനം പാപത്തിലേക്കുള്ള എല്ലാതരം ക്ഷണവും എന്നാണ്. എന്നാൽ അബീഹാതിം, ഇബ്നു ജൗസി, മുജാഹിദ്, അബൂനഈം, ഇബ്നു ജരീർ, ഹസനുൽ ബസ്വരി പോലുള്ള ഖുർആൻ വ്യാഖ്യാതാക്കളൊക്കെ 'ശബ്ദത്തിനു' സംഗീതമെന്നോ കുഴലൂത്തെന്നോ ദഫ്ഫന്നോ ഒക്കെ വിശദീകരിച്ചവരാണ്.

രണ്ട്: അല്ലാഹു ജല്ലജലാലുഹു പറയുന്നു: وَالَّذِينَ لَا يَشْهَدُونَ الزُّورَ وَإِذَا مَرُّوا بِاللَّغْوِ مَرُّوا كِرَامًا (വ്യാജത്തിന്നു സാക്ഷി നിൽക്കാത്തവരും അനാവശ്യവൃത്തികൾ നടക്കുന്നിടത്തുകൂടി പോവുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ടു കടന്നുപോവുന്നവരുമാകുന്നു അവർ - ഫുർഖാൻ : 72). لَا يَشْهَدُونَ الزُّورَ എന്നതിന്ന് വിനോദ സദസ്സുകളിൽ

സന്നിഹിതരാകാത്തവർ, സംഗീതത്തിൻെറ സദസ്സുകളിൽ പങ്കെടുക്കാത്തവർ, സംഗീതം കേൾക്കാത്തവർ, അവിശ്വാസികളുടെയോ ബഹുദൈവ വിശ്വാസികളുടെയോ ആഘോഷങ്ങളിൽ പങ്കെടുക്കാത്തവർ എന്നൊക്കെ വിശ്ദീകരിക്കപ്പെട്ടിട്ടുണ്ട്. "صوت" മായി ബന്ധപ്പെട്ട് ഉദ്ധരിക്കപ്പെട്ട ഖുർആൻ വാക്യത്തിന്നും അപ്രകാരം തന്നെയാണ് വ്യാഖ്യാനങ്ങൾ നൽകിയത്. കൂടാതെ ഥഅ്‌ലബ്, സജ്ജാജ്, ഇബ്നു ഹനഫിയ്യ, കൽബീ, ബഗവീ, ഇബ്നുൽ ഖയ്യിം തുടങ്ങിയ പണ്ഡിതരും മേൽപറഞ്ഞ പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

മൂന്ന് : أَفَمِنْ هَذَا الْحَدِيثِ تَعْجَبُونَ. وَتَضْحَكُونَ وَلَا تَبْكُونَ. وَأَنْتُمْ سَامِدُونَ (അപ്പോൾ ഈ വാർത്തയെപ്പറ്റി നിങ്ങൾ അത്ഭുതപ്പെടുകയും, നിങ്ങൾ ചിരിച്ചു കൊണ്ടിരിക്കുകയും, നിങ്ങൾ കരയാതിരിക്കുകയും, നിങ്ങൾ അശ്രദ്ധയിൽ കഴിയുകയുമാണോ? നജ്മ് : 69-71). ഇതിൽ وَأَنْتُمْ سَامِدُونَ എന്നതിന്ന് വിനോദത്തിൽ കഴിയുകയാണോ, സംഗീതാസ്വാദനത്തിൽ കഴിയുകയാണോ എന്നിങ്ങിനെയുള്ള വ്യാഖ്യാനങ്ങളാണ് നൽകപ്പെട്ടിട്ടുള്ളത്. ഇബ്നു അബ്ബാസ്, ഇബ്നുൽ ജൗസി, ഖുർതുബി, ഇബ്നുൽ ഖയ്യിം തുടങ്ങിയ പണ്ഡിതരൊക്കെ ഈ അർഥത്തിലാണ് വ്യാഖ്യാനിച്ചിട്ടുള്ളത്.

ഒന്നാം ഖലീഫ അബൂബക്കർ സിദ്ധീഖ് (റ) സംഗീതത്തെക്കുറിച്ച് പറഞ്ഞത് 'പിശാചിൻെറ കുഴലൂത്ത്' എന്നാണ്. പ്രവാചക സന്നിധിയിൽ വെച്ചാണ് അദ്ദേഹമിത് പറഞ്ഞത്. ആ പ്രയോഗത്തെക്കുറിച്ച് തിരുമേനി(സ) മറുത്തൊന്നും പറഞ്ഞില്ല. തിരുമേനി (സ)യുടെ ഈ മൗനം ആ പ്രയോഗത്തിന്ന് അംഗീകാരവുമായി.

ഉമർ ഖത്താബ്(റ) കടന്നുവന്നപ്പോൾ ദഫ്ഫ് മുട്ടിയ പെൺകുട്ടി പ്രസ്തുത ഉപകരണം പിന്നിലേക്കിട്ട് അതിൻമേൽ ഇരുന്നുകളഞ്ഞ സംഭവം നേരത്തെ വിവരിച്ചല്ലോ. അപ്പോൾ പ്രവാചകൻ (സ) പറഞ്ഞു: ان الشيطان ليخاف منك يا عمر (ഉമറേ, നിശ്ചയം. പിശാച് താങ്കളെ നന്നായി പേടിക്കുന്നു) ദഫ്ഫ് മുട്ടുന്നിടത്ത് പിശാചിൻെറ സാന്നിധ്യമുണ്ടെന്നല്ലേ ഇത് പഠിപ്പിക്കുന്നത്! മറ്റൊരിക്കൽ ഒരു അബിസീനിയൻ പെണ്ണ് പാട്ടുപാടി വധുവിനെ വരൻെറ വീട്ടിലേക്ക് യാത്രയാക്കുകയായിരുന്നു. ഉമർ(റ) അവിടേക്ക് കടന്നു വന്നപ്പോൾ ആളുകൾ ആ പാട്ടുകാരിയിൽ നിന്നകന്നു മാറി. ഇത് കണ്ട പ്രവാചകൻ (സ) പറഞ്ഞു: اني لأنظر الى شياطين الجن والانس قد فروا من عمر (നിശ്ചയം, മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളിലേക്കു ഞാൻ നോക്കി. അപ്പോഴൊക്കെ അവർ ഉമറിൽനിന്ന് ഓടിയകന്നിട്ടുണ്ട്). മനുഷ്യരിലും ജിന്നുകളിലുമുള്ള പിശാചുക്കളാണ് പാട്ടുകാരികളിൽ ആസ്വാദ്യത

കാണുന്നതെന്നല്ലേ ഇതിലെ പാഠം ! ഉസ്മാൻ ബിൻ അഫ്ഫാൻ (റ) പറയുന്നു: ما تغنيت ولا تمنيت منذ أسلمت (ഞാൻ ഇസ്‌ലാം സ്വീകരിച്ചതു മുതൽ പാട്ടു പാടുകയോ അതിന്നാശിക്കുകയോ ചെയ്തിട്ടില്ല).

നഹ്റുവാനിൽ അലി(റ) ജനങ്ങളോട് ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. വളരെ ദൈർഘ്യമേറിയ ഖുതുബയിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു: "വിനോദ സദസ്സുകൾ ഖുർആൻ വിസ്മരിപ്പിക്കും. പിശാച് സന്നിഹിതനാവും. അവരെ എല്ലാ തിൻമയിലേക്കും അത് ക്ഷണിക്കും". ഖുർആൻ വിസ്മരിക്കപ്പെടുന്ന സദസ്സുകൾ ഏറെ മ്ളേഛമാണെന്നും പിശാചിൻെറ സങ്കേതമാണെന്നുമാണ് അലി(റ) ഇവിടെ ഓർമ്മിപ്പിക്കുന്നത്.

അബൂ നുഐം തൻെറ الحلية എന്ന ഗ്രന്ഥത്തിൽ ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഉദ്ധരിക്കുന്നു: "പ്രവാചകൻ (സ) പറഞ്ഞു: ഇബ്‌ലീസ് റബ്ബിനോട് ചോദിച്ചു: നാഥാ! നീ ആദമിനെ (ഭൂമിയിലേക്ക്) ഇറക്കിയപ്പോൾ അവനിലൂടെ ഗ്രന്ഥങ്ങളും സന്ദേശവാഹകരും ഉണ്ടായിത്തീരുമെന്ന് നീ അറിയിച്ചു കൊടുത്തല്ലോ... ഏതാണ് അവരുടെ ഗ്രന്ഥങ്ങളും സന്ദേശവാഹകൻമാരും? അല്ലാഹു പറഞ്ഞു: അവർക്കു വരുന്ന സന്ദേശവാഹകൻമാർ മാലാഖമാരും അവരിൽ നിന്നുള്ള (ആദം സന്തതി

കളിൽ നിന്നുള്ള) നബിമാരുമാണ്. അവരുടെ ഗ്രന്ഥങ്ങൾ തൗറാത്ത്, ഇഞ്ചീൽ, സബൂർ, ഫുർഖാൻ എന്നിവയാണ്. അപ്പോഴവൻ (ഇബ്‌ലീസ്) ചോദിച്ചു: എന്റെ ഗ്രന്ഥമെതാണ്? അല്ലാഹു പറഞ്ഞു: നിന്റെ ഗ്രന്ഥം പച്ച കുത്തിയ അടയാളമാകുന്നു. നിന്റെ പാരായണം (ഓത്ത്) കവിതയാകുന്നു. നിന്റെ സന്ദേശവാഹകൻ ജോത്സ്യനാകുന്നു. നിന്റെ ആഹാരം അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്തവയെല്ലാമാണ്. നിന്റെ പാനീയം എല്ലാ ലഹരി വസ്തുക്കളുമാണ്. നിന്റെ സംസാരം കളവുകളാണ്. നിന്റെ ഭവനം മലമൂത്ര വിസർജ്ജന സ്ഥലങ്ങളാണ്. നിന്റെ വേട്ടയുപകരണം സ്ത്രീകളാണ്. നിന്റെ വിളിക്കാരൻ ധമവാദ്യങ്ങളാണ്. നിന്റെ മസ്ജിദ് അങ്ങാടികളാണ്."

ഖലീഫമാരുടെയും മറ്റും നിലപാടുകളാണ് നാമിവിടെ കണ്ടത്. സ്വഹാബാക്കളും താബിഉകളും മദ്ഹബീ പണ്ഡിതരുമൊക്കെ കവിതയെയും സംഗീതത്തെയും സംബന്ധിച്ച് അവരുടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇബ്നു മസ്ഊദിന്റെ കാര്യം നേരത്തേ പറഞ്ഞുവല്ലോ; സംഗീതം മനസ്സിൽ കാപട്യം അങ്കുരിപ്പിക്കുമെന്ന്. പ്രസിദ്ധ ശാഫിഈ പണ്ഡിതനും ഖാദിയുമായ മുഹമ്മദ് ബിൻ മുദഫ്ഫിറുശ്ശാമീ, ഇബ്നു മസ്ഊദിനെ ഉദ്ധരിച്ചു പറയുന്നു: الغناء خطبة الزنا (സംഗീതം വ്യഭിചാരത്തി

ൻെറ പ്രഭാഷണമാണ്) എന്ന്. ഇബ്നുൽ ഖയ്യിം (റ) പറയുന്നു. الغناء رقية الزنا (സംഗീതം വ്യഭിചാരത്തിൻെറ മന്ത്രമാണ്). അബീ ദർദാഅ് പറയുന്നു: الشعر مزامير ابليس (ഇബ്‌ലീസിൻെറ കുഴലൂത്താണ് കവിത).

അബ്ദുല്ലാഹിബ്നു ദീനാർ (റ) പറയുന്നു: ഞാൻ അബ്ദുല്ലാഹിബ്നു ഉമർ(റ)നോടൊപ്പം അങ്ങാടിയിൽ പോയി. സംഗീതമാലപിക്കുന്ന ഒരു കൊച്ചു പെൺകുട്ടി യുടെ സമീപത്തുകൂടി കടന്നു പോകവേ അദ്ദേഹം പറ ഞ്ഞു: ان الشيطان لوترك احدا لترك هذه (നിശ്ചയം. പിശാ ചിന്ന് ഉപേക്ഷിക്കാവുന്ന ഒന്നുണ്ടെങ്കിൽ ഇവളെ ഉപേക്ഷി ക്കുമായിരുന്നു).

ദഫ്ഫ്, സംഗീതോപകരണങ്ങൾ, തബല, പുല്ലാങ്കു ഴൽ എന്നിവയെ ഓരോന്നിനെയും ഇമാം ബൈഹഖി (റ) പ്രത്യേകം പ്രത്യേകം എടുത്തുകാട്ടി ഹറാം എന്നു പറയു കയുണ്ടായി.

ആയിശാ(റ) ഒരിക്കൽ തൻെറ സഹോദര പുത്രിമാരു ടെ വീട് സന്ദർശിച്ച സംഭവം ഇമാം ബുഖാരി (റ) ഉദ്ധരി ക്കുന്നുണ്ട്. അവിടെ ഒരാൾ സംഗീതമാലപിക്കുന്നുണ്ട്. തലമുടി ധാരാളമുള്ള ആളായിരുന്നു അയാൾ. സംഗീത ത്തിൻെറ ലഹരിയിൽ അയാൾ തൻെറ തല ചലിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. അയാളെ കണ്ട ആയിശാ(റ) പറ

ഞ്ഞു: ഛെ! പിശാച്. നിങ്ങളയാളെ പുറത്താക്കൂ....! നിങ്ങളയാളെ പുറത്താക്കൂ....! അപ്രകാരം അവരയാളെ പുറത്താക്കി.

ഇബ്നു ഉമർ(റ), റസൂൽ (സ) യിൽ നിന്ന് ഇങ്ങിനെ കേട്ടതായി റിപ്പോർട്ട് ചെയ്യുന്നു: ان الله عزوجل حرم الخمر والميسر والكوبة والغبيراء وكل مسكر حرام (നിശ്ചയം, മദ്യവും ചൂതും തബലയും ബിയറും അല്ലാഹു ഹറാമാക്കിയിരിക്കുന്നു. ലഹരിയുണ്ടാക്കുന്നവയെല്ലാം ഹറാമാക്കിയിരിക്കുന്നു.) ഇവിടെ غبيراء എന്നതിന്ന് ബിയർ എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. യവം, ബാർലി, ചോളം എന്നിവയിൽ നിന്നൊക്കെ ബിയർ ഉണ്ടാക്കുന്നുണ്ട്. غبيراء യാവട്ടെ ചോളത്തിൽ നിന്നുണ്ടാക്കുന്ന പാനീയമാണ്.

ഇബ്നു അബ്ബാസ് (റ)നോട് ഒരാൾ ചോദിച്ചു: "സംഗീതത്തെക്കുറിച്ച് താങ്കൾ എന്തു പറയുന്നു? അത് ഹലാലാണോ അതോ ഹറാമാണോ"? അപ്പോഴദ്ദേഹം പറഞ്ഞു: "അല്ലാഹുവിൻെറ ഗ്രന്ഥത്തിലുള്ളതല്ലാതെ ഞാനത് ഹറാമാണെന്ന് പറയുന്നില്ല". അപ്പോഴയാൾ ചോദിച്ചു: "എന്നാലത് ഹലാലാണോ"? അദ്ദേഹം പറഞ്ഞു: "അത് ഹലാലാണെന്നും ഞാൻ പറയുന്നില്ല". എന്നിട്ടദ്ദേഹം അയാളോട് ചോദിച്ചു: "അന്ത്യനാളിൽ ഹഖും ബാത്വിലും

(സത്യവും വ്യാജവും) കൊണ്ടുവരപ്പെട്ടാൽ അന്ന് സംഗീതം എവിടെയായിരിക്കുമെന്ന് നിനക്ക് കാണാനാവുമോ"? അയാൾ പറഞ്ഞു: "വ്യാജത്തോടൊപ്പമായിരിക്കും". അപ്പോഴയാളോട് ഇബ്‌നു അബ്ബാസ് (റ) പറഞ്ഞു: "നീ പോ. നീ സ്വയം മതവിധി നൽകിക്കഴിഞ്ഞു!" എത്ര മനോഹരമായിരിക്കുന്നു ഇബ്‌നു അബ്ബാസ്(റ)ൻെറ സമർഥനം !

സംഗീതത്തെ സംബന്ധിച്ച പണ്ഡിതരുടെ മൊഴികൾ സംഗ്രഹിച്ചു സമാഹരിച്ചാൽ അത് ഇപ്രകാരമായിരിക്കും.

1. അത് മനസ്സ് ദുഷിപ്പിക്കും.
2. വെള്ളം കൃഷിയെ പരിപോഷിപ്പിക്കുന്നത് പോലെ അത് ഹൃദയത്തിൽ കാപട്യം വളർത്തും.
3. അതല്ലാഹുവിന്ന് അതൃപ്തിയുണ്ടാക്കും.
4. കൃതജ്ഞത നീക്കം ചെയ്തു കളയും.
5. വ്യഭിചാരത്തിൻെറ മന്ത്രമാണ്.
6. അല്ലാഹുവെക്കുറിച്ച സ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും അത് മനുഷ്യനെ തടഞ്ഞു നിർത്തും.

7. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ നിന്നും അത് പിഴപ്പിക്കും.

8. പിശാചിൻെറ കുഴലൂത്ത്.

9. അത് വ്യാജമാണ്.

10. അനാവശ്യ വൃത്തിയാണത്

11. സൗഭാഗ്യത്തെ ധിക്കരിക്കലും ഏറ്റവും വലിയ ഇകഴ്ത്തലുമാണത്.

12. അത് അസത്യമാണ്.

13. പിശാചിൻെറ ശബ്ദമാണത്.

14. അത് പിശാചിൻെറ ഖുർആനാണ്.

15. ഏറ്റവും വിഡ്ഢിത്തമാർന്ന ശബ്ദം.

16. അസാൻമാർഗ്ഗിയുടെ ശബ്ദമാണത്.

17. ഇഹലോകത്തും പരലോകത്തും ശപിക്കപ്പെട്ട ശബ്ദം.

18. ആർത്തനാദത്തിൻെറയും വ്യഭിചാരത്തിൻെറയും പുരുഷൻെറ പട്ടുധാരണാവകാശത്തിൻെറയും ബന്ധു.

19. പിശാചുക്കൾക്ക് ആകർഷണീയത നൽകുന്നത്.

20. മാലാഖമാരെ അകറ്റി നിർത്തുന്നത്.

21. ഇഹപരജീവിതത്തിലെ വിവിധതരം ശിക്ഷകൾക്ക് കാരണമാകുന്നത്.

22. ഇതിനോടുള്ള പ്രതിപത്തി ഖുർആനോടുള്ള വിപ്രതി പത്തി.

23. ലജ്ജ ഇല്ലാതാക്കും.

24. മനുഷ്യത്വത്തിന്റെ തകർച്ച

25. മാറ്റം അനിവാര്യമായ തിൻമ.

സംഗീതത്തെ സംബന്ധിച്ച പണ്ഡിതരുടെ മൊഴികളിലൊക്കെ വിശദീകരിക്കപ്പെടുന്നത് നിഷിദ്ധം എന്ന നിലക്കാണ്. എന്നാൽ വിവാഹവേളയിൽ പാട്ടും ദഫ്മുട്ടും സ്ത്രീകൾക്ക് മാത്രം അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് കൂടി അറിഞ്ഞിരിക്കണം. പെരുന്നാൾ പോലുള്ള മറ്റാഘോഷവേളകളിൽ കൊച്ചു കുട്ടികൾക്കും.

എന്നാൽ ഭാഗികമായനുവദിക്കപ്പെട്ട ഈ ആനുകൂല്യങ്ങൾ തന്നെ പള്ളികളിൽ വെച്ചുള്ള സംഘടിത നമസ്കാരത്തിലേക്ക് പുരുഷൻമാരെ എത്തിക്കുന്നില്ലെങ്കിൽ, നമസ്കാരം യഥാസമയം അനുഷ്ഠിക്കുന്നതിൽ സ്ത്രീപുരുഷൻമാരെ തടയുന്നുവെങ്കിൽ അത് നിഷിദ്ധം തന്നെയെന്ന കാര്യത്തിൽ ആർക്കും ഭിന്നാഭിപ്രായമില്ല.

# സംഗീതത്തിൻെറ പ്രതിഫലം

സംഗീതത്തിൽ നിന്നും കിട്ടുന്ന പ്രതിഫലത്തെക്കുറിച്ചും പണ്ഡിതർ സംസാരിച്ചിട്ടുണ്ട്; ഹറാം തന്നെയെന്ന്. ചോരയും ശവവും നിഷിദ്ധമായത് പോലെത്തന്നെ. ഇപ്രകാരം പറഞ്ഞ പണ്ഡിതൻമാർ അനവധിയുണ്ട്. ഇമാം ഇബ്നുൽ ഖയ്യിം (റ) പറയുന്നു. സംഗീതത്തിൻെറ പ്രതിഫലം ഹറാമിൻെറ പ്രതിഫലമാണ്. അതിനാൽ അത് വാടകക്കെടുക്കൽ നിഷിദ്ധമാണ്. അതിൽ നിന്നുള്ളത് കൊണ്ട് ആഹരിക്കലും നിഷിദ്ധമാണ്; ശവമോ രക്തമോ ആഹരിക്കുന്നതുപോലെ.

ഇസ്ലാമിക വിജ്ഞാനത്തിൻെറ സുഗന്ധം അൽപമെങ്കിലും അനുഭവിച്ചവർ ഈ ഹറാമുകളിൽ നിലകൊള്ളാൻ പാടില്ല. ഇമാം നവവി(റ)യുടെ روضة യിലും ഇമാം റാഫിഈ (റ) തൻെറ العزيز ലും ഇക്കാര്യം വിശദീകരിക്കുന്നുണ്ട്. ഇമാം ഹൈതമി (റ) വീണവായനയെക്കുറിച്ച ശാഫിഈ നിലപാട് ഇങ്ങിനെ വ്യക്തമാക്കുന്നു: “വീണാലാപനം ഹറാമാണ്. എന്ത്കൊണ്ടെന്നാൽ അത് മദ്യപാനത്തിൻെറ അടയാളങ്ങളിൽപെട്ടതാണ്”.

ഇബ്നു മാജ: റിപ്പോർട്ട് ചെയ്യുന്നു: അബീ ഉമാമ:(റ) പറയുന്നു: نهى رسول الله صلى الله عليه وسلم عن بيع

المغنيات، وعن شرائهن وعن كسبهن وعن اكل اثمانهن (ഗായികമാരെ വിൽക്കുന്നതും വാങ്ങുന്നതും അതിൽ നിന്ന് ലാഭമെടുക്കുന്നതും അവരിൽ നിന്നുള്ള മൂല്യം ആഹരിക്കുന്നതും റസൂൽ (സ) നിരോധിച്ചിരിക്കുന്നു).

ഇമാം അഹ്മദ്(റ) തൻെറ മുസ്നദിലും ഇമാം തിർമുദി (റ) തൻെറ ജാമിഇലും പരാമർശിച്ച അബീ ഉമാമ ഉദ്ധരിച്ച മറ്റൊരു ഹദീസിൽ പ്രവാചകൻ (സ) പറയുന്നു: لا تبيعوا القينات، ولا تشتروهن ولا تعلموهن، ولا خير في تجارة فيهن، وثمنهن حرام (പാട്ടുകാരികളെ നിങ്ങൾ വിൽക്കുകയോ വാങ്ങുകയോ അവരെക്കുറിച്ച വിവരം നൽകുകയോ ചെയ്യരുത്. അവരെ കച്ചവടം ചെയ്യുന്നതിൽ പുണ്യമില്ല. അവരെ വിൽപന ചെയ്ത മൂല്യം നിഷിദ്ധവുമാണ്).

പൂർവ്വികരായ ആളുകൾ, വല്ലപ്പോഴും യാദൃശ്ചികമായി ഇത്തരം സംഗീതസാന്നിദ്ധ്യങ്ങളിൽ പ്രവേശിച്ചു പോയാൽ തന്നെ അവരാ നിമിഷം അതിൽ നിന്ന് കുതറി മാറിപ്പോവുമായിരുന്നു. ഇബ്നു ഉമർ(റ)നെപ്പറ്റി നാഫിഅ് (റ) പറഞ്ഞ ഒരു സംഭവം ത്വബ്റാനി (റ) ഉദ്ധരിക്കുന്നുണ്ട്. നാഫിഅ് (റ) പറയുന്നു: "ഞാൻ ഇബ്നു ഉമർ (റ) ൻെറ പിന്നിൽ ഒട്ടകപ്പുറത്തു സഞ്ചരിക്കുകയായിരുന്നു. ധമവാദ്യം വായിക്കുന്ന ഒരു യുവാവിൻെറ സമീപത്തു

കൂടി പോകവേ അദ്ദേഹം ഒട്ടകത്തിന്റെ മുഖത്തടിച്ചു വഴിമാറ്റി വിട്ടു. അദ്ദേഹം കൈവിരലുകൾ തന്റെ ഇരു ചെവികളിലും തിരുകി (എന്നോട്) ചോദിച്ചു: "നീ കേൾക്കുന്നുവോ? നീ കേൾക്കുന്നുവോ"? ആ ശബ്ദം ഇല്ലാതാവുന്നത് വരെ (അദ്ദേഹം ചോദ്യം ആവർത്തിച്ചു). തുടർന്ന് ഞാൻ പറഞ്ഞു: "(ഇപ്പോൾ) ഞാൻ കേൾക്കുന്നില്ല" തുടർന്നദ്ദേഹം (മൃഗത്തെ അവരുടെ) വഴിയിലേക്കു തന്നെ തിരിച്ചു കൊണ്ടുവന്നു. അദ്ദേഹം പറഞ്ഞു: "പ്രവാചകൻ(സ) ഇപ്രകാരം ചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്".

ഇബ്നു മാജ: തന്റെ സുനനിൽ ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു: മുജാഹിദ് (റ) പറയുന്നു: ഞാൻ ഇബ്നു ഉമർ(റ) ന്റെ കൂടെയായിരിക്കവേ (ഒരിക്കൽ) തബലയിലടിക്കുന്ന ശബ്ദം കേട്ടു. അദ്ദേഹം തന്റെ വിരലുകൾ ചെവികളിൽ തിരുകി. പിന്നെ പുറത്തെടുത്തു. ഇപ്രകാരം മൂന്നുതവണ ആവർത്തിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു: "ഇപ്രകാരം പ്രവാചകൻ(സ) ചെയ്തിട്ടുണ്ട്".

ഇനി താബിഉകളുടെ നിലപാടോ! സംഗീതത്തോടും സംഗീതോപകരണങ്ങളോടുമുള്ള അവരുടെ സമീപനം എന്തായിരുന്നുവെന്ന് ഒട്ടേറെപ്പേരുടെ അനുഭവങ്ങൾ നിരത്തിക്കൊണ്ട് അബൂനുഐം (റ) തന്റെ الحلية ൽ വിവരിക്കുന്നുണ്ട്. അതെല്ലാം പകർത്തെഴുതി ഈ ഗ്രന്ഥ

ത്തിൻെറ പേജുകൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നില്ല. അധികവായനയുദ്ദേശിക്കുന്നവർ അത് പരിശോധിക്കട്ടെ-. ഇമാം അബൂ മുഹമ്മദുൽ ബർബരിയുടെ شرح السنة യും ഇമാം ബുഖാരിയുടെ الأدب المفرد ഉം ഒക്കെ ഇവ്വിധം പരിശോധിക്കാവുന്നതാണ്. الحمد لله

മദ്ഹബിൻെറ ഇമാമുകളും സംഗീതത്തെ വെറുത്തവർ തന്നെ. അവരിലൊരാളും അതിനെ അംഗീകരിച്ചില്ല. ഇമാം അബൂ ഹനീഫയുടെ നിലപാടിനെക്കുറിച്ച് ഇബ്നുൽ ജൗസി (റ) പറയുന്നു: സംഗീതാസ്വാദനം പാപമായിട്ടാണദ്ദേഹം പരിഗണിച്ചിരുന്നത്. ഇബ്റാഹീം, ശഅബീ, ഹമ്മാദ്, ഥൗരി പോലുള്ള കൂഫയിലെ എല്ലാ മദ്ഹബിൻെറ ആളുകളും അപ്രകാരം തന്നെ. ബസ്വറയിലെ ആളുകളും അതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല.

അബുത്വയ്യിബ് അത്തബരി, ഇമാം മാലിക് (റ)നെക്കുറിച്ച് പറയുന്നു: സംഗീതവും അത് ശ്രവിക്കലും അദ്ദേഹം തടഞ്ഞു. ഏതെങ്കിലും ഒരു (അടിമ)പ്പെൺകുട്ടിയെ വാങ്ങുകയും അവളിൽ സംഗീതാലാപന സ്വഭാവമുണ്ടെന്നു കണ്ടെത്തുകയും ചെയ്താൽ ലജ്ജാപൂർവ്വം അവളുടെ ഉടമയ്ക്ക് തന്നെ അവളെ തിരിച്ചു കൊടുക്കുമായിരുന്നു.

ഇമാം ശാഫിഈ (റ) പറയുന്നു: സംഗീതം വെറുക്കപ്പെട്ടതും വ്യാജവുമാണ്. ആരതിൽ വ്യാപൃതനാവുന്നുവോ അപ്പോഴവൻെറ സാക്ഷിത്വം തള്ളപ്പെടണം.

പർദ്ദ ധരിച്ചവളോ അല്ലാത്തവളോ, സ്വതന്ത്രയോ അടിമയോ ആരാവട്ടെ, യാതൊരു സ്ത്രീയിൽ നിന്നും സംഗീതം ശ്രവിക്കാൻ പാടില്ലാ എന്നു ശാഫിഈ പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇമാം ശാഫിഈ (റ) പറയുന്നു: പെൺകുട്ടിയുടെ പാട്ട് കേൾപ്പിക്കാനായി അവളുടെ ഉടമ ആളുകളെ വിളിച്ചു കൂട്ടിയാൽ അയാൾ വിഡ്ഢിയും അയാളുടെ സാക്ഷിത്വം തള്ളപ്പെടേണ്ടതുമാണ്. കൂടുതൽ വിശദമായി മനസ്സിലാക്കാനാഗ്രഹിക്കുന്നവർ ഇമാം ശാഫിഈ (റ)യുടെ "أدب القضاء" എന്ന ഗ്രന്ഥം വായിച്ചു നോക്കട്ടെ-.

യസീദ് ബിൻ വലീദ് തൻെറ ജനതയോട് പറഞ്ഞു: ഉമയ്യാ ഗോത്രമേ..... സംഗീതം സൂക്ഷിക്കുക! അത് ലജ്ജ ഇല്ലാതാക്കും. ദേഹേച്ഛ വർദ്ധിപ്പിക്കും. മനുഷ്യത്വം നശിപ്പിക്കും. മദ്യത്തെ പ്രതിനിധീകരിക്കും. നിങ്ങളെ ഉൻമത്തരെപ്പോലെ പ്രവർത്തിപ്പിക്കുകയും ചെയ്യും.

# സംഗീതവും ദാവൂദ് നബി(അ)യും

ദാവൂദ് നബി (അ)ന് 'സബൂർ' എന്നവേദം നൽകിയതിനെക്കുറിച്ച് പരാമർശിച്ചിടത്ത്, വേദപാരായണത്തിലും സ്തോത്രകീർത്തനങ്ങളടങ്ങുന്ന സംഗീതാലാപനങ്ങളിലും ദാവൂദ് നബി (അ) ന് ചില സവിശേഷതകളൊക്കെ ഉണ്ടായിരുന്നതായി ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുണ്ട്. മനുഷ്യ ചരിത്രത്തിലെ ഏറ്റവും സുന്ദരമായ ശബ്ദത്തിൻെറ ഉടമയായിരുന്നു അദ്ദേഹം. എഴുപത് വ്യത്യസ്ത സ്വരങ്ങളിൽ അദ്ദേഹം വേദ പാരായണം ചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിൻെറ സ്വരമാധുര്യം ആസ്വദിക്കാൻ പക്ഷികളും മൃഗങ്ങളും വരെ അന്നപാനീയങ്ങൾ മറന്നു അദ്ദേഹത്തിനു ചുറ്റും വന്നിരിക്കാറുണ്ടായിരുന്നു. കീർത്തനാലാപന വേളയിൽ വാദ്യങ്ങളുപയോഗിച്ചിരുന്നതായും അഭിപ്രായപ്പെട്ടവരുണ്ട്. അതെന്ത് തന്നെയായാലും ഈ സമൂദായത്തിന്ന് ഈ പ്രവാചകനെ - മുഹമ്മദ് (സ) യെ - പിൻപറ്റാനേ തരമുള്ളു. അതിന്നാണ് കൽപ്പിക്കപ്പെട്ടിട്ടുള്ളതും. ആ സമുദായത്തിൽ അനുവദനീയമായ കാര്യങ്ങൾ പലതും ഈ സമുദായത്തിൽ നിഷിദ്ധമാക്കിയിട്ടുണ്ടല്ലോ. ഈ സമുദായത്തിന്ന് അനുവദിച്ച കാര്യങ്ങൾ പലതും ആ സമുദായത്തിന്ന് നിഷിദ്ധവുമായിരുന്നു. ഏക ദൈവ വിശ്വാസത്തിലും

തദനുസാരമുള്ള അനുഷ്ഠാനങ്ങളിലും വിവരണങ്ങളിലുമാണ് പൂർവ്വ പ്രവാചകൻമാരും അവസാന പ്രവാചകനും സാമ്യതയുള്ളത്. ആചാരക്രമങ്ങളിൽ, ജീവിത രീതികളിൽ പൂർവ്വപ്രവാചകൻമാരിൽ നിന്നും അന്ത്യപ്രവാചകന്റെ സമുദായം പല വ്യത്യസ്തതകളും പുലർത്തുന്നുണ്ട്. ഈ പ്രവാചകൻ നമുക്കെത്തിച്ച ശരീഅത്തനുസരിച്ചേ നമുക്ക് ജീവിക്കാൻ പറ്റൂ. ഉമർ (റ)ന്റെ കയ്യിൽ തൗറാത്തിന്റെ പേജുകൾ കണ്ടപ്പോൾ പ്രവാചകൻ (സ) കോപിച്ച കാര്യം ഹദീസുകളിൽ വന്നിട്ടുണ്ട്. അവിടുന്ന് അദ്ദേഹത്തോട് പറഞ്ഞു: "മൂസാ(അ) ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ എന്നെ പിന്തുടരുകല്ലാതെ അദ്ദേഹത്തിന്ന് നിർവ്വാഹമുണ്ടാകുമായിരുന്നില്ല". അപ്രകാരം മറിയമിന്റെ പുത്രൻ ഈസാ (അ) അവസാനകാലത്ത് ഇറങ്ങി വന്നാൽ മുഹമ്മദ്(സ)യുടെ ശരീഅത്തനുസരിച്ചായിരിക്കും വിധി നടപ്പാക്കുക. അല്ലാതെ അദ്ദേഹം കൊണ്ടുവന്ന ഇഞ്ചീലനുസരിച്ചായിരിക്കില്ല. അതിനാൽ പൂർവ്വസമുദായങ്ങൾക്ക് അല്ലാഹു നൽകിയ ശരീഅത്തുകളൊക്കെ മുഹമ്മദ് (സ) യുടെ വരവോടെ ദുർബലമായി. ഇനി മുഹമ്മദ്(സ)യുടെ ശരീഅത്താണ് നാം പിൻപറ്റേണ്ടത്. അന്ത്യനാൾ വരേക്കും അതങ്ങിനെത്തന്നെയായിരിക്കുകയും ചെയ്യും. അൽഹംദുലില്ലാഹ്.

## ചിത്രകലയും ശിൽപകലയും

സംഗീതം പോലെത്തന്നെ സൗന്ദര്യത്തിൻെറയും ആസ്വാദനത്തിൻെറയും പേരിൽ ചർച്ച ചെയ്യപ്പെട്ട കലാരൂപങ്ങളാണ് ശിൽപകലയും ചിത്രകലയും. ആയിശ (റ)ൽ നിന്ന്: നബി(സ) അവരോട് പറയുന്നു: يا عائشة اشد الناس عذابًا عند الله يوم القيامة الذين يظاهون بخلق الله ("ആയിശാ.... അന്ത്യനാളിൽ ഏറ്റവും കടുത്ത ശിക്ഷക്ക് വിധേയമാവുന്ന ജനത അല്ലാഹുവിൻെറ സൃഷ്ടിക്ക് സാദൃശ്യമുണ്ടാക്കുന്നവരാണ്" ബുഖാരി, മുസ്‌ലിം). നബി (സ)യിൽ നിന്ന് കേട്ട ഒരു കാര്യം ഇബ്നു അബ്ബാസ് (റ) ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു: അവിടുന്ന് പറഞ്ഞു: كل مصور في النار يجعل له بكل صورة صورها نفسا فيعذبه في جهنم ("എല്ലാ ശിൽപിയും നരകത്തിലാണ്. അവൻ നിർമ്മിച്ച ഓരോ ശിൽപത്തിന്നു പകരവും നരകത്തിൽ ഓരോ ശരീരം നിർമ്മിച്ച് (അതുകൊണ്ട്) അവനെ ശിക്ഷിക്കുന്നതുമാണ്" - ബുഖാരി, മുസ്‌ലിം)

ഫോട്ടോഗ്രഫിയെയും ഈ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റാന്വേഷണത്തിനും തിരിച്ചറിയലിനും പാസ്പോർട്ടാവശ്യങ്ങൾക്കും പഠനങ്ങൾക്കും ഗവേഷണങ്ങൾ

ക്കും തുടങ്ങി വളരെ അത്യാവശ്യകാര്യങ്ങൾക്കല്ലാതെ അതും പാടില്ലെന്ന് പണ്ഡിതൻമാർ വിലക്കിയിട്ടുണ്ട്.

ചലിക്കുന്ന ജീവികളുടെ ചിത്രീകരണമൊക്കെയും അ പ്രകാരം തന്നെ. ആയിശ(റ)ൻെറ പക്കൽ ചിത്രങ്ങളുള്ള ഒരു വിരി കാണവെ അവിടുന്ന് കോപിഷ്ഠനായിക്കൊണ്ട് അത് വലിച്ചു കീറി. അവിടുന്ന് പറഞ്ഞു: ان اصحاب هذه الصور يعذبون يوم القيامة يقال لهم احيوا ما خلقتم ("ഈ രൂപമുണ്ടാക്കിയവർ അന്ത്യനാളിൽ ശിക്ഷിക്കപ്പെടും. നിങ്ങളുണ്ടാക്കിയതിന്ന് നിങ്ങൾ ജീവൻ നൽകൂ എന്ന് അവരോട് പറയപ്പെടും"). ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഈ ഹദീസിനെ മുഖവുരയിൽ സൂചിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത എഴുത്തുകാർ ലാഘവത്തോടെയോ പരിഹാസ രൂപത്തിലോ ആണ് പരാമർശിച്ചത്. ഈ ഹദീസു പരമ്പരയുടെ വിശുദ്ധിയിലാവട്ടെ ഹദീസു പണ്ഡിതരിൽ ആർക്കും സംശയമില്ല താനും. നബി(സ) അലി(റ)നോട് പറഞ്ഞ കാര്യവും ഇമാം മുസ്‌ലിം (റ) റിപ്പോർട്ട് ചെയ്യുന്നു. അവിടുന്ന് അദ്ദേഹത്തോടു പറഞ്ഞു: لا تدع صورة الا طمستها ولا قبرًا مشرَّفا إلا سويته ("ചിത്രങ്ങളൊന്നും നശിപ്പിക്കാതെയോ ഉയർന്നു നിൽക്കുന്ന ഖബറുകളൊന്നും നിരപ്പാക്കാതെയോ വിടരുത്") എന്ന്.

എന്താണ് ഇസ്‌ലാം ഈ വിഷയത്തെ ഇത്രയും ഗൗരവമായി കാണുന്നത്? കഴിഞ്ഞുപോയ നാഗരികതകളിൽ ചിത്രങ്ങളും ഖബറുകളും അത്രമാത്രം അനർഥങ്ങളുണ്ടാക്കിയിട്ടുണ്ട് എന്നതു തന്നെ. അല്ലാഹു പറയുന്നത് നോക്കൂ.... أَوَلَمْ يَسِيرُوا فِي الْأَرْضِ فَيَنْظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ كَانُوا مِنْ قَبْلِهِمْ كَانُوا هُمْ أَشَدَّ مِنْهُمْ قُوَّةً وَآثَارًا فِي الْأَرْضِ فَأَخَذَهُمُ اللَّهُ بِذُنُوبِهِمْ وَمَا كَانَ لَهُمْ مِنَ اللَّهِ مِنْ وَاقٍ (ഇവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ടില്ലേ...? അപ്പോൾ ഇവർക്കു മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് ഇവർക്ക് നോക്കാമല്ലോ... ശക്തികൊണ്ടും ഭൂമിയിൽ (അവശേഷിപ്പിച്ച) സ്മാരകങ്ങൾ കൊണ്ടും അവർ ഇവരേക്കാൾ കരുത്തരായിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. അല്ലാഹുവിൻെറ ശിക്ഷയിൽ നിന്ന് അവർക്ക് കാവൽ നൽകാൻ ആരുമുണ്ടായില്ല - ഗാഫിർ : 21)

ഇന്നത്തേക്കാൾ പ്രബലമാർന്ന സമുദായങ്ങളെ, അവർക്ക് കാവൽ നൽകാനാരുമില്ലാത്ത വിധം നിസ്സഹായരായ അവസ്ഥയിൽ അല്ലാഹു നശിപ്പിച്ചു! ബഹുദൈവാരാധകരും ദൈവധിക്കാരികളുമായിരുന്നു അവർ. ബിംബങ്ങളും ചിത്രങ്ങളും രാഹുക്കളും കേതുക്കളും പ്രശ്നക്കോലുകളും പക്ഷിമൃഗാദികളുടെ സഞ്ചാര ലക്ഷണങ്ങളുമൊക്കെ അവരുടെ ജീവിതത്തിൻെറ ഭാഗമായിരുന്നു!

അവർ ബഹുദൈവാരാധകരായിരുന്നു. ബഹുവിധങ്ങളായ ദൈവങ്ങൾ, അരൂപിയായ ദൈവങ്ങളല്ല. കല്ലിലും മണ്ണിലും ലോഹങ്ങളിലും മരത്തിലും ചായങ്ങളിലുമൊക്കെ രൂപകൽപന ചെയ്യപ്പെട്ട ദൈവങ്ങൾ. എന്നിട്ടവയ്ക്കും അവയെ ആരാധിച്ചിരുന്നവർക്കും എന്ത് സംഭവിച്ചു? അതറിയണമോ..... പ്രവാചകൻ(സ)യോട് അല്ലാഹു ജല്ല ജലാലുഹു പറയുന്നു: قُلْ سِيرُوا فِي الْأَرْضِ فَانْظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِنْ قَبْلُ كَانَ أَكْثَرُهُمْ مُشْرِكِينَ (നബിയേ) പറയുക. നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുക. അവരിൽ അധികപേരും ബഹുദൈവാരാധകരായിരുന്നു - റൂം:42). فَانْظُرْ كَيْفَ كَانَ عَاقِبَةُ الْمُجْرِمِينَ (അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങിനെ ആയിരുന്നുവെന്ന് നോക്കുക - അഅ്റാഫ് :84). ഒരു പ്രത്യേക ബിംബത്തേയോ രൂപത്തെയോ ചിത്രത്തെയോ മാതൃകയേയോ ഒറ്റയടിക്ക് ആരാധിക്കുന്ന അവസ്ഥയായിരുന്നില്ല അവർക്കുണ്ടായിരുന്നത്. ആദ്യം സ്മാരകം എന്ന നിലക്ക് ഒന്ന് വരച്ചു വെക്കും. അല്ലെങ്കിൽ ഉണ്ടാക്കും. ആ വ്യക്തിയോടോ വസ്തുവിനോടോ ഉള്ള ബഹുമാനാർഥമായിരിക്കും ഈ സ്മാരകങ്ങൾ. കാലക്രമേണ ഈ ആദരവുകൾ വളർന്നു വളർന്ന് ആരാധനയുടെ രൂപം പ്രാപിക്കും. അപ്രകാരം ആരാധിക്കപ്പെടുന്ന ഒരു

സമൂഹത്തിന്ന് ആധിക്യമുണ്ടായിത്തീരും. وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ فَمِنْهُم مَنْ هَدَى اللَّهُ وَمِنْهُمْ مَنْ حَقَّتْ عَلَيْهِ الضَّلاَلَةُ فَسِيرُوا فِي الأَرْضِ فَانْظُرُوا كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ (തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന്നു വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്‌ഥിരപ്പെടുകയും ചെയ്‌തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ച് സത്യനിഷേധികളുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുക - നഹ്‌ൽ : 36)

ഇബ്രാഹിം നബി(അ) ബിംബങ്ങളോടനുവർത്തിച്ച നിലപാടും ഖുർആൻ വിവരിക്കുന്നുണ്ട്. തന്റെ പ്രബോധനം തന്ത്രപരമായാണ് അദ്ദേഹം ജനങ്ങളിലേക്കെത്തിച്ചത്. ഒരു മാതൃക നോക്കൂ... فَرَاغَ إِلَى آلِهَتِهِمْ فَقَالَ أَلاَ تَأْكُلُونَ. مَا لَكُمْ لاَ تَنْطِقُونَ. فَرَاغَ عَلَيْهِمْ ضَرْباً بِالْيَمِينِ. فَأَقْبَلُوا إِلَيْهِ يَزِفُّونَ. قَالَ أَتَعْبُدُونَ مَا تَنْحِتُونَ. وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ (എന്നിട്ട് അദ്ദേഹം അവരുടെ ദൈവങ്ങളുടെ നേർക്കു തിരിഞ്ഞു പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ...? നിങ്ങൾക്കെന്തു പറ്റി...? നിങ്ങൾ മിണ്ടുന്നില്ലല്ലോ...? തുടർന്നു അദ്ദേഹം അവയുടെ നേരെ തിരിഞ്ഞു വലതു കൈകൊണ്ട്

ഊക്കോടെ അവയെ വെട്ടിക്കളഞ്ഞു. അപ്പോൾ അവർ അദ്ദേഹത്തിൻെറ അടുത്തേക്ക് കുതിച്ചു ചെന്നു. അദ്ദേഹം ചോദിച്ചു: നിങ്ങൾ തന്നെ രൂപകൽപന ചെയ്തതിനെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമ്മിക്കുന്നവയെയും സൃഷ്ടിച്ചത് - സ്വാഫ്ഫാത്ത് : 91-96). ബിംബാരാധനയുടെ നിരർഥകതയെ കുറിച്ച് അതുണ്ടാക്കുന്ന അനർഥങ്ങളിലേക്ക് ഒരു ചൂണ്ടലാണിത്. ഇതാണ് പിന്നിട്ട കാലഘട്ടങ്ങളുടെയും സ്ഥിതി.

അങ്ങിനെ, കഴിഞ്ഞുപോയ നാഗരികതകളിലേക്ക് സഞ്ചരിക്കാനും അവരുടെ നാശ കാരണങ്ങൾ എങ്ങിനെയായിരുന്നുവെന്ന് നോക്കിക്കാണാനും പഠിപ്പിക്കുന്ന ഒരു മതം വീണ്ടും അതേ കാരണങ്ങളിലേക്ക് തന്നെ നയിക്കുമെന്ന് ബുദ്ധിയുള്ളവർ കരുതുമോ! ചിത്രങ്ങളും ശിൽപങ്ങളും ശവകുടീരങ്ങളും കേവലാവസ്ഥയിൽ നിന്നും ബഹുമാനിക്കപ്പെടുന്ന ഒരവസ്ഥയിലേക്ക് വളർന്നു വന്നാൽ അത് ആരാധിക്കപ്പെടാൻ പിന്നെ കാലതാമസം വരില്ല. നമ്മുടെ നാട്ടിൽ ശ്രീനാരായണഗുരുവിൻെറ പ്രതിമ മുമ്പ് സ്ഥാപിച്ചിരുന്നത് അദ്ദേഹത്തോടുള്ള ബഹുമാനാർഥമായിരുന്നു. പിന്നീട് ശ്രീനാരായണ ഗുരു എന്നത് ഗുരു ദേവനായി. തുടർന്ന് നാരായണ ഗുരുവിൻെറ പ്രതിമ ദേവനായി ആരാധിക്കപ്പെടുന്ന ബിംബമായി.

ഗാന്ധിജിയുടെ പ്രതിമക്കും ഈ ഗതി സമീപഭാവിയിൽ വന്നുകൂടായ്കയില്ല. ഗാന്ധിയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ഒരു പ്രത്യേക വിഭാഗം നിലവിൽ വന്നു കഴിഞ്ഞു. ഗാന്ധി മാർഗ്ഗം (ഗാന്ധിമതം) രൂപം കൊണ്ടു. ഇനി ഗാന്ധി പ്രതിമ ആരാധിക്കപ്പെടുന്ന ബിംബമാവില്ലെന്നാരു കണ്ടു! എന്നാൽ ഇസ്‌ലാമാവട്ടെ, തിൻമയുടെ എല്ലാ വിദൂര സാധ്യതകളും അടച്ചു കളയുന്ന മതമാണെന്നു നാമറിയണം. ഇസ്‌ലാമിൻെറ ആവിർഭാവ കാലത്ത് അറേബ്യയുടെ സമീപപ്രദേശങ്ങൾ ശിൽപചാതുരിയിലും ചിത്രരചനയിലും വളരെ വളർച്ച പ്രാപിച്ചിരുന്നു. എന്നാൽ ഈ നാടുകളിലൊക്കെ ഇസ്‌ലാം ചെന്നെത്തിയതിന്നുശേഷം പ്രവാചകൻെറയോ അറിയപ്പെട്ട നാലു ഖലീഫമാരിലാരുടെയെങ്കിലുമോ, ആദരണീയരും പ്രസിദ്ധരുമായിത്തീർന്ന മറ്റു സ്വഹാബിമാരുടെയോ താബിഉകളുടെയോ ചിത്രങ്ങളോ ശിൽപങ്ങളോ നമുക്ക് ലഭ്യമാവാതെ പോയതെന്തേ? ഇസ്‌ലാമിന്ന് ചിത്രങ്ങളോടുള്ള നിലപാടല്ലാതെ മറ്റു വല്ല കാരണവും അതിന്ന് പറയാനുണ്ടോ? നമുക്ക് മുമ്പെ കടന്നു പോയവരാണവർ. അല്ലാഹുവിൻെറ സാമീപ്യം ലഭിച്ചവർ. സുഖാനുഗ്രഹങ്ങളുടെ സ്വർഗ്ഗങ്ങളിലേക്ക് ശീട്ടു നേടിയവർ. പരലോകത്ത് അവർക്ക് ആ സൗഭാഗ്യം ലഭ്യമായതെന്തുകൊണ്ടോ അതുകൊണ്ടല്ലാതെ നമുക്കും അത് ലഭ്യമാവുകയില്ല.

# സത്യവിശ്വാസിയുടെ നിലപാട്

കലയേയും സൗന്ദര്യത്തേയും കുറിച്ച് ചർച്ച ചെയ്യുമ്പോഴൊക്കെ ഭൗതിക കൗതുകങ്ങളുമായി ചാഞ്ഞു നിന്നാണ് പലരും സംസാരിക്കുന്നത്. വാസ്തവത്തിൽ ആ ചർച്ചയിൽ പങ്കെടുത്തവരുടെയൊക്കെ വരികൾ വായിച്ചപ്പോൾ ഏറെ മനോവേദന തോന്നി. ഒരൊറ്റ വ്യക്തിയും തൻെറ വിശ്വാസ പ്രമാണങ്ങളെ അടിസ്ഥാനമാക്കി സംസാരിച്ചില്ലല്ലോ. സംസാരിച്ചിടത്ത് തന്നെ ഇസ്‌ലാം എന്തോ അബദ്ധം ചെയ്തു പോയി, നമ്മെ കെട്ടിയിട്ടിരിക്കുകയാണ് എന്നൊക്കെ തോന്നുമാറുള്ള പരാമർശങ്ങൾ. അല്ലാഹു പറഞ്ഞത്...., റസൂൽ പറഞ്ഞത് ....ഇവ രണ്ടിനെയും അടിസ്ഥാനമാക്കിപ്പറഞ്ഞത്... എന്നല്ലാതെ മറ്റു രൂപത്തിൽ പറഞ്ഞത് ഒരു മുസ്‌ലിമിന്നുണ്ടാവാൻ പറ്റുമോ? അല്ലാഹുവിലേക്കും റസൂലിലേക്കും ചാരി നിൽക്കുകയും ആ വഴിയിൽ സഞ്ചരിക്കുകയും അതിന്നു വേണ്ടി നില കൊള്ളുകയും ചെയ്യുന്നവരാരോ അവരാണല്ലോ ഇസ്‌ലാമിൻെറ വക്താക്കൾ. والذي نفيسي بيده، ما تركت شيئاً يقربكم من الجنة ويباعدكم عن النار إلا أمرتكم به، وما تركت شـــيئاً يقربكم من النار ويباعدكم عن الجنة إلا نهيتكم عنه ["എൻെറ ആത്മാവ് ഏതൊരു കരങ്ങളി

ലാണോ അവൻ തന്നെയാണെ, സ്വർഗ്ഗത്തിലേക്കടുപ്പിക്കുന്നതും നരകത്തിൽ നിന്നകറ്റുന്നതുമായ ഒരു കാര്യത്തെപറ്റിയും നിങ്ങളോട് ഞാൻ കല്പിക്കാതിരുന്നിട്ടില്ല. നരകത്തിലേക്കടുപ്പിക്കുന്നതും സ്വർഗ്ഗത്തിൽ നിന്നകറ്റുന്നതുമായ ഒരു കാര്യത്തെപ്പറ്റിയും നിങ്ങളെ ഞാൻ തടയാതിരുന്നിട്ടുമില്ല".) എന്ന് പ്രവാചകൻ (സ) പറഞ്ഞിട്ടുണ്ടല്ലോ. അല്ലാഹുവിൻെറ ദൂതർ കൽപിച്ചിടത്ത് പുണ്യമുണ്ടെന്ന് ഗ്രഹിക്കാൻ ഒരു സത്യവിശ്വാസിക്ക് കൂടുതൽ വിശദീകരണങ്ങൾ വേണ്ടതുണ്ടോ! തിരുദൂതർ(സ) തടഞ്ഞിടത്ത് പുണ്യമുണ്ടെന്ന് മനസ്സിലാക്കേണ്ടതും അപ്രകാരം തന്നെയല്ലേ!

ദുൻയാവിനെ നന്നായി ആസ്വദിക്കാനാഗ്രഹിക്കുന്നവർക്ക് വേണ്ടത്ര വിഭവങ്ങളിവിടെയുണ്ട്. പക്ഷെ അതെത്രത്തോളം? നബി(സ) പറയുന്നു: والله ما الدنيا في الآخرة الامثل ما يجعل احدكم اصبعه في اليم فلينظر بم يرجع ("പരലോകത്തെ അപേക്ഷിച്ച് ഇഹലോകമെന്നത് ഒരാൾ തൻെറ കൈവിരലുകൾ സമുദ്രത്തിൽ മുക്കിയെടുത്താൽ അതിൻമേൽ (ആ വിരലിൻമേൽ) കാണുന്നതെന്തോ അത്രമാത്രം"- മുസ്‌ലിം). ഇഹലോകം ഇതൊരു വലിയ ചരക്കാണെന്ന് തെറ്റിദ്ധരിച്ച് ആസ്വദിക്കണമെന്നുള്ളവർക്ക് അതിന്നുള്ള സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ അത് ഇസ്‌ലാമിൻെറ പേരിലായിരിക്കില്ലെന്ന് മാത്രം. ഇസ്‌ലാമിൻെറ

അതിരുകൾ തീരുമാനിക്കേണ്ടത് അല്ലാഹുവും അവന്റെ ദൂതർ(സ)യുമാണ്. അവിടുന്ന് പറഞ്ഞു: "ഇഹലോകം സത്യവിശ്വാസിക്ക് തടവറയും അവിശ്വാസിക്ക് സ്വർഗ്ഗവുമാണ്"- തിർമിദി. മറ്റൊരിക്കൽ തിരുമേനി(സ) പറഞ്ഞു : من احب دنياه اضر بآخرته ومن احب آخرته اضر بدنياه فآثروا ما يبقى على ما يفنى ("ആരെങ്കിലും ഇഹലോകത്തെ സ്നേഹിച്ചാൽ പരലോകത്തേക്കത് നഷ്ടമുണ്ടാക്കും. ആരെങ്കിലും പരലോകത്തെ സ്നേഹിച്ചാൽ ഇഹലോകത്ത് അത് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നശിക്കുന്നതിനേക്കാൾ ശേഷിക്കുന്നതിന്ന് നിങ്ങൾ പ്രാധാന്യം നൽകുക"- അഹ്മദ്, ബൈഹഖി). ഒരാൾ സത്യവിശ്വാസിയാവാൻ പരിശ്രമിക്കുക എന്നാൽ കണ്ണിൽ കാണുന്നതും മനസ്സിൽ തോന്നുന്നതുമെല്ലാം ആസ്വദിക്കാൻ ശ്രമിക്കുക എന്നതല്ല അർഥമെന്ന് മേൽ ഉദ്ധരണികളിൽ നിന്ന് വ്യക്തമായല്ലോ. താന്തോന്നിയായി (തനിക്കു തോന്നുന്നത് പോലെ) ജീവിക്കാനാഗ്രഹിക്കുന്നവർക്ക് ഈ ഇന്ത്യാ മഹാ രാജ്യത്ത് വേണ്ടത്ര സ്വാതന്ത്ര്യങ്ങളുണ്ട്. പക്ഷെ തങ്ങൾ തിരഞ്ഞെടുത്ത ഈ അപഥസഞ്ചാരത്തിന്ന് സത്യവിശ്വാസത്തിലേക്ക് പരിശ്രമിക്കുന്നവരെ പങ്കാളിയാക്കരുതെന്ന അപേക്ഷ മാത്രം.

# ഇസ്‌ലാമിൻെറ സൗന്ദര്യ ദർശനം

കലയും സൗന്ദര്യവും ഇസ്‌ലാമിൻെറ അതിർത്തിക്കുള്ളിലിരുന്ന് മാത്രമേ യഥാർഥ വിശ്വാസിക്ക് ആസ്വദിക്കാനാവൂ... കാബറേയിലും റോക്കിലും ഫങ്കിലും സോളിലുമൊക്കെ സൗന്ദര്യവും കലയും കാണുന്നവരില്ലേ...? 'കാമസൂത്ര'ത്തിലും 'നീർമാതളം പൂത്ത കാല'ത്തിലും 'എത്രയെത്ര മദാലസ രാവുകളി'ലും സൗന്ദര്യത്തിനു വല്ല കുറവുമുണ്ടോ? ഉമർഖയ്യാമിൻെറ 'റുബാഇയ്യാത്തി'ലും കാനായിയുടെ 'യക്ഷി'യിലും ഒക്കെ അതില്ലേ... എന്നാൽ ഒരു സമൂഹത്തിൻെറ സൻമാർഗ്ഗ വീഥിയിൽ അവയൊക്കെ സമർപ്പിക്കുന്ന വെളിച്ചമെന്താണ്? ഇസ്‌ലാമിൻെറ സൗന്ദര്യദർശനം വഴിമാറുന്നതിവിടെയാണ്. അത് ചൂണ്ടുന്നത് കാനായിയുടെ ശിൽപത്തിലേക്കല്ല. കാനായി എന്ന 'ദൈവത്തിൻെറ ശിൽപ'ത്തിലേക്കാണ്. അല്ലാഹുവിൻെറ 'ശിൽപം'. وَاللَّهُ خَلَقَكُمْ وَمَا تَعْمَلُونَ ("അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമ്മിക്കുന്നവയെയും സൃഷ്ടിച്ചത്). അങ്ങനെ സ്രഷ്ടാവായ അല്ലാഹു ഭൂമുഖത്ത് മനുഷ്യനു കാണുമാറ് നിക്ഷേപിച്ചു വെച്ച കണക്കറ്റ 'ശിൽപ'ങ്ങൾ. അത് കാണാനുള്ള മാനസിക വികാസം അയാൾക്കുണ്ടോ? എന്നാൽ ഒരു പുൽതുമ്പ് പൊട്ടിച്ച് ക

ണ്ണിൻ മുമ്പിലൊന്ന് പിടിച്ചു നോക്കട്ടെ...! ഈർന്നു വെച്ച ഒരു മരപ്പലക കണ്ണിനടുത്തേക്കൊന്ന് പിടിച്ചു നോക്കൂ....! അല്ലെങ്കിൽ ഒരിലപൊട്ടിച്ച് അതിൻെറ ഉൾപുറങ്ങളിലൊന്ന് സൂക്ഷിച്ചു നോക്കൂ....! ഒരു പാറക്കല്ല് പൊട്ടിച്ചെടുത്ത് കൗതുകപൂർവ്വം ഒന്ന് വീക്ഷിക്കൂ.... എന്തിന്, തൻെറ കൈമുട്ട് ഒന്നു നാട്ടിവെച്ച് കൈയുടെ തള്ളവിരലിൻെറ പള്ളയൊന്ന് ശ്രദ്ധിക്കൂ.... കലയും സൗന്ദര്യവും ഒക്കെ അവിടെ കാണാനാവില്ലേ.... ഒരു നിമിഷം. ഇതൊന്ന് ശ്രദ്ധിച്ചേ.... ഒരു കിളിനാദം, ഒരോലത്തുമ്പിലെ മർമ്മരം, കാറ്റിൻെറ ശീൽക്കാരം, കുഞ്ഞോളങ്ങളുടെ താലോലം, തിരമാലകളുടെ ഗർജ്ജനം, സമുദ്രത്തിൻെറ, മരുഭൂമിയുടെ, ആകാശത്തിൻെറ, ഇരുട്ടിൻെറ, ശൂന്യതയുടെ അനന്തത.... അങ്ങിനെ തുറന്ന ഹൃദയങ്ങൾക്ക് ഉൾക്കൊള്ളാനും കണ്ടെത്താനും മറ്റും മറ്റുമായി എത്രയെത്ര വിഭവങ്ങൾ! എന്നിട്ടും യഥാർഥ സൃഷ്ടിയെ, അതിലെ സൗന്ദര്യത്തെ, കലയെ, അവഗണിച്ച് സൃഷ്ടിയുടെ സൃഷ്ടിയിൽ കൗതുകം കൊള്ളുന്ന ഭൗതിക ചിന്തയെക്കുറിച്ചെന്തു പറയാൻ! 'യക്ഷി'യിൽ വിരൽ തുമ്പിൻെറ കവിതയാസ്വദിക്കുന്നവർ, വിളംബിത മധ്യദ്രുതലയങ്ങൾ നിറച്ച ഷെഹ്നായിയിൽ നിന്ന് 'ശാന്തി'യുടെയും 'ശൃംഗാര'ത്തിൻെറയും സമന്വയ സ്പന്ദനങ്ങൾ പകർത്തെടുക്കുന്നവർ... അങ്ങിനെ ഭൗതികതയുടെ, തിൻമയു

ടെ, അസാൻമാർഗ്ഗികതയുടെ വീഥിയിലേക്ക് തെറ്റിദ്ധരിച്ച് സഞ്ചരിക്കുന്നവർ... നൻമയുടെ പന്ഥാവിലേക്ക് യാതൊന്നും സമർപ്പിക്കാനില്ലാത്ത ഇത്തരം ആസ്വാദനങ്ങളെ മഹത്വവൽക്കരിച്ച് സ്ായൂജ്യമടയുന്നവർ... ലൗകിക ജീവിതം കളിയും വിനോദവുമാണെന്ന് പറഞ്ഞ അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَلَلدَّارُ ٱلْآخِرَةُ خَيْرٌ لِّلَّذِينَ يَتَّقُونَ ("പാരത്രിക ലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്-" അൻആം : 32) എന്ന്. മനസ്സിന്റെ, കണ്ണുകളുടെ, കർണ്ണപുടങ്ങളുടെ, ആനന്ദങ്ങൾ ഭക്തിയിലൂടെ സാധിച്ചെടുക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. തിരുമേനി(സ) പറയുന്നു: حبب إلي من الدنيا النساء والطيب، وجعلت قرة عيني في الصلاة ("ദുൻയാവിൽ എനിക്ക് സ്ത്രീകളും സുഗന്ധവസ്തുക്കളും പ്രിയങ്കരം തന്നെ. എനിക്ക് കൺകുളിർമ്മ സാധിക്കുന്നതാവട്ടെ നമസ്കാരത്തിലുമാണ്"). നമ്മിലാർക്കാണ് നമസ്കാരത്തിലൂടെ ഈ ആനന്ദം സാധിക്കുന്നത്! അതാണ് ഭൗതികതയിലേക്കുള്ള ചായ്‌വും പാരത്രിക സൗഖ്യങ്ങളോടുള്ള അഭിനിവേശവും തമ്മിലെ വ്യത്യാസം.

ഇസ്‌ലാം ഉപകാരപ്രദമായ ആസ്വാദനങ്ങളെ അവഗണിക്കുന്ന മതമല്ലെന്നു വിശദീകരിക്കാനാണ് ഇത്രയും പറഞ്ഞത്. ഓരോന്നിനും അതിന്റേതായ അവകാശങ്ങളുണ്ട്. അത് നൽകാനാണ് ഇസ്‌ലാം ഗൗരവപൂർവ്വം ക

ൽപ്പിക്കുന്നത്. ഓരോന്നിനുമുള്ള അവകാശങ്ങൾ വകവെച്ചു കൊടുക്കുന്നിടത്തെ ഏറ്റക്കുറച്ചിലുകളും ജയപരാജയങ്ങളുമാണ് പരലോകത്ത് സ്വർഗ്ഗനരകങ്ങളെ തീരുമാനിക്കുന്നത്. നാം ഉപയോഗിക്കുന്ന വസ്തുക്കളും നമ്മുടെ തന്നെ അവയവങ്ങളും നമുക്കു തന്നെ അനുകൂലമായോ പ്രതികൂലമായോ സാക്ഷി പറയുന്ന ഒരു ലോകത്തേക്കാണ് നാം അന്ത്യയാത്ര പോവുന്നത്. നാം പരിപോഷിപ്പിച്ച നമ്മുടെ അവയവങ്ങളും നാം ഉപയോഗിച്ച വസ്തുക്കളും നമ്മിൽ നിന്ന് യഥാർഥ അവകാശം കൈപ്പറ്റിയിട്ടുണ്ടോ എന്ന് വിശകലനം ചെയ്യുന്നതവിടെയാണ്.

# മുഖസൗന്ദര്യം

ഒരു പുരുഷൻ തൻെറ കവിളിനു നൽകേണ്ട അവകാശമാണ് അതിൽ കിളിർത്തുവരുന്ന രോമങ്ങൾ സ്വതന്ത്രമായി വളരാനനുവദിക്കുക എന്നത്. അതിൻെറ നീളത്തിലും വീതിയിലും കനത്തിലും അതിൽ കത്തിയും കത്രികയും പ്രയോഗിച്ചു കൂടാ..... ഇതു സംബന്ധമായി മൂന്നു ഡസനിൽപരം ഹദീസുകൾ, കൃത്യമായിപ്പറഞ്ഞാൽ മുപ്പത്തിയേഴു ഹദീസുകൾ പ്രവാചകനിൽ നിന്നുദ്ധരിക്കപ്പെട്ടിട്ടുണ്ട്. എല്ലാം താടി നീട്ടണമെന്ന കൽപ്പനകൾ തന്നെ! ചിലർ പറയുന്നു; താടിവെയ്ക്കൽ സുന്നത്താണെന്ന്! ഈ സുന്നത്തിനെ അവർ വിശദീകരിക്കുന്നത്; താടിവെച്ചാൽ പുണ്യകരം തന്നെ. ഇല്ലെങ്കിലോ കുറ്റമൊന്നുമില്ല. അങ്ങിനെ ധരിച്ചുവെച്ചവരിൽ ചിലർ താടി വടിയ്ക്കുന്നു, ചിലർ വെട്ടുന്നു, ചിലർ പറിക്കുന്നു! വേറെ ചിലർ പറയുന്നു: അതത്ര പുണ്യകരമാണെങ്കിൽ കക്ഷരോമവും ഗുഹ്യരോമവും അപ്രകാരം വളർത്തേണ്ടതല്ലേ? അതും വളരുന്ന രോമങ്ങളാണല്ലോ... എന്ന്. എന്തൊരു പരിഹാസം ! അല്ലാഹുവിൻെറയും അവൻെറ ദൂതൻെറ

യും കല്പനകളാണ് യഥാർഥത്തിൽ ഇവിടെ പരിഹാസ പാത്രമാവുന്നത്.

താടി വെച്ചവരെയും ഇങ്ങിനെ പരിഹസിക്കപ്പെടുന്നു. കൊറ്റനാട് പോലെ, കുറ്റിച്ചൂല് പോലെ, പുരാതന ജീവിയാണ്, ആധുനിക ലോകത്ത് ജീവിക്കാൻ പറ്റിയവനല്ല എന്നൊക്കെ. അല്ലെങ്കിൽ ഏയ് .... താടിക്കാരാ.... എന്ന പരിഹാസ വിളി! ശരീഅത്തിൻെറ ചിഹ്നങ്ങൾ ആദരിച്ചനുഷ്ഠിക്കുന്ന ഒരാളെ ഇത്തരത്തിൽ പരിഹാസം ചൊരിഞ്ഞാൽ ആ ആളെ സംബന്ധിച്ച ഇസ്‌ലാമിൻെറ വിധി അയാൾ കാഫിറായിപ്പോവുമെന്നാണ്. ശൈഖ് ഇബ്നു ബാസിനെപ്പോലുള്ള ഉന്നത ശീർഷരായ പണ്ഡിതൻമാർ അപ്രകാരം ഫത്‌വ നല്കിയിട്ടുണ്ട്.

തബൂക്ക് യുദ്ധത്തിൻെറ വേള. ഒരിക്കൽ സദസ്സിൽ നിന്നൊരാൾ ഇങ്ങിനെ പറയുന്നു: നമ്മുടെ ഈ ഭക്തരേക്കാൾ ജീവിക്കാൻ മോഹമുള്ളവരെയോ ഇവരെക്കാൾ നുണയൻമാരെയോ (യുദ്ധത്തിൽ ശത്രുവെ) കണ്ടുമുട്ടുമ്പോൾ ഇവരെക്കാൾ പേടിത്തൊണ്ടൻമാരെയൊ ഞാൻ കണ്ടിട്ടില്ല. (തൻെറ സഹപ്രവർത്തകരെ പരിഹസിക്കുകയാണയാൾ) അപ്പോൾ സദസ്സിൽ നിന്നൊരാൾ പറഞ്ഞു:

നീ കള്ളം പറയുന്നു. നീ മുനാഫിഖാണ്. എന്തായാലും ഞങ്ങളിത് റസൂൽ(സ)യെ അറിയിക്കും. അപ്രകാരം അവർ തിരുമേനിയെ വിവരമറിയിച്ചു. അതാ... ഖുർആൻ വാക്യമിറങ്ങുന്നു!

ഈ സംഭവം റിപ്പോർട്ടു ചെയ്ത അബ്ദുല്ലാഹിബിനു ഉമർ(റ) പറയുന്നു. പ്രസ്തുത വ്യക്തി (ഇദ്ദേഹം അബ്ദുല്ലാഹിബ്നു ഉബയ്യാണെന്ന് മറ്റൊരു റിപ്പോർട്ടിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്) റസൂൽ(സ)യുടെ ഒട്ടകത്തിൻെറ അരപ്പട്ടയിൽ പിടിച്ചു തൂങ്ങി കല്ലിലൂടെ വലിഞ്ഞിഴഞ്ഞു പോവുന്നത് ഞങ്ങൾ കണ്ടു. (തിരുദൂതർ(സ)യുടെ മനസ്സലിവിന് ശ്രമിക്കുകയാണയാൾ) അയാൾ പറഞ്ഞു: അല്ലാഹുവിൻെറ റസൂലെ.... ഞങ്ങളത് നേരമ്പോക്കിനും തമാശക്കുമായിട്ട് പറഞ്ഞതാണ്. തിരുമേനി(സ) പറഞ്ഞു: أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِئُونَ. لا تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ إِنْ نَعْفُ عَنْ طَائِفَةٍ مِنْكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ (അല്ലാഹുവെയും അവൻെറ ചിഹ്നങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്. നിങ്ങൾ ഒഴിവുകഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു

കഴിഞ്ഞിരിക്കുന്നു. നിങ്ങളിലൊരു വിഭാഗത്തിന് നാം മാപ്പു നല്കുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന്, അവർ കുറ്റവാളികളായിരുന്നുവെന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ് - തൗബ: 65,66)

സത്യവിശ്വാസികൾ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളാണ്. അവരെ പരിഹസിക്കുന്നത് അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും അവൻെറ പ്രവാചകനെയും പരിഹസിക്കുന്നതിന്നു തുല്യമാണ്. നിങ്ങൾ ഒഴിവു കഴിവുകളൊന്നും പറയേണ്ട. നിങ്ങൾ വിശ്വാസികളായിരുന്നു ആദ്യം. എന്നാൽ ഇപ്പോൾ നിങ്ങൾ കാഫിറുകളായി. അല്ലാഹു ജല്ല ജലാലുഹു അതാണിവിടെ പഠിപ്പിക്കുന്നത്.

പ്രവാചകൻ(സ) പറയുന്നു: قصوا الشوارب واعفوا اللحية خالفوا المشركين – احمد، بخاري، مسلم (മീശ വെട്ടൂ, താടി വിട്ടേക്കൂ... ബഹുദൈവ വിശ്വാസികളോട് വൈരുദ്ധ്യമുള്ളവരാകൂ....) മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: جزوا الشوارب وأرخوا اللحية خالفوا المجوس ("മീശ മുറിക്കൂ... താടി അധികരിപ്പിക്കൂ... മജൂസികളോട് - അഗ്നിയാരാധകരോട് - വൈരുദ്ധ്യം പുലർത്തൂ"....മുസ്‌ലിം). വീണ്ടും തിരുമേനി(സ) പറഞ്ഞു: قصوا الشوارب ووفروا

خالفوا المشركـين اللحية ("മീശ വെട്ടൂ, താടി വർദ്ധിപ്പിക്കൂ.. ബഹുദൈവാരാധകരോട് വ്യത്യസ്തത പുലർത്തൂ. ബുഖാരി). ഇബ്നു ഉമർ(റ) തിരുമേനി(സ)യെപ്പറ്റി ഇങ്ങനെ സ്മരിക്കുന്നു: امرنا بإحفاء الشوارب وارخاء اللحي ("മീശ പറ്റെ ചെറുതാക്കാനും താടി അധികരിപ്പിക്കാനും അവിടുന്ന് ഞങ്ങളോട് കൽപ്പിച്ചു - ബുഖാരി, മുസ്ലിം).

അൽ അല്ലാമാ അൽ ഹാഫിദ് ഇബ്നുഹസം (റ) പറയുന്നു: اتفق العلماء على ان قـص الشـارب واحفـاء اللحيـة فـرض (മീശ വെട്ടുകയും താടി - ഒന്നും ചെയ്യാതെ - വിട്ടേക്കുകയും ചെയ്യൽ ഫർദാണെന്ന് - നിർബന്ധമാണെന്ന് - പണ്ഡിതൻമാർ യോജിച്ചിരിക്കുന്നു"). അല്ലാഹു ജല്ല ജലാലുഹൂ പറയുന്നു: وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا ("നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക".- ഹശ്ർ : 7).

മീശ മുറിക്കുന്നിടത്തും ഇതേ ഗൗരവത്തിലാണ് റസൂൽ(സ) സംസാരിക്കുന്നത്. നിങ്ങൾ മീശ വെട്ടൂ.... (قصوا الشوارب) മീശ പറ്റെ ചെറുതാക്കൂ... (احفوا الشوارب)

മീശ മുറിക്കൂ (جزوا الشوارب) എന്നൊക്കെയുള്ള കൽപ്പനകൾ. തിരുമേനി(സ) ഇങ്ങിനെയും പറഞ്ഞു: من لم يأخذ من شاربه فليس منا ("തന്റെ മീശയിൽ നിന്ന് തീരെയെടുക്കാത്തവൻ നമ്മിൽ പെട്ടവനല്ല") എന്ന്. മറ്റു സമുദായങ്ങളെ അനുകരിക്കലാണത്. അവിടുന്ന് താക്കീത് ചെയ്യുന്നത് നോക്കൂ... من تشبه بقوم فهو منهم ("ഒരു സമൂഹത്തെ അനുകരിച്ചവനാരോ അവൻ അവരിൽപെട്ടവനായി").

താടിരോമങ്ങളെ സംബന്ധിച്ച് പരാമർശിച്ചപ്പോൾ وفروا എന്നോ ارجوا എന്നോ ارخوا എന്നോ اوفوا എന്നോ اعفوا എന്നോ ഒക്കെ വ്യത്യസ്തമായ ശൈലികളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ വാക്കുകളുടെയൊക്കെ അർഥം ഒന്നു തന്നെ. അതിന്റെ തനതായ അവസ്ഥയിൽ സ്വതന്ത്രമാക്കി അതിനെ വിട്ടേക്കുക എന്ന്. അപ്പോഴതിന്റെ നേരെ വിപരീതവശം താടിയിൽ നിന്ന് യാതൊന്നും എടുത്തുകൂടാ എന്നല്ലെ...? മാത്രമല്ല എണ്ണയോ ചീർപ്പോ മൈലാഞ്ചിയോ ഉപയോഗിച്ച് അത് ഭംഗിയാക്കി വെക്കണമെന്നും കൽപ്പിക്കപ്പെട്ടിട്ടുണ്ട്. ഒരു മുസ്‌ലിം പുരുഷന്റെ മുഖസൗന്ദര്യം പ്രവാചകൻ (സ) അപ്ര

കാരമാണ് നിശ്ചയിച്ചത്. അല്ലാഹുവിൻെറ കോടതിയിൽ നാം ഹാജറാക്കപ്പെടുമ്പോൾ നമ്മുടെ കവിളുകൾ നമുക്കെതിരെ സാക്ഷി പറയാതിരിക്കാൻ വേണ്ടി കവിളുകളോടുള്ള ബാധ്യത നിറവേറ്റലും കൂടിയാണത്. ഒരു യഥാർഥ വിശ്വാസിയുടെ മുഖസൗന്ദര്യം അങ്ങിനെത്തന്നെയാണ് ക്രമീകരിക്കേണ്ടത്.

മേൽച്ചുണ്ടിലെ രോമങ്ങൾ തീരെ ചെറുതാക്കി വെട്ടാൻ പ്രവാചകൻ (സ) കല്പിച്ചു. മേൽ ചുണ്ട് കാണാത്ത വിധം മേലെ ഒരു മീശയും അതിനു കീഴെ ഒരു ചുണ്ടുമെന്നത് ഒരു മുസ്‌ലിമിന്റെ അധര സൗന്ദര്യമല്ല. മീശ പറ്റെ വെട്ടണമെന്നോ ചെറുതാക്കണമെന്നോ പറ്റെ ചെറുതാക്കണമെന്നോ ഒക്കെയുള്ള എൺപതിൽപരം ഹദീസുകൾ നമുക്ക് കാണാനവും. എങ്കിൽ വളർത്തിക്കൊണ്ടു വരാവുന്ന മീശയുടെ പരമാവധി ഘനം എത്രയായിരിക്കണം? ആയിശാ(റ) റിപ്പോർട്ട് ചെയ്യുന്നു: ان النبي صلى الله عليه وسلم ابصر رجلا وشاربه طويل، فقال ائتوني بمقص وسواك فجعل السواك على طرفه، ثم أخذ ما جاوزه ("മീശ നീളമുള്ള ഒരാളെ നബി(സ)ക്ക് കാണിച്ചു കൊടുത്തു. അപ്പോഴവിടുന്ന് പറഞ്ഞു: എനിക്കൊരു മിസ്‌വാക്കും കത്രികയും കൊണ്ടു വന്നു തരൂ... അപ്രകാരം തിരുമേനി (സ) മീശയുടെ അറ്റത്തുവെച്ച് അതിനെ (മിസ്‌വാക്കിനെ) മറികടന്നവ (മീശരോമങ്ങൾ) വെട്ടി മാറ്റി").

റസൂൽ(സ) തൻെറ താടിയുടെ നീളത്തിൽ നിന്നും വീതിയിൽ നിന്നും എടുക്കാറുണ്ട് എന്ന അബൂ ഹുറൈറയിൽനിന്ന് ഇമാം തിർമുദി ഉദ്ധരിച്ച ഒരു ഹദീസ് ചിലർ എടുത്തുകാട്ടാറുണ്ട്. ഈ റിപ്പോർട്ട് കെട്ടിച്ചമച്ചതും ഹദീസ് സ്ഥിരീകരണതത്വത്തിൽ സ്ഥാനമില്ലാത്തതുമാണ്. ഇതിൻെറ ഉദ്ധാരകരിൽ ഉമർ ബിൻ ഹാറൂൻ അൽ ബലഖി (عمر بن هارون البلخي) എന്നൊരാളുണ്ട്. ഇയാൾ അറിയപ്പെട്ട നുണയനാണ്. മറ്റൊന്നുദ്ധരിക്കാറുള്ളത് ഇബ്നു ഉമർ(റ)നെ സംബന്ധിച്ചാണ്. അദ്ദേഹം ഹജ്ജിൽ നിന്ന് വിരമിക്കുമ്പോൾ താടി കൂട്ടിപ്പിടിച്ച് അതിൽ നിന്നും പുറത്തേക്ക് കവിഞ്ഞു നിൽക്കുന്നത് വെട്ടിക്കളയാറുണ്ടായിരുന്നുവത്രെ. മീശ പറ്റെ ചെറുതാക്കാനും താടി അധികരിപ്പിക്കാനും തിരുമേനി(സ) ഞങ്ങളോട് കൽപ്പിച്ചുവെന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസും ഇതേ ഇബ്നു ഉമറിൻേറതു തന്നെ! റസൂൽ(സ) കൽപ്പിച്ചതിന്നു വിരുദ്ധമായി അദ്ദേഹം തന്നെ പ്രവർത്തിക്കുകയോ! റസൂൽ(സ)യുടെ സുന്നത്ത് ജീവിതമാക്കുന്നതിൽ പ്രസിദ്ധനായ സ്വഹാബിയാണദ്ദേഹം. താടി വളർത്താൻ കൽപ്പിക്കപ്പെട്ട ഡസൻ കണക്കിന് ഹദീസുകളുണ്ടായിരിക്കെ താടിവെട്ടിയ ഒരു സ്വഹാബിയുടെ ഒരൊറ്റ ഹദീസിൻെറ പിന്നാലെ പോവുകയോ! എന്തു വിചിത്രമായ സഞ്ചാരം! പ്രസ്തുത, ആ ഒരു സംഭവത്തെപ്പറ്റിത്തന്നെ

ഹദീസു പണ്ഡിതൻമാർ പറയുന്നത് ഖുർആനിൽ പറഞ്ഞ مُحَلِّقِينَ رُؤُوسَكُمْ وَمُقَصِّرِينَ (തലമുടി കളഞ്ഞവരും വെട്ടിയവരായും കൊണ്ട്) എന്ന ഗണത്തിൽ പെടാനായി തലമുടി കളയുകയും താടിയുടെ അറ്റം വെട്ടുകയും ചെയ്തതായിരുന്നുവെന്നും ഹജ്ജിലല്ലാതെ വെട്ടാനായി താടി അദ്ദേഹം സ്പർശിച്ചിരുന്നില്ലെന്നും വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതെന്തായാലും റസൂൽ(സ) പറഞ്ഞതവിടെ കിടക്കട്ടെ, ഇബ്നു ഉമർ പറഞ്ഞതെടുക്കട്ടെ എന്ന വിചാരം ഒരു സത്യവിശ്വാസിക്കും പാടില്ല. ഇബ്നു അബ്ബാസ്(റ) പറഞ്ഞ കാര്യമാണ് ഇവിടെ ഓർത്തു പോവുന്നത്. يوشك ان تنزل عليكم حجارة من السماء اقول قال رسول الله صلى الله عليه وسلم وتقولون قال ابوبكر و عمر ("നിങ്ങളുടെ മേൽ ആകാശത്തുനിന്നും (തീ) കല്ലുകൾ വർഷിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. (എന്തുകൊണ്ടെന്നാൽ) ഞാൻ നിങ്ങളോട് റസൂൽ(സ) പറഞ്ഞിരിക്കുന്നുവെന്ന് പറയുമ്പോൾ നിങ്ങൾ പറയുന്നു അബൂബക്കറും ഉമറും പറഞ്ഞിരിക്കുന്നുവെന്ന്.")

എന്നാൽ മാറിലേക്ക് തിങ്ങിയിറങ്ങിയ താടിയുടെ ഉടമയായിരുന്നു പ്രവാചകൻ(സ). മുഖലാവണ്യത്തിലും ഛായയിലും പ്രകൃതിയിലും സൗന്ദര്യത്തിലും അവിടുന്ന് ഇബ്റാഹിം നബി(അ)നെപ്പോലെയായിരുന്നു. അബൂബക്കർ സിദ്ധീഖ്(റ)നെക്കുറിച്ച് പറഞ്ഞേടത്ത് വളരെ

മെലിഞ്ഞ ശരീരപ്രകൃതമായിരുന്നു അദ്ദേഹത്തിനെന്നും താടിയുടെ പരപ്പുകൊണ്ട് അദ്ദേഹത്തിൻെറ നെഞ്ച് പുറത്തുകാണാനാവാത്ത വിധം മറഞ്ഞിരുന്നുവെന്നും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ മൂന്നാം ഖലീഫ ഉഥ്മാൻ ബിൻ അഫ്ഫാൻ (റ)നെക്കുറിച്ച് പറയുന്നു: മുട്ടു മടക്കിയിരുന്നാൽ താടിരോമങ്ങൾ അദ്ദേഹത്തിൻെറ മടിയിൽ വിശ്രമിക്കുമാറ് നീളമുള്ളതായിരുന്നു. പ്രവാചകൻ(സ)യുടെ ആകാശയാത്രയിൽ അഞ്ചാമത്തെ ആകാശത്തിൽ വെച്ച് ഹാറൂൺ നബി(അ)നെ കണ്ട കാര്യം പരാമർശിക്കുന്നുണ്ട്. തിരുമേനി(സ) പറഞ്ഞു: "അദ്ദേഹത്തിൻെറ താടിയുടെ പകുതി വെളുത്തതും ബാക്കി പകുതി കറുത്തതുമാണ്. അതിൻെറ നീളം അദ്ദേഹത്തിൻെറ പൊക്കിൾകുഴി വരെ എത്തിയിരുന്നു".

ഇതാണ് പ്രവാചകൻമാരുടെ മുഖങ്ങൾ! ഇതാണ് ഖലീഫമാരുടെ മുഖങ്ങൾ! ഹിജ്റ ഏഴാം നൂറ്റാണ്ടുവരെയുള്ള സത്യവിശ്വാസികളുടെ മുഖങ്ങളും അപ്രകാരമായിരുന്നു! അക്കാലഘട്ടം വരെ താടി നീക്കം ചെയ്യുക എന്നത് മുസ്‌ലിംകൾക്കപരിചിതമായിരുന്നു. എങ്കിൽ ആരെയാണ് നാം പിൻപറ്റുന്നത്? പ്രവാചകൻമാരെയും ഖലീഫമാരെയുമാണോ? ഏഴാം നൂറ്റാണ്ടിനു ശേഷം വന്ന നവീന വാദികളെയാണോ? അതോ അവരവരുടെ ദേഹേഛകളെയാണോ? യഥാർഥ നബി ചര്യ പിൻപറ്റു

ന്നവർ തങ്ങളാണെന്ന് വാദിക്കുകയും അതിൻെറ പേരിൽ സംഘടിക്കുകയും ചെയ്യുന്നവർ പോലും നബിചര്യയോടെത്രമാത്രം ധിക്കാരമാണ് കാണിക്കുന്നത്! അവർ അല്ലാഹുവിനോട് പോരാടുന്നവർ കൂടിയാണ്. റബ്ബേ, നീ എൻെറ കവിളിൽ രോമം മുളപ്പിച്ചോ, അത് നീക്കം ചെയ്യാൻ എൻെറ പക്കൽ കത്തിയും കത്രികയും ഉണ്ട് എന്ന വെല്ലുവിളി! നഊദു ബില്ലാഹ്. ഇഹലോകത്തെയും പരലോകത്തെയും മുഴുവൻ നൻമകളും ബന്ധപ്പെട്ടു കിടക്കുന്നത് അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും അനുസരിക്കുന്നതിലൂടെയും പിൻപറ്റുന്നതിലൂടെയും മാത്രമാണ്. മതത്തെക്കുറിച്ചറിയുന്ന ഏതൊരു മുസ്‌ലിമിന്നും ഇതറിയാം. അല്ലാഹുവിനെയും പ്രവാചകനെയും കൈവെടിയുകയും ദേഹേഛയെയും പിശാചിനെയും പിൻപറ്റുകയും ചെയ്യുന്നതിലൂടെയാണ് സർവ്വ തിൻമകളും വന്നുചേരുന്നത് എന്നും അവർക്കറിയാം. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ (- നബിയെ - പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. (എന്നാൽ) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനി

ധിയുമത്രെ - ആലു ഇംറാൻ:31) അല്ലാഹു ജല്ല ജലാലു ഹു പറയുന്നു: فَأَمَّا مَنْ طَغَى. وَآثَرَ الْحَيَاةَ الدُّنْيَا. فَإِنَّ الْجَحِيمَ هِيَ الْمَأْوَى. وَأَمَّا مَنْ خَافَ مَقَامَ رَبِّهِ وَنَهَى النَّفْسَ عَنِ الْهَوَى. فَإِنَّ الْجَنَّةَ هِيَ الْمَأْوَى (എന്നാൽ - അന്ന് - ആര് അതിരു കവിയുകയും ഐഹിക ജീവിതത്തിന്നു പ്രാധാന്യം നല്കുകയും ചെയ്തുവോ - അവന്ന് - കത്തിജ്വലിക്കുന്ന നരകം തന്നെയാണു സങ്കേതം. അപ്പോൾ ഏതൊരാൾ തൻെറ റബ്ബിൻെറ സ്ഥാനത്തെ (അവൻെറ മുമ്പിൽ നില്ക്കുന്നതിനെ) ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കി നിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗ്ഗം തന്നെയാണു സങ്കേതം - നാസിആത്ത് : 37-41)

ഈ സ്വർഗ്ഗപ്രവേശം പ്രവാചകനെ അനുസരിച്ചു കൊണ്ടല്ലാതെ വല്ലവർക്കും സാധിക്കുമോ? അവിടുന്ന് പറഞ്ഞു: من أطاعني دخل الجنة (ആര് എന്നെ അനുസരിച്ചുവോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു).

ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ഉത്തരവാദപ്പെട്ടവർ, താടി വടിച്ചേ വരാവൂ എന്നോ താടി വെട്ടിയേ വരാവൂ എന്നോ ഉത്തരവിറക്കിയാൽ എന്ത് ചെയ്യും എന്ന് ശങ്കിക്കുന്നവരുണ്ട്. അവർക്ക് പ്രവാചകൻെറ മൊഴികളിതാ..... إنما الطاعة في المعروف (തീർച്ചയായും പുണ്യത്തിൽ

മാത്രമെ അനുസരണമുള്ളൂ) لا طاعة لمخلوق في معصية الخالق (സ്രഷ്ടാവിനെ ധിക്കരിച്ചു കൊണ്ട് ഒരു സൃഷ്ടിയേയും അനുസരിക്കരുത്) അല്ലാഹുവിനെയും പ്രവാചകനെയും അനുസ്‌രിക്കുക. അവരുടെ നിർദ്ദേശങ്ങൾക്കെതിരിൽ മറ്റാരെയും അനുസരിച്ചുകൂടാ. മുസ്‌ലിം പുരുഷന്റെ മുഖസൗന്ദര്യം തീരുമാനിക്കേണ്ടത് അല്ലാഹുവും അവന്റെ ദൂതരുമാകുന്നു. താടി വടിച്ച് സ്ത്രീ മുഖികളാവുന്നവർ സ്ത്രീ ലമ്പടരാണെന്ന് ചില പൂർവ്വകാല പണ്ഡിതൻമാർ പറഞ്ഞിട്ടുണ്ട്. സൗദി അറേബ്യയിലെ മുഖ്യ മുഫ്തി, ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസ് തന്റെ ഫതാവയിൽ ഇക്കാര്യം സ്മരിച്ചിട്ടുണ്ട്.

നാട്ടിൽ നിന്നും ഗൾഫിലേക്കു വന്ന ചില യുവ പണ്ഡിതൻമാർ ഇവിടെ ചില മതസ്ഥാപനങ്ങളിലൊക്കെ ദീർഘകാലം ജോലി നോക്കുകയുണ്ടായി. അക്കാലയളവിൽ നാം അവരെ കണ്ടത് യഥേഷ്ടം താടി നീട്ടി വളർത്തിയ ആളുകളായിട്ടാണ്. അവരിൽ ചിലരെ സ്വദേശത്ത് വെച്ച് നാം കാണുന്നത് താടി നന്നായി വെട്ടിച്ചെറുതാക്കിയ രൂപത്തിലാണ്. നാട്ടിലെ കാര്യം നില്ക്കട്ടെ, ഗൾഫിൽ തന്നെ, മതസ്ഥാപനങ്ങളിലെ ജോലി മതിയാക്കി സ്വന്തം ബിസിനസ്സുമായി ഇറങ്ങിത്തിരിച്ച പണ്ഡിതൻമാരിൽ ചിലരുടെ താടിയും ഇപ്രകാരം വെട്ടിച്ചെറു

താക്കപ്പെട്ടിട്ടുണ്ട്. ഈ ആളുകളുടെ താടികൾക്ക് സ്ഥല കാല പരിമിതികളുണ്ടെന്നർഥം. അല്ലാഹു കാക്കട്ടെ-.

തിരുമേനി(സ) പറഞ്ഞു: انه يأتي في آخر الزمان شياطين يدعون الى عصيان الله والى ارتكاب محارمه (അവസാന കാലത്ത് അല്ലാഹുവെ ധിക്കരിക്കാൻ പ്രേരിപ്പിക്കുകയും അവൻ നിഷിദ്ധമാക്കിയത് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന ചില ചെകുത്താൻമാർ വരാനുണ്ട്)

അല്ലാഹുവും അവൻെറ പ്രവാചകനും കല്പിച്ച പോലെ, അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുന്നതിൻെറ ഭാഗം തന്നെയാണ് പുരുഷൻ തൻെറ മുഖത്തണിയുന്ന ഈ സൗന്ദര്യവും. അത് നീട്ടി വളർത്തലും സമൃദ്ധമാക്കലും സ്വതന്ത്രമായി വിടലും അല്ലാഹുവിൻെറയും പ്രവാചകൻ(സ)യുടെയും കല്പന അനുസരിക്കലാണ്. അതാണ് ഇരുലോകത്തുമുള്ള പ്രതാപത്തിൻെറയും സംതൃപ്തിയുടെയും വിജയത്തിൻെറയും ശ്ളാഘനീയമായ പര്യവസാനത്തിൻെറയും മാർഗ്ഗം.

അനസ്(റ) പറയുന്നു: كان رسول الله صلى الله عليه وسلم يكثر دهن رأسه وتسريح لحيته ويكثر القناع (നബി(സ) അധികമായി തലയിൽ എണ്ണയിടുകയും താടി ചീകുകയും ചെയ്തിരുന്നു. തല മറച്ചു കൊണ്ടായിരുന്നു അവിടുന്ന് അധിക സമയവും - തിർമുദി). തലമുടിയെ, താടി

രോമങ്ങളെ അലങ്കരിക്കുന്നതിൽ പ്രവാചകൻ(സ) കാണിച്ചുതന്ന മാതൃകയാണത്. അവിടുന്ന് പറയുന്നു: من كان له شعر فليكرمه (മുടിയുള്ളവർ അതിനെ ആദരിക്കട്ടെ - അബൂദാവൂദ്) - അതിനെ അലങ്കരിക്കാതെ വികൃതമാക്കി വിട്ടവരെ പ്രവാചകൻ(സ) ഗുണദോഷിക്കുന്നതും നാം കാണുന്നു. അത്വാഉ ബിൻ യാസിർ പറയുന്നു: റസൂൽ(സ) പള്ളിയിലിരിക്കുമ്പോൾ തലയും താടിയും (ചീകിയൊതുക്കായ്കയാൽ) പാറിപ്പറന്ന അവസ്ഥയിൽ ഒരാൾ കടന്നു വരുന്നു. തിരുമേനി(സ) അയാളോട് താടിയും മുടിയും നേരെയാക്കാൻ കല്പിക്കുന്ന പോലെ ആംഗ്യം കാണിച്ചു. അയാളപ്രകാരം ചെയ്തു. തിരിച്ചു വന്നപ്പോൾ നബി(സ) പറഞ്ഞു: اليس هذا خيرا من أن يأتي احدكم وهو ثائر الرئس كأنه شيطان (നിങ്ങളിലൊരാൾ പിശാചിനേപോലെ പാറിപ്പറക്കുന്ന തലമുടിയുമായി വരുന്നതിനേക്കാൾ ഉത്തമം ഇതല്ലേ!)

ഓരോന്നിൻെറയും അവകാശം അപ്രകാരം നാം വകവെച്ചു കൊടുക്കേണ്ടതുണ്ട്. കവിളിനു നല്കേണ്ട ബാധ്യത എങ്ങിനെ നിർവ്വഹിക്കണമെന്ന് തിരുമേനി(സ) പഠിപ്പിച്ചു തന്നു. ഹജ്ജത്തുൽ വദാഇൽ പ്രവാചകൻ(സ) ചെയ്ത ഖുതുബയിൽ അനന്തരാവകാശത്തെ സംബന്ധിച്ച

വസ്വിയ്യത്തിൽ നാം ഇങ്ങിനെ കേട്ടു: ان الله تبارك وتعالى قد اعطى كل ذي حق حقه (നിശ്ചയം, ഉന്നതനും പരിശുദ്ധനുമായ അല്ലാഹു ഓരോ അവകാശിക്കും അതിന്റെ അവകാശം നല്കിയിട്ടുണ്ട് - തിർമുദി)

ഇമാം ബുഖാരി(റ) റിപ്പോർട്ടു ചെയ്യുന്നു: ان لربك عليك حقا ولنفسك عليك حقا ولأهلك عليك حقا فاعط كل ذى حق حقا (നിശ്ചയം, നിന്റെ റബ്ബിനോട് നിനക്ക് ബാധ്യതയുണ്ട്. നിന്റെ ശരീരത്തോട് നിനക്കു ബാധ്യതയുണ്ട്. നിന്റെ കുടുംബത്തോട് നിനക്ക് ബാധ്യതയുണ്ട്. അതിനാൽ എല്ലാ അവകാശിക്കും അതിന്റെ അവകാശം നല്കുക). ഇതിൽ ശരീരത്തോട്, അതിലെ അംഗങ്ങളോട് ഏതൊക്കെ രൂപത്തിലാണ് ബാധ്യത വീട്ടേണ്ടതെന്ന് അല്ലാഹു കല്പിച്ചുവോ, പ്രവാചകൻ കല്പിച്ചുവോ അപ്രകാരം അത് നിർവ്വഹിക്കപ്പെടണം. ഭക്തനായ മുസ്‌ലിമായിത്തീരുകയെന്നത് ദേഹേച്ഛയോടുള്ള സമരമാണെന്ന് നാമറിയണം.

ഈ കവിൾ ചർമ്മങ്ങളെയും മേൽചുണ്ടുകളെയും കല്പിക്കപ്പെട്ട പ്രകാരം പരിപാലിക്കാതെയും റസൂൽ(സ)യെ അങ്ങിനെ അനുസരിക്കാതെയും പരലോകത്തെത്തി

ച്ചേരുന്ന ഒരു മനുഷ്യൻെറ സ്ഥിതിയോ! അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَلا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْؤُولاً (നിനക്കറിയാത്ത യാതൊന്നിൻെറയും പിമ്പെ നീ പോവരുത്. നിശ്ചയം കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്- ഇസ്റാഅ്: 36) ഈ ചോദ്യം ചെയ്യപ്പെടുന്ന നാളിനുമുണ്ട് പ്രത്യേകത. മറുപടി പറയുന്നത് വായകൊണ്ടായിരിക്കില്ലാ എന്നത് തന്നെ. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: الْيَوْمَ نَخْتِمُ عَلَى أَفْوَاهِهِمْ وَتُكَلِّمُنَا أَيْدِيهِمْ وَتَشْهَدُ أَرْجُلُهُمْ بِمَا كَانُوا يَكْسِبُونَ (അന്ന് നാം അവരുടെ വായകൾക്ക് മുദ്രവെക്കുന്നതും അവരുടെ കൈകൾ നമ്മോടു സംസാരിക്കുന്നതും അവർ പ്രവർത്തിച്ചിരുന്നതിനെ പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ് - യാസീൻ : 65) സംസാരിക്കാൻ കൈകൾ മാത്രമല്ല ചർമ്മവും അതിനു തയ്യാറായി വരുന്നുവെന്നതും ഈ നാളിൻെറ പ്രത്യേകതയാണ്. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَمَا كُنْتُمْ تَسْتَتِرُونَ أَنْ يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلا أَبْصَارُكُمْ وَلا جُلُودُكُمْ وَلَكِنْ ظَنَنْتُمْ أَنَّ اللَّهَ لا يَعْلَمُ كَثِيراً مِمَّا تَعْمَلُونَ (നിങ്ങളുടെ കേൾവികളൊ നിങ്ങളുടെ കാഴ്ചകളൊ നിങ്ങളുടെ ചർമ്മങ്ങളൊ നി

ങ്ങൾക്കെതിരിൽ സാക്ഷി നിൽക്കുമെന്ന് കരുതി നിങ്ങൾ (അവയിൽ നിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ല. എന്നാൽ നിങ്ങൾ വിചാരിച്ചത് നിങ്ങൾ പ്രവർത്തിക്കുന്നതിലധികവും അല്ലാഹു അറിയുന്നില്ലെന്നാണ്. ഫുസ്വിലത്:22) ഇനിയും റബ്ബ് ജല്ല ജലാലുഹു പറയുന്നു: حَتَّىٰ إِذَا مَا جَاءُوهَا شَهِدَ عَلَيْهِمْ سَمْعُهُمْ وَأَبْصَارُهُمْ وَجُلُودُهُمْ بِمَا كَانُوا يَعْمَلُونَ (അങ്ങിനെ അവർ അവിടെ ചെന്നാൽ അവരുടെ കേൾവിയും അവരുടെ കാഴ്ചകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചു കൊണ്ടിരുന്നതിനെപ്പറ്റി അവർക്കെതിരിൽ സാക്ഷി പറയുന്നതാണ് - ഫുസ്വിലത്:20)

അന്ത്യനാളിൽ ഒരാളും തനിക്കനുകൂലമായി സാക്ഷി പറയാനുണ്ടാവാത്ത നിസ്സഹായാവസ്ഥയിൽ തനിക്കു സാക്ഷിപറയാൻ താനല്ലാതെ മറ്റാരുമില്ലല്ലോ എന്ന് വേവലാതി കൊള്ളുന്ന സന്ദർഭത്തിലാണ് ഈ രംഗം അരങ്ങേറുന്നത്. തിരുമേനി(സ) അക്കാര്യം വിശദീകരിക്കുന്നത് നോക്കൂ....!

അനസ്(റ) ഉദ്ധരിക്കുന്നു: ഖിയാമത്തു നാളിൽ ഒരു അടിമ, എനിക്കു എന്നിൽ നിന്നല്ലാതെ (പുറമെ നിന്ന്)

സാക്ഷി ലഭിക്കാനില്ലാ എന്ന് പറയും. അപ്പോൾ, അല്ലാഹു അവന്റെ വായിൽ മുദ്ര വെയ്ക്കും. അവന്റെ അവയവങ്ങളോട് സംസാരിക്കാൻ പറയും. അവൻ ചെയ്തവയെപ്പറ്റി അവ സംസാരിക്കും. (അവന്നനുകൂലമായി അവന്റെ ശരീരാംഗങ്ങൾ പോലും സാക്ഷി പറയാത്ത വിചിത്ര രംഗം !) തുടർന്ന്, അവന്ന് സംസാരിക്കാനുള്ള അവസരം കൊടുക്കും. അപ്പോഴവൻ അവയോട് (തന്റെ ശരീരഭാഗങ്ങളോട്) പറയും: നിങ്ങൾക്ക് എത്ര വിദൂരം ! നിങ്ങൾക്കു വേണ്ടിയായിരുന്നല്ലോ (ഇഹത്തിൽ വെച്ച്) ഞാൻ പ്രതിരോധിച്ചു പോന്നിരുന്നത്! (മുസ്‌ലിം). ഇന്ന് നിങ്ങൾ എനിക്കെതിരെ സാക്ഷി പറയുകയാണോ! നിങ്ങളെ ഞാൻ തീറ്റിപ്പോറ്റിയതും പരിപോഷിപ്പിച്ചതും മിനുക്കിക്കൊണ്ട് നടന്നതും ഇതിന്നു വേണ്ടിയായിരുന്നുവോ എന്ന് അമ്പരപ്പോടെയും ഭയപ്പാടോടെയും തന്റെ അംഗങ്ങളോട് തന്നെ അവൻ ചോദിക്കുന്ന രംഗമാണ് നാമിവിടെ കാണുന്നത്!.

# കേശസൗന്ദര്യം

മനുഷ്യരുടെ സൗന്ദര്യസങ്കൽപ്പത്തിൽ സ്ത്രീ പുരുഷൻ മാരുടെ തലമുടികൾക്ക് മുഖ്യമായ സ്ഥാനമാണുള്ളത്. കാലാനുക്രമം അവയുടെ അലങ്കാരങ്ങൾക്ക് മാറ്റങ്ങൾ വന്നിട്ടുണ്ട് എന്നതു നേരു തന്നെ. എന്നാൽ ഇത്തരം മാറ്റങ്ങൾ അഥവാ ഇങ്ങിനെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഇസ്‌ലാമിൻെറ അനുയായികൾക്ക് മതം അനുവദിക്കുന്നില്ല. സ്ത്രീ പുരുഷൻമാരോട് പ്രത്യേകം പ്രത്യേകമായാണ് ഇക്കാര്യത്തിൽ മതം സംസാരിക്കുന്നത്.

ധാരാളം തലമുടിയുള്ള ആളായിരുന്നു പ്രവാചകൻ (സ). തലമുടി പൂർണ്ണമായും വളർത്തി പിരടിയിൽ ചെവിക്കുന്നിക്കു നേരെ വെച്ച് മുറിച്ചു കളയാറായിരുന്നു അവിടുത്തെ പതിവ്. ചെവിക്കുന്നിക്ക് താഴേക്ക് ഇറക്കാറുണ്ടായിരുന്നില്ല എന്ന് സാരം. വളരെ അപൂർവ്വമായി മാത്രമേ അവിടുന്ന് തല മുണ്ഡനം ചെയ്തിരുന്നുള്ളൂ. അതു തന്നെ അധികവും ഹജ്ജിൽ നിന്നോ ഉംറയിൽ നിന്നോ വിരമിച്ച സന്ദർഭത്തിലായിരുന്നു താനും.

തലയിൽ നിന്ന് ചിലഭാഗങ്ങൾ വടിക്കുകയും ചില ഭാഗങ്ങൾ വിട്ടുകളയുകയും ചെയ്ത ഒരാളോട് പ്രവാച

കൻ (സ) അങ്ങിനെ ചെയ്യുന്നത് വിലക്കി. വടിക്കുകയാണെങ്കിൽ തല മുഴുവനും വടിക്കുവാനും വിട്ടേക്കുകയാണെങ്കിൽ മുഴുവനും വിട്ടേക്കുവാനുമാണ് അവിടുന്ന് കൽപ്പിച്ചത്. ഇതിനെ ആധാരമാക്കി തലമുടി വെട്ടുമ്പോഴും അപ്രകാരം ചെയ്യണമെന്നും ചിലഭാഗം വെട്ടിച്ചെറുതാക്കുകയും ചിലഭാഗം നീളം കൂട്ടിവെക്കുകയും ചെയ്യരുതെന്നും ചില പണ്ഡിതൻമാർ വിധിച്ചിട്ടുണ്ട്.

സ്ത്രീയെ സംബന്ധിച്ച്, അവളുടെ മുടി വെട്ടുന്നതിന്നും വടിക്കുന്നതിന്നും ഇസ്‌ലാം അനുവാദം തരുന്നില്ല. ഹജ്ജിലോ ഉംറയിലോ നിന്ന് വിരമിക്കേണ്ട ഘട്ടത്തിൽ പോലും അവളുടെ തലമുടിയുടെ അറ്റം പിടിച്ച് അതിൽ നിന്നൊരൽപ്പം മാത്രമേ വെട്ടിക്കളയാൻ അനുവാദം തരുന്നുള്ളൂ. പെൺപൈതലിൻെറ പ്രസവമുടി പോലും വടിച്ചു കളയരുതെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. അത്രമാത്രം ഗൗരവമാർന്നതാണ് സ്ത്രീയുടെ തലമുടി.

പെൺകുട്ടികളുടെ മുടി അലങ്കരിക്കുന്നതിൻെറ ഭാഗമായി പിരടിയിൽ വെച്ച് മുറിക്കുകയും മുഖത്ത് നെറ്റിക്കുമുകളിൽ വെച്ച് മുറിച്ച് നെറ്റിയിലേക്ക് അലങ്കാര പൂർവ്വം വാർന്നിടുകയും ചെയ്യുന്ന പതിവ് ചില നാടുകളിലൊക്കെ കാണാറുണ്ട്. പ്രവാചകമൊഴിയെ ആധാരമാക്കി ഇത്തരത്തിലുള്ള കേശാലങ്കാരങ്ങളൊക്കെ പണ്ഡിത

ൻമാർ വിരോധിച്ചു. പെൺവർഗ്ഗത്തിന്റെ തലമുടി വെട്ടിയലങ്കരിക്കുവാൻ പ്രവാചകൻ(സ) അനുവാദം തന്നിട്ടില്ല. ഈ വിഷയത്തിൽ കൂടുതൽ അറിയാനാഗ്രഹിക്കുന്നവർ ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാ ബിൻ ബാസ്, ശൈഖ് ഡോ. അബ്ദുല്ലാ ബിൻ ജിബ്രീൻ, ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉഥൈമീൻ തുടങ്ങിയ അറബികളും സലഫീകളുമായ പണ്ഡിതരുടെ ഫത്‌വകൾ പരിശോധിക്കുക.

സ്ത്രീയുടെ തലമുടി മെടഞ്ഞിടുന്നതിനോ എണ്ണയിട്ട് വാർന്നു വെക്കുന്നതിനോ ഇസ്‌ലാം വിലക്കു കൽപ്പിക്കുന്നില്ല. എന്നാൽ ഇരട്ടപ്പൂഞ്ഞ ഒട്ടകത്തിന്റെ പൂഞ്ഞ പോലെ മൂർദ്ധാവിലോ വശങ്ങളിലേക്ക് ചായ്ചോ ഉണ്ട പോലെ കെട്ടിവെക്കുന്നത് മതം വിലക്കുന്നു. തലമുടിയുടെ ആധിക്യം കാട്ടാനായി കൃത്രിമ മുടികൾ ഈ സ്ഥാനത്ത് കൂട്ടിക്കെട്ടുന്ന പതിവും ചില സ്ത്രീകൾക്കുണ്ട്. സ്വർഗ്ഗത്തിൽ പ്രവേശിക്കുകയോ സ്വർഗ്ഗീയ പരിമളം ആസ്വദിക്കുകയോ ചെയ്യാനാവാത്ത, കൊഞ്ചിക്കുഴഞ്ഞ് നടക്കുന്ന ഒരു വിഭാഗം പെണ്ണുങ്ങളെക്കുറിച്ച് "വസ്ത്രാലങ്കാരം" എന്ന അദ്ധ്യായത്തിൽ പരാമർശിക്കുന്നുണ്ട്. ആ ഹദീസിൽ ഇത്തരം കേശാലങ്കാരത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. അല്ലാഹുവിന്റെ ദൂതർ(സ) പറയുന്നു: لعن

الله الواصلة والمستو صلة والواشمة والمستوشمة ("കൃത്രിമ മുടി കൂട്ടിച്ചേർക്കുന്നവളെയും അതിന്ന് പ്രേരിപ്പിക്കുന്നവളെയും ശരീരത്തിൽ പച്ച കുത്തുന്നവളെയും അതിന്നു പ്രേരിപ്പിക്കുന്നവളെയും അല്ലാഹു ശപിച്ചിരിക്കുന്നു" - ബുഖാരി, മുസ്ലിം). ചെയ്യുന്നവൾ മാത്രമല്ല, അതിനു പ്രേരിപ്പിക്കുന്നവളും ശപിക്കപ്പെട്ടവളാണെങ്കിൽ അപ്രകാരം ചെയ്തു കൊടുക്കുന്നവളും ഇതിൽ നിന്നൊഴിവാകുമോ.....?

കേശസൗന്ദര്യത്തിൻെറ ഭാഗമായി അത് ഡൈ ചെയ്ത് കറുപ്പിക്കുന്നവരും മുസ്ലിംകൾക്കിടയിലുണ്ട്. ഇത്തരം കൃത്രിമങ്ങളെയൊക്കെ അല്ലാഹു ശപിച്ചിരിക്കുന്നു. രോഗം മൂലം തലമുടി നീക്കം ചെയ്യേണ്ടി വന്ന, വിവാഹ നാളിൽ തൻെറ മകളെ മണവാട്ടിയായി അവളുടെ ഭർത്താവിനടുത്തേക്ക് അയക്കപ്പെടുമ്പോൾ കേശസൗന്ദര്യത്തെക്കുറിച്ച് വിഭ്രാന്തി പൂണ്ട, അൻസ്വാരിയായ സ്ത്രീയോട് പ്രവാചകൻ(സ) പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. "കൃത്രിമമുടി വെക്കുന്നവളെയും വെപ്പിക്കുന്നവളെയും അല്ലാഹു ശപിച്ചിരിക്കുന്നു".

മുഖസൗന്ദര്യത്തിൻെറയും ശിരോഭംഗിയുടെയും പേരിൽ പുരുഷൻമാരും സ്ത്രീകളുമണിയുന്ന വിഗ്ഗുകളും ഇ

തിൽപെടുന്നു. മുഖത്തിൻെറയും കൺപോളകളുടെയും അതിർത്തികൾ വിശാലമാക്കാനായി അവിടെയുള്ള രോമങ്ങൾ പറിച്ചു നീക്കുന്നതും പ്രവാചക ശാപത്തിന്ന് വിധേയമായ സംഗതികളാണ്. കൈകാലുകളുടെയും മുഖത്തിൻെറയും സൗന്ദര്യവർദ്ധനവിനായി പ്ളാസ്റ്റിക് സർജറീകേന്ദ്രങ്ങൾ വ്യാപകമായിരിക്കുന്ന നാട്ടിൽ ഓരോ വിശ്വാസിയും തൻെറ ഭക്തിയുടെ വസ്ത്രം ഊർന്നു വീഴുന്നത് വളരെ ഗൗരവത്തോടു കൂടി കാണേണ്ടിയിരിക്കുന്നു.

ഇങ്ങിനെയുള്ള കൃത്രിമത്വവാഹികളായ 'സൗന്ദര്യധാമ'ങ്ങളെ കൺകുളിർക്കെ കണ്ടാസ്വദിക്കാനും നമുക്കനുവാദമില്ല. വ്യത്യസ്ത മതക്കാർ താമസിക്കുന്ന, വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങൾ ശീലിച്ചു പോരുന്ന ഒരു നാട്ടിൽ ഇസ്‌ലാമിൻെറ സന്താനം ശരിയായ സൂക്ഷ്മതയും നിയന്ത്രണവും പാലിക്കേണ്ടതുണ്ട്. ആസ്വാദനങ്ങൾക്കു പിന്നാലെ തൻെറ ഇന്ദ്രിയങ്ങളെ അയാൾ തുറന്നു വിടരുത്.

## മറ്റു ശാരീരിക സൗന്ദര്യങ്ങൾ

ശരീരത്തിൻെറ മറ്റവയവങ്ങളിലും ഇസ്ലാമിൻെറതായ സൗന്ദര്യദർശനങ്ങളുണ്ട്. ഓരോ മുസ്ലിമും അതറിഞ്ഞിരിക്കേണ്ടതുണ്ട്. സൗന്ദര്യാസ്വാദനങ്ങൾക്കു നേരെ കെട്ടഴിച്ചുവിട്ട ഒരു സമീപനമല്ല ഇസ്ലാമിന്നുള്ളതെന്ന് ഇതേവരെയുള്ള വായനയിൽ നിന്ന് നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

താടിയിലും മീശയിലുമെന്ന പോലെ കൈകാൽ വിരലുകളിലെ നഖങ്ങളിലും കക്ഷങ്ങളിലും ഗുഹ്യപ്രദേശങ്ങളിലുമൊക്കെ ഇസ്ലാം ചില മര്യാദകളൊക്കെ നിർദ്ദേശിക്കുന്നുണ്ട്. പ്രവാചകൻ(സ) പറയുന്നു: خمس من الفطرة : الاستحداد والختان وقص الشارب ونتف الابط وتقليم الأظفار (അഞ്ചുകാര്യങ്ങൾ ശുദ്ധപ്രകൃതിയിൽ പെട്ടതാണ്: ഗുഹ്യരോമം വടിക്കുക, ചേലാ കർമ്മം ചെയ്യുക, മീശ വെട്ടുക, കക്ഷരോമം പറിക്കുക, നഖം മുറിക്കുക - ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമുദി - തുഹ്ഫതുൽ അഹ്വദി -, നസാഈ, ഇബ്നുമാജ, അൽ മുവത്ത്വ)

الفطرة എന്നതിന്ന് ശുദ്ധമായ പ്രകൃതി എന്നാണ് തർജ്ജമ ചെയ്തത്. എന്നാൽ പിന്തുടരാൻ നമ്മോടു

കല്പിക്കപ്പെട്ട പൂർവ്വപ്രവാചകൻമാരുടെ ചര്യ എന്നാണ് അതിന്റെ വിശദീകരണം. എല്ലാ പ്രവാചകൻമാരും അനുഷ്ഠിച്ചു വന്ന ജീവിതക്രമമാണത്. ഇസ്ലാമിന്റെ ആരംഭദശ മുതലുള്ള സൗന്ദര്യ വീക്ഷണമാണത്. നാമതേപ്പറ്റി വ്യക്തമായും അറിയേണ്ടതല്ലേ!

ഗുഹ്യരോമം വടിക്കൽ: പുരുഷലിംഗത്തിന്റെ മുകളിലും ചുറ്റുഭാഗത്തും സ്ത്രീയുടെ യോനീതടങ്ങളിലും മുളച്ചു വരുന്ന രോമങ്ങളാണിത്. അബിൽ അബ്ബാസ് ഇബ്നു സുറൈജിനെപ്പോലുള്ള പണ്ഡിതൻമാർ ഗുദ ദ്വാരത്തിനു ചുറ്റുമുള്ള രോമങ്ങളെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതായാലും ഗുഹ്യപ്രദേശത്തെ ഈ രോമങ്ങൾ വടിക്കലാണുത്തമം. എന്നാൽ വെട്ടിച്ചെറുതാക്കുന്നതിന്നോ പറിച്ചു മാറ്റുന്നതിന്നോ വിരോധങ്ങളൊന്നുമില്ല.

ആർത്തവകാരികളായ ചില സ്ത്രീകൾ, അവർ ശുദ്ധിയാകുന്ന വേളകളിൽ ഗുഹ്യരോമങ്ങൾ നീക്കാറുണ്ട്. ഇതിങ്ങനെ പതിവാക്കണമെന്നൊന്നും മതം അവരോട് കല്പിക്കപ്പെട്ടിട്ടില്ല. രണ്ട് ആർത്തവ ഘട്ടങ്ങൾക്കിടയിലും അവർക്കത് നീക്കാവുന്നതാണ്.

വൃദ്ധരായ സ്ത്രീ പുരുഷൻമാർ തങ്ങളുടെ ഗുഹ്യരോമങ്ങൾ നീക്കം ചെയ്യുന്നതിന്ന് സ്വയം പ്രാപ്ത

രല്ലാതാവുമ്പോൾ മാതാവ് തൻെറ പുത്രിയെ കൊണ്ടും പിതാവ് തൻെറ പുത്രനെകൊണ്ടും ഗുഹ്യരോമം നീക്കാൻ സഹായം തേടാവുന്നതാണ്. ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസിൻെറ നേതൃത്വത്തിലുള്ള സൗദിയിലെ പണ്ഡിത സഭ അപ്രകാരം ഫത്‌വ നല്കിയിട്ടുണ്ട്. മനുഷ്യരുടെ സ്വകാര്യ തടങ്ങളിൽ പോലും ഇസ്‌ലാം സൂക്ഷിക്കുന്ന വിശുദ്ധിയുടെയും സൗന്ദര്യത്തിൻെറയും ശീലങ്ങളാണിത്.

**ചേലാകർമ്മം ചെയ്യൽ:** പുരുഷൻെറ ലിംഗാഗ്രത്തിലെ ചർമ്മം ഛേദിച്ചു കളയലാണിത്. ലിംഗ വളയം പുറത്തു കാണത്തക്ക വിധം അതിനെ പൊതിഞ്ഞു നില്ക്കുന്ന ചർമ്മത്തെയാണ് ഛേദിക്കുന്നത്. സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇമാം മാവർദി വ്യക്തമാക്കിയത് പോലെ അവളുടെ യോനിക്കു മുകളിലെ ഈത്തപ്പഴക്കുരുപോലെയോ കോഴിപ്പൂവ് പോലെയോ തോന്നിക്കുന്ന ഭാഗത്തെ ചർമ്മത്തിൽ നിന്ന് അല്പം ഛേദിക്കലാണ്. പുരുഷൻമാർക്കാണ് പരിഛേദനം നിർബന്ധമായത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഉത്തമമെന്ന് മാത്രം. ശുദ്ധ പ്രകൃതിയിൽ എണ്ണിയ ചേലാ കർമ്മം ചെയ്യുക എന്ന പട്ടികയിൽ സ്ത്രീയും പുരുഷനും ഉൾപ്പെടുന്നു. ശദ്ദാദ് ബിൻ ഔസ്(റ) പറയുന്നു: പ്രവാചകൻ(സ) പറഞ്ഞു: الختان سنة للرجال ومكرمة للنساء (ചേലാകർമ്മം പുരുഷൻമാ

ർക്ക് സുന്നത്തും സ്ത്രീകൾക്ക് മാന്യമായ കാര്യവുമാണ്). എന്നാൽ ചിലർ ധരിച്ചു വശായത് പോലെ ഇത് ചെയ്തില്ലെങ്കിൽ ഇസ്‌ലാമിൽ പ്രവേശിച്ചവനാകില്ലെന്നും ഇങ്ങിനെ ചെയ്യാത്തവനെ ഇമാമത്തിന് പറ്റില്ലെന്നും പറയുന്നത് ശരിയല്ല. പ്രായാധിക്യം മൂലമോ രോഗം മൂലമോ ഛേദനം പ്രയാസമുള്ളവരുമുണ്ടാവും. ഏതായാലും ശുദ്ധപ്രകൃതിയുടെ പരിപൂർണ്ണതക്ക് അത് അനിവാര്യമാണെന്നല്ലാതെ അങ്ങിനെ ചെയ്യാത്തവരെ ആക്ഷേപിക്കാനോ അകറ്റിനിർത്താനോ പാടില്ലെന്ന് പണ്ഡിതൻമാർ മതവിധി നല്കിയിട്ടുണ്ട്. സ്ത്രീകളുടെ ചേലാകർമ്മം നമ്മുടെ നാടുകളിൽ പതിവില്ലാ എന്നത് ശരിതന്നെ. എന്നാൽ സൗദി അറേബ്യയടക്കമുള്ള മിക്ക അറബ്, ആഫ്രിക്കൻ രാജ്യങ്ങളിലും അത് നിലവിലുണ്ട്. ഒരു വിജ്ഞാനം എന്ന നിലക്ക് ഇതിവിടെ പറഞ്ഞെന്നു മാത്രം.

ചേലാകർമ്മം ചെയ്യാൻ പറ്റിയ ഏറ്റവും നല്ല സമയം പ്രസവിച്ചതിൻെറ ഏഴാം നാളിലാണ്. റസൂൽ(സ) തൻെറ പേരക്കുട്ടികളായ ഹസൻ(റ), ഹുസൈൻ(റ) എന്നിവരെ അവരുടെ ഏഴാം നാളിലാണ് ചേലാകർമ്മം ചെയ്തത്. ആയിശാ(റ) അപ്രകാരം പറഞ്ഞതായി ഇമാം ഹാകിം, ഇമാം ബൈഹഖി എന്നിവർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ജാബിർ(റ) അപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്. പ്രസിദ്ധ ശാഫിഈ

പണ്ഡിതനായ ഇമാം നവവി(റ) മേലുദ്ധരിച്ച റിപ്പോർട്ടർമാരെ അവലംബിച്ച് ഏഴാം നാളിൽ ചേലാകർമ്മം ചെയ്യലാണുത്തമം എന്നഭിപ്രായപ്പെട്ടിട്ടുണ്ട്. ഉത്തമം അതാണെന്നേ ഇതിൽ നിന്ന് കരുതാവൂ... സൗകര്യപ്പെട്ട മറ്റേതെങ്കിലും സന്ദർഭങ്ങളിൽ ചെയ്യുന്നതിന്ന് വിരോധമില്ല താനും.

ഈ ദിവസത്തിൽ ആഹാരമൊരുക്കുന്നതും ആളുകളെ വിളിച്ചു ഭക്ഷണമൂട്ടുന്നതും ആഹ്ളാദം കൊള്ളുന്നതും വിരോധിക്കപ്പെട്ട കാര്യമല്ല. ചേലാകർമ്മം അല്ലാഹു നല്കിയ അനുഗ്രഹവും കാരുണ്യവുമാണ്. അതിന്ന് നന്ദി ചൊരിയാനും സന്തോഷം കൊള്ളാനും വിശ്വാസികളെ മതം തടയുന്നില്ല. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِمَّا يَجْمَعُونَ (പറയുക: അല്ലാഹുവിൻെറ അനുഗ്രഹം കൊണ്ടും അവൻെറ കാരുണ്യം കൊണ്ടും തന്നെ അവർ ആഹ്ളാദം കൊള്ളട്ടെ- അവർ സമ്പാദിച്ചു കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമത്രെ അത് - യൂനുസ് : 58)

ശുദ്ധ പ്രകൃതിയുടെ ക്രമത്തിൽ മൂന്നാമത് പറഞ്ഞ മീശ വെട്ടുക എന്ന വിഷയം നേരത്തെ ചർച്ച ചെയ്തു കഴിഞ്ഞതാണല്ലോ.

**കക്ഷരോമം** പറിക്കൽ: ഇത് നീക്കം ചെയ്യുക എന്ന അർഥത്തിലാണ് നമ്മുടെ മതപാഠശാലകളിൽ പഠിപ്പിച്ചു വരുന്നത്. പറിച്ചു നീക്കുക എന്ന് വ്യക്തമായി അവരെ പഠിപ്പിക്കുകയോ അതിൽ പരിശീലനം നേടാൻ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നതായറിവില്ല. ഇമാം ശാഫിഈ (റ)യുടെ മുമ്പിൽ കക്ഷരോമം വടിച്ചു നീക്കിയ ഒരാൾ വന്നു പറഞ്ഞു: 'പറിച്ചു നീക്കലാണ് നബിചര്യ എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ വേദന മൂലം എനിക്കതിന് സാധിക്കുന്നില്ല'. ഇത്തരം പരാതിക്കാർക്ക് ഇമാം ഗസ്സാലി(റ)യുടെ വാക്കുകൾ മറുപടിയാക്കാം. അദ്ദേഹം പറഞ്ഞു: "തുടക്കത്തിൽ അത് വേദനയുണ്ടാക്കുമെങ്കിലും പതിവാക്കിയാൽ അത് എളുപ്പമായിത്തീരും. "അതെന്തായാലും ഒരു മുസ്‌ലിമിൻെറ കക്ഷത്തിൻെറ വൃത്തിയുടെയും സൗന്ദര്യത്തിൻെറയും ഭാഗമാണത്. വിയർപ്പും അഴുക്കും ഒരുമിച്ചു കൂടി അവിടെ ദുർഗന്ധത്തിൻെറ ഉറവിടമായിത്തീരുന്നു. അതിന്നുള്ള സാധ്യത ഇല്ലാതാക്കുകയാണ് മതം. ഇങ്ങിനെ രോമം പറിച്ചു മാറ്റൽ ശീലമാക്കിയാൽ അവിടെ പരുക്കൻ രോമങ്ങളായിരിക്കില്ല നേർത്ത രോമങ്ങളായിരിക്കും പിന്നീട് വരിക. അത് തുടർന്നു പറിക്കാൻ എളുപ്പവുമായിരിക്കും. പറിച്ചായാലും വടിച്ചായാലും മറ്റെങ്ങിനെയായാലും അവിടെ രോമങ്ങൾ

വളർന്നു വർദ്ധിക്കാൻ അനുവദിക്കരുതെന്ന് മതം അവനോട് അനുശാസിക്കുന്നു.

**നഖം മുറിക്കൽ:** അഴുക്കും വിയർപ്പും ഒരുമിച്ചു കൂടുന്ന മറ്റൊരു പ്രദേശമാണ് നഖം. ചിലർ അതിനെ നീട്ടി വളർത്തിയും പോളിഷ് ചെയ്തും അലങ്കരിക്കാറുണ്ട്. എത്ര വൃത്തിയാക്കിയാലും നഖത്തിന്നടിയിലെ ശുദ്ധി സംരക്ഷിക്കപ്പെടുക സാധ്യമല്ല. മനുഷ്യന്റെ നിരന്തര ഉപയോഗത്തിൽ പ്രധാന പങ്കുവഹിക്കുന്നവയാണ്, വിശേഷിച്ചും കൈവിരലുകൾ. ഇനി എത്ര സുരക്ഷിതത്വം കൈവരിച്ചുവെന്ന് വാദിച്ചാലും ഇസ്‌ലാം അത് മുറിച്ചു മാറ്റുന്നതിലാണ് സൗന്ദര്യവും ശുദ്ധിയും കാണുന്നത്. മാംസത്തിന്റെ പിടുത്തത്തിൽ നിന്നും പുറത്തേക്ക് വളർന്ന നഖമാണ് മുറിച്ചു മാറ്റാൻ ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ -. അതിനാൽ ഒരു മുസ്‌ലിമിന് തന്റെ മത താല്പര്യങ്ങൾക്കൊത്ത് മാത്രമെ തന്റെ നഖങ്ങളെ പരിപാലിക്കാനാവൂ.

നഖങ്ങളിൽ ചായം തേക്കുന്ന സ്ത്രീകളെ, അത് അരുതെന്നൊന്നും ഇസ്‌ലാമിലെ പണ്ഡിതൻമാർ പറയുന്നില്ല. പക്ഷെ പ്രസ്തുത തേച്ചു പിടിപ്പിച്ച ചായത്തിന്റെ ആയുസ്സ് വളരെ കുറച്ചു മാത്രം! നമസ്കാരത്തിന്നും മറ്റും വുദുവെടുക്കുമ്പോഴോ ശുദ്ധികേടിൽ നിന്ന് മോചി

തയാവാൻ കുളിക്കുമ്പോഴോ ഇത്തരം ചായങ്ങൾ നഖങ്ങളിൽ നിന്ന് നിർബന്ധമായും നീക്കം ചെയ്തിരിക്കണം. വുദുവിൻെറയും കുളിയുടെയും വെള്ളം എത്തിച്ചേരുന്നതിന്ന് തടസ്സമാവുന്ന ചായങ്ങളോ പെയിൻറുകളൊ ശരീരത്തിലുണ്ടായാൽ അവളുടെ വുദുവും കുളിയും ശരിയാവുന്നതല്ല.

ഇതേവരെ വിശദീകരിക്കപ്പെട്ട അഞ്ചിനം ശുദ്ധിമാർഗ്ഗങ്ങൾ കൂടാതെ മറ്റൊരഞ്ചെണ്ണവും കൂടി ചേർത്ത് ആയിശ(റ)ൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അവർ പറയുന്നു: أن النبى صلى الله عليه وسلم قال: عشـر مـن الفطـرة: قـص الشـارب وإعفـاء اللحيـة والسـواك والاسـتنشاق وقـص الأظفار وغسل البراجم ونتـف الابـط وحلـق العانـة وانتقـاص المـاء [നിശ്ചയം നബി(സ) പറഞ്ഞു: പത്ത് കാര്യങ്ങൾ ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്. മീശ വെട്ടുക, താടി നീട്ടുക, മിസ്‌വാക് ചെയ്യുക (പല്ല് ബ്രഷ് ചെയ്യുക), മൂക്കിൽ വെള്ളം കയറ്റി ചീറ്റുക (മൂക്കിനകത്തെ അഴുക്കുകൾ വെള്ളമുപയോഗിച്ച് കഴുകി മാറ്റുക), നഖം മുറിക്കുക, വിരൽ സന്ധികൾ കഴുകുക, കക്ഷരോമം പറിക്കുക, ഗുഹ്യരോമം വടിക്കുക, വെള്ളമുപയോഗിച്ച് ശൗച്യം ചെയ്യുക. ഈ ഹദീസ് റിപ്പോർട്ട് ചെയ്ത മുസ്‌്അബ് ബിൻ ശൈബ: ഈ പട്ടികയിലെ ഒരിനം മറന്നുപോയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു പക്ഷെ

അത് مضمضة (വായിൽ വെള്ളം കവിൾ കൊള്ളുക)യാവാം, അല്ലെങ്കിൽ നേരത്തെ പറഞ്ഞ അഞ്ചിനത്തിലെ ഒരിനമായ ചേലാകർമ്മം ചെയ്യലാവാം. الله أعلم

ഇസ്‌ലാം അതിൻെറ അനുയായികളുടെ ജീവിതക്രമത്തിൽ എത്രമാത്രം ശ്രദ്ധ ചെലുത്തുന്നുവെന്ന് മനസ്സിലാക്കാൻ ഈ പറഞ്ഞതൊക്കെ ധാരാളം മതി. ശരീരസൗന്ദര്യവും ശരീരശുദ്ധിയും അതിൻെറ പരിധികളും പരിമിതികളുമൊക്കെ അത് വ്യക്തമായും നമുക്കു പഠിപ്പിച്ചു തരുന്നു.

നഖങ്ങൾ നീട്ടിവളർത്തിക്കൊണ്ട് വിരൽ തുമ്പുകൾ അലങ്കരിച്ചാലും കക്ഷരോമങ്ങളും ഗുഹ്യരോമങ്ങളും പറിക്കാതെയോ വടിക്കാതെയോ അതിൻെറ പാട്ടിനു വിട്ടാലും ഒരതിർത്തിയോളം ഇസ്‌ലാം അതിനുനേരെ മൗനമവലംബിക്കുന്നു. എങ്കിൽ മൗനം ഭഞ്ജിക്കുന്ന ആ അവസാനത്തെ അതിർത്തിയേതാണ്? നബി(സ)യെ പറ്റി അനസ്ബിൻ മാലിക്(റ) റിപ്പോർട്ടു ചെയ്യുന്നു: انه وقت لهم في كل اربعين ليلة تقليم الأظفار وأخذ الشارب وحلق العانة (നിശ്ചയം, തിരുമേനി (സ) എല്ലാ നാല്പതാമത്തെ രാവിലും നഖം മുറിക്കാനും മീശ വെട്ടാനും ഗുഹ്യരോമം വടിക്കാനും അവർക്ക് സമയപരിധി നിശ്ചയിച്ചുകൊടുത്തു) നഖവും മീശയും ഗുഹ്യരോമവും ഒന്നും ചെയ്യാതെ

വിടാനനുവദിച്ച പരമാവധി കാലം നാല്പത് ദിവസം മാത്രം. ഇതാ അനസ് ബിൻ മാലിക്(റ)ൽ നിന്നു തന്നെയുള്ള മറ്റൊരു റിപ്പോർട്ട് : അദ്ദേഹം പറയുന്നു: وقت لنا فى قص الشارب وتقليم الأظفار وحلق العانة ونتف الإبط ان لا نترك اكثر من أربعين يوما (മീശ വെട്ടുന്നതിലും നഖം മുറിക്കുന്നതിലും ഗുഹ്യരോമം വടിക്കുന്നതിലും കക്ഷരോമം പറിക്കുന്നതിലും നാല്പത് ദിവസത്തിലേറെ നാം താമസിപ്പിക്കരുതെന്ന് തിരുമേനി(സ) നമുക്കു സമയപരിധി നിശ്ചയിച്ചു തന്നു - മുസ്‌ലിം, തിർമുദി, നസാഈ, ഇബ്നുമാജ, അഹ്മദ്)

നഖം മുറിക്കലും മറ്റും എല്ലാ വ്യാഴാഴ്ചകളിലും നിർവ്വഹിക്കലായിരുന്നു പ്രവാചകൻ(സ) യുടെ പതിവ്. നാമങ്ങിനെ ചെയ്യുമ്പോൾ നാം അക്കാര്യത്തിലും നബിചര്യ പിൻപറ്റിയവരായി. വളർത്താനനുവദിച്ച പരമാവധി കാലം നാല്പത് ദിവസം മാത്രം. അതിലപ്പുറത്തേക്ക് പാടില്ല. മുസ്‌ലിമിൻെറ കക്ഷങ്ങളുടെ, കൈകാലുകളിലെ വിരൽ തുമ്പുകളുടെ സൗന്ദര്യം അങ്ങിനെ നിർവ്വചിക്കപ്പെട്ടു. അതിന്നു ലഭ്യമാവേണ്ട അവകാശത്തിൻെറ രൂപവും കാലപരിധിയും അപ്രകാരം വ്യക്തമാക്കപ്പെട്ടു.

# വസ്ത്രാലങ്കാരം

മനുഷ്യപ്രകൃതിക്ക് അല്ലാഹു നൽകിയ മെച്ചപ്പെട്ട അനുഗ്രഹങ്ങളിലൊന്നാണ് വസ്ത്രം. മനുഷ്യ സൗന്ദര്യത്തിന്നും വ്യക്തിത്വത്തിന്നും അത് മാറ്റുകൂട്ടുന്നു. എന്നാൽ വസ്ത്രത്തിന്റെ പ്രഥമ ദൗത്യം നഗ്നത മറയ്ക്കലാണല്ലോ. ചർമ്മ സംരക്ഷണവും അതോടുകൂടെ സാധിക്കപ്പെടുന്നു. അല്ലാഹു ജല്ലജലാലുഹു പറയുന്നു: يَا بَنِي آدَمَ قَدْ أَنْزَلْنَا عَلَيْكُمْ لِبَاساً يُوَارِي سَوْآتِكُمْ وَرِيشاً وَلِبَاسُ التَّقْوَى ذَلِكَ خَيْرٌ ذَلِكَ مِنْ آيَاتِ اللَّهِ لَعَلَّهُمْ يَذَّكَّرُونَ (ആദമിന്റെ മക്കളേ, നിങ്ങളുടെ നഗ്നത മറയ്ക്കുന്ന വസ്ത്രവും അലങ്കാര വസ്ത്രവും നിങ്ങൾക്ക് നാം ഇറക്കിത്തന്നിട്ടുണ്ട്. തഖ്‌വയുടെ - സൂക്ഷ്മതയുടെ - വസ്ത്രമാവട്ടെ, അതാണ് (കൂടുതൽ) ഉത്തമം. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണതൊക്കെ. അവർ (മനുഷ്യർ) ഉറ്റാലോചിച്ചേക്കാം- അഅ്റാഫ് : 26) നഗ്നത മറയ്ക്കുന്ന വസ്ത്രത്തെക്കുറിച്ചും, അലങ്കാര വസ്ത്രത്തെ (സ്ഥാനവസ്ത്രത്തെ)ക്കുറിച്ചും അല്ലാഹു പരാമർശിച്ച ശേഷം ഏറ്റവും നല്ല വസ്ത്രം ഭയ-ഭക്തിയുടെ (തഖ്‌വയുടെ - സൂക്ഷ്മതയുടെ) വസ്ത്രമാണെന്നല്ലാഹു പറയുന്നു. തഖ്‌വയുടെ വസ്ത്രം മനസ്സിന്റെ വസ്ത്രമാണ്. അതണിഞ്ഞവന്റെ

ബാഹ്യ വസ്ത്രങ്ങളിലും ആന്തരിക വസ്ത്രത്തിൻെറ ചൈതന്യമുണ്ടാവും. തഖ്‌വയുടെ വസ്ത്രമണിഞ്ഞവൻെറ ബാഹ്യവസ്ത്രത്തെക്കുറിച്ച് ആക്ഷേപങ്ങളുണ്ടാവുകയില്ല. അവൻെറ നഗ്നത അതുകൊണ്ട് മറഞ്ഞിരിക്കും. നഗ്നത മറയ്ക്കാനുള്ള അതിർത്തിക്കപ്പുറം സൗന്ദര്യത്തിൻെറ ഭാഗമായി അവന്ന് അല്ലാഹുവും റസൂലും നിശ്ചയിച്ചു കൊടുത്ത അതിർത്തികൾ വരെ അവൻ തൻെറ ശരീരം വസ്ത്രങ്ങൾ കൊണ്ടലങ്കരിച്ചിരിക്കും. അവ രണ്ടിലും (നഗ്നത മറയ്ക്കുന്നതിലും അലങ്കാരത്തിന്നായി നിശ്ചയിക്കപ്പെട്ട അതിർത്തികൾ പാലിക്കുന്നതിലും) അവൻ സൂക്ഷ്മത പാലിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ അതവൻെറ തഖ്‌വയാകുന്ന ഉൾവസ്ത്രത്തിൻെറ ബാഹ്യരൂപങ്ങളാണ്. ഇതേപ്പറ്റി ചിന്തിക്കുന്നവരാരാണ്? ചിന്തിച്ചിരുന്നുവെങ്കിൽ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ബോധമുണ്ടാവാനത് മതിയാകുമല്ലോ!

വസ്ത്രധാരണത്തിലും ഇസ്‌ലാം അതിൻേറതായ സൗന്ദര്യബോധം മുസ്‌ലിമിന്നു സമർപ്പിക്കുന്നു. പുരുഷൻെറ വസ്ത്രം ഞെരിയാണിയുടെ താഴേക്കിറങ്ങരുതെന്നും നഗ്നത പ്രകടമാവും വിധം സുതാര്യമോ ഇടുങ്ങിയതോ ആയ വസ്ത്രം ധരിക്കരുതെന്നും മറ്റും അത് കൽപ്പിക്കുന്നു. ഈ ആജ്ഞയും അയാൾ അനുസരിക്കുന്നവനായാൽ (മുസ്‌ലിമായാൽ) അതിലൂടെ രണ്ടു കാര്യം നിർവ്വ

ഹിക്കപ്പെടുന്നു. ഒന്ന്: ഇസ്‌ലാമിലെ വസ്ത്രാലങ്കാരം അയാളുടെ ജീവിതത്തിലൂടെ അയാൾ സാർഥകമാക്കി. രണ്ട്: ജീവിതകാലത്ത് തന്നെ സംരക്ഷിക്കുകയും തൻെറ നഗ്നത മറയ്ക്കുകയും ചെയ്ത തൻെറ കൂട്ടാളിയെ നരകപ്രവേശത്തിൽ നിന്ന് രക്ഷിച്ചു.

മൂന്ന് വിഭാഗം ആളുകളോട് അല്ലാഹു പുനരുത്ഥാന നാളിൽ സംസാരിക്കുകയില്ലെന്നല്ലാഹു പറഞ്ഞു. അവരിലേക്ക് നോക്കുകയോ അവരെ സംസ്കരിക്കുകയോ ചെയ്യില്ലെന്നും പറഞ്ഞു. വേദനാജനകമായ ശിക്ഷയാണ് അവർക്കൊരുക്കി വെച്ചിരിക്കുന്നത്. മൂന്നു തവണ ഇക്കാര്യം പ്രവാചകൻ (സ) ആവർത്തിച്ചപ്പോൾ അബൂദർറ് (റ) പ്രവാചകനോട് ചോദിച്ചു: خابوا وخسروا من هم يا رسول الله؟ قال المسبل والمنان والمنفق سلعة بالخلف الكاذب (അവർക്ക് പരാജയവും നഷ്ടവുമായിരിക്കുമല്ലോ? അല്ലാഹുവിൻെറ ദൂതരെ; അവരാരാണ്? തിരുമേനി(സ) പറഞ്ഞു: ഞെരിയാണിക്കു താഴേക്കിറക്കി വസ്ത്രം ധരിക്കുന്ന പുരുഷൻ, ഔദാര്യം എടുത്തു പറയുന്നവൻ, കള്ളസത്യം ചെയ്ത് ചരക്ക് വിറ്റഴിക്കുന്നവൻ - മുസ്‌ലിം). റസൂൽ(സ) പറഞ്ഞു: ازرة المؤمن الى انصاف ساقيه لا جناح عليه فيما بينه وبين الكعبين ما اسفل من ذلك ففي النار (സത്യവിശ്വാസിയുടെ ഉടുതുണി അയാളുടെ കണങ്കാലിൻെറ മധ്യം വരെയാണ്. അതിന്നും ഞെരി

യാണിക്കുമിടയിലാകുന്നതിന്ന് വിരോധമില്ല. എന്നാൽ അതിൽ നിന്നും താഴേക്കിറങ്ങിയാൽ അത് നരകത്തിലേക്കുള്ളതാണ്. തിരുമേനി(സ) ഇത് മൂന്നുതവണ ആവർത്തിച്ചു). മറ്റൊരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: ولا ينظر الله يوم القيامة الى من جر إزاره بطرا (അഹങ്കാരത്തോടെ ഉടുതുണി വലിച്ചിഴച്ചു നടക്കുന്നവനെ പുനരുത്ഥാന നാളിൽ അല്ലാഹു കടാക്ഷിക്കുകയേയില്ല - അബൂദാവൂദ്, ഇബ്നുമാജ). മോശപ്പെട്ട ഈ ശീലത്തെക്കുറിച്ച് പരാമർശിക്കുന്ന സമാനാർഥമുള്ള വേറെയും ഉദ്ധരണികൾ ഹദീസു ഗ്രന്ഥങ്ങളിൽ നമുക്ക് കാണാം. ഞെരിയാണിക്ക് താഴേക്ക് അവിചാരിതമായി വസ്ത്രം ഇറങ്ങിപ്പോവുന്നവരും ഇതിൽ പെട്ടേക്കുമെന്ന് ധരിക്കരുത്. വളരെ മെലിഞ്ഞ ശരീരപ്രകൃതിയുള്ള ആളുകൾ തങ്ങളുടെ ഉടുമുണ്ടുകൾ അരയിൽ ഉറപ്പിച്ചു നിർത്തുന്നതിൽ ഏപ്പോഴും വിജയിച്ചു കൊള്ളണമെന്നില്ല. മെലിഞ്ഞ ശരീരപ്രകൃതക്കാരനായിരുന്നു അബൂബക്കർ സിദ്ധീഖ്(റ). തന്റെ വസ്ത്രം എത്ര കയറ്റിയുടുത്താലും ഞെരിയാണിക്ക് താഴേക്ക് ഇറങ്ങിപ്പോവുന്നതിനെക്കുറിച്ച് പ്രവാചകനോട് അദ്ദേഹം പരാതി പറഞ്ഞപ്പോൾ നബി തിരുമേനി(സ)യുടെ മറുപടി ശ്രദ്ധേയമാണ്. "നിശ്ചയം താങ്കളത് മന:പൂർവ്വം ചെയ്യുന്നതല്ലല്ലോ....!" പ്രവാചകന്നു ശേഷം ലോകം കണ്ട അനുഗൃഹീതനായ പുരുഷന്റെ ബേജാറും പ്രവാ

ചകൻ (സ)യുടെ സാന്ത്വനവും. ബുദ്ധിയുള്ളവർ ഇതിൽ നിന്നും മനസ്സിലാക്കട്ടെ.

പാൻറ്സ് തയ്ക്കുമ്പോഴോ ഉടുമുണ്ട് വാങ്ങുമ്പോഴോ അതിൻെറ അതിർത്തി ഭൂതലത്തിൽ വിശ്രമിക്കുന്ന പരുവത്തിലാണ് അതിനെ ഇന്നത്തെ പുരുഷൻമാരിലേറെപ്പേരും പരിഗണിയ്ക്കുന്നത്. അവർ തഖ്‌വയുടെ വസ്ത്രം ഉപേക്ഷിക്കുകയും നരകത്തിലേക്ക് നിശ്ചയിക്കപ്പെട്ട വസ്ത്രം എടുത്തണിയുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം തയ്ച്ചുകൊടുക്കുന്ന തയ്യൽക്കാർക്കും ശിക്ഷയുടെ ഒരു വിഹിതമുണ്ടെന്ന് പണ്ഡിതൻമാർ ഫത്‌വ നൽകിയിട്ടുണ്ട്.

ഉടുമുണ്ടിൽ മാത്രമല്ല ഈ അതിരുകവിയൽ. പുരുഷൻെറ വസ്ത്രാലങ്കാരത്തിൽ അതിരുവിടാതിരിക്കാൻ ഇനിയുമെന്തൊക്കെ ശ്രദ്ധിക്കാനുണ്ട്. റസൂൽ(സ) പറയുന്നു: الاسبال في الازار والقميص والعمامة، من جر منها شيئا خيلاء لم ينظر الله اليه يوم القيامة (ഉടുതുണിയിലും കുപ്പായത്തിലും തലപ്പാവിലുമെല്ലാം വലിച്ചു താഴ്ത്തലുണ്ട്. അഹങ്കാരത്തോടുകൂടി ഇവയിലേതെങ്കിലുമൊന്ന് വലിച്ചു താഴ്ത്തിയവനാരോ അവനെ പുനരുത്ഥാന നാളിൽ അല്ലാഹു കടാക്ഷിക്കുകയേയില്ല - ഇബ്നുമാജ, അബൂദാവൂദ്, നസാഈ).

സ്ത്രീകളുടെ നഗ്നതാ പരിധിയുടെ അതിർത്തിക്കുമപ്പുറത്തേക്ക് പുരുഷൻ തൻെറ വസ്ത്രാതിർത്തി വികസിപ്പിച്ചിരിക്കുന്നു. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം വസ്ത്രങ്ങളാണല്ലോ അല്ലാഹു അവൻെറ പ്രവാചകനിലൂടെ നിശ്ചയിച്ചുകൊടുത്തത്. അവയോരോന്നും ഏതതിർത്തി വരെ എപ്രകാരം ധരിക്കണമെന്ന് പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. പുരുഷൻമാർക്ക് പ്രത്യേകം നിശ്ചയിച്ചു കൊടുക്കപ്പെട്ട ഈ വസ്ത്രങ്ങൾ സ്ത്രീകൾക്കോ, സ്ത്രീകൾക്ക് പ്രത്യേകം നിശ്ചയിച്ചുകൊടുത്ത വസ്ത്രങ്ങൾ പുരുഷൻമാർക്കോ അണിയാനനുവാദമില്ല. അലങ്കാരത്തിൻെറയോ സൗന്ദര്യത്തിൻെറയോ മറ്റെന്തിൻെറയൊക്കെ പേരിലായാലും ശരീഅത്ത് അതിന്നനുവദിക്കുന്നില്ല.

സ്ത്രീകൾക്ക് സ്വർണ്ണവും പട്ടും അണിയാനനുവദിച്ചുകൊണ്ടു പ്രവാചകൻ(സ) പറഞ്ഞു: احل الذهب والحرير للإناث من امتي وحرم على ذكورها – ترمذي ، نسائي (സ്വർണ്ണവും പട്ടും എൻെറ സമുദായത്തിലെ സ്ത്രീ വർഗ്ഗത്തിന്ന് അനുവദനീയവും പുരുഷവർഗ്ഗത്തിന്ന് നിഷിദ്ധവുമാക്കിയിരിക്കുന്നു - തിർമുദി, നസാഈ). ഇതിലെ ذكر ، انثي എന്നിവക്ക് ഇംഗ്ളീഷിൽ Male, Female എന്നീ അർഥങ്ങളാണെങ്കിൽ മലയാളത്തിൽ ആൺ, പെൺ എന്നാണ് തർജ്ജമ ചെയ്തു വരുന്നത്. ഇത് വായിക്കു

ന്ന സാധാരണക്കാരാവട്ടെ, ആണുങ്ങൾക്കല്ലേ സ്വർണ്ണം നിഷിദ്ധം കുഞ്ഞുങ്ങൾക്കത് ബാധകമല്ലല്ലോ എന്ന് സ്വയം ആശ്വാസം കൊള്ളുന്നു! ആൺകുഞ്ഞുങ്ങൾക്ക് സ്വർണ്ണമണിയിച്ചു കൊടുക്കുന്നതിൽ അവർ ആനന്ദമനുഭവിക്കുന്നു! അത് ലഭ്യമാവാത്തിടത്ത് വിഷമമനുഭവിക്കുകയോ നീരസം കാട്ടുകയോ ചെയ്യുന്നു!

സ്വർണ്ണം ധരിക്കൽ ഈ സമുദായത്തിലെ പുരുഷവർഗ്ഗത്തിന്ന് വലിപ്പച്ചെറുപ്പമില്ലാതെ ഇസ്‌ലാം ഹറാമാക്കിയിട്ടുണ്ട്. സ്വർണ്ണം തനിരൂപത്തിലോ മറ്റു പലതിലും ചേർത്തോ അണിഞ്ഞാലും വിധി ഒന്നു തന്നെ. മോതിരമായും മെഡലുകളായും വാച്ചുകളും കണ്ണടകളും ബട്ടനുകളും അലങ്കാര വസ്ത്രത്തിൻെറ വക്കുകളുമൊക്കെയായും ഭാഗികമായോ അല്ലാതെയോ സ്വർണ്ണം ചേർത്ത് അണിയുന്നവരുണ്ട്. ധരിക്കുന്നത് ഏതു മാധ്യമത്തിലൂടെയാണെന്നോ എത്ര അളവിലാണെന്നോ അല്ല ഇസ്‌ലാം നോക്കുന്നത്. അയാളണിഞ്ഞതിൽ അയാൾക്ക് ധരിക്കൽ നിഷിദ്ധമായ സ്വർണ്ണം അടങ്ങിയിട്ടുണ്ടോ എന്നതാണ് പ്രശ്നം. പല്ലു ദ്രവിച്ചുപോവാതിരിക്കാൻ ഒരു പ്രതിരോധമെന്ന നിലക്ക് സ്വർണ്ണപ്പല്ലു വെക്കുന്നത് ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ അലങ്കാരത്തിനും പൊങ്ങച്ചത്തിനും വേണ്ടി യാതൊരു കുഴപ്പവുമില്ലാത്ത പല്ലുകൾ സ്വർണ്ണം കൊണ്ടു പൊതിയുന്നതും മേൽപറഞ്ഞ ഗണത്തിൽ പെട്ടു.

പട്ടു വസ്ത്രവും മുസ്‌ലിം പുരുഷന്ന് ഹറാമാക്കിയിട്ടുണ്ട്. ധരിച്ച വസ്ത്രത്തിൽ എത്ര അളവ് പട്ടുണ്ടെന്നൊന്നും അപ്പോൾ ചിന്തിക്കേണ്ടതില്ല. ധരിക്കുക മാത്രമല്ല, അത് തലയണയാക്കിയോ കിടക്കയുടെ വിരിപ്പാക്കിയോ അലങ്കരിക്കുകയോ ഒരു മുസ്‌ലിം പുരുഷൻ അതിൽ ഇരിക്കുകയോ ശയിക്കുകയോ ചെയ്താലും വിധി ഒന്നു തന്നെ! എന്നാൽ നമ്മുടെ നാട്ടിൽ ആണുങ്ങൾ പട്ടു ധരിക്കാറ് പൊതുവെ പതിവില്ല. അത്രത്തോളം അല്ലാഹു അവരെ അതിൽ നിന്നും രക്ഷിച്ചുവെന്ന് സമാധാനിക്കാം. എന്നാൽ ഇതര വസ്ത്രങ്ങൾ സ്ത്രീയെക്കാൾ കൂടുതൽ പരിധിയിൽ അയാൾ ധരിക്കാൻ വെമ്പൽ കൊള്ളുന്നുവെന്നതാണ് വിചിത്രം ! സ്ത്രീയുടെ വസ്ത്രങ്ങൾ അവളുടെ കണങ്കാലും കഴിഞ്ഞ് കാൽപ്പാദങ്ങൾ വരെ മൂടിയിരിക്കലാണ് സൗന്ദര്യമായി നിശ്ചയിക്കപ്പെട്ടത്. എന്നാൽ ഇന്ന് പുരുഷനാണ് ആ അതിർത്തി ഏറ്റെടുത്തിരിക്കുന്നത്. സ്ത്രീയാവട്ടെ അതിന്നു വിപരീതദിശയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. അവളുടെ വസ്ത്രങ്ങൾ ചെറുതാവുകയും സുതാര്യമാവുകയും ചെയ്തു. അവൾ ഇപ്രകാരം വ്യതിചലിച്ചു പോയെങ്കിൽ ശരീഅത്ത് യഥാർഥത്തിലവൾക്ക് നിശ്ചയിച്ച വസ്ത്രത്തിന്റെ അതിർത്തികളതാ പുരുഷൻ ഏറ്റെടുത്ത് സ്വയം സാഫല്യം കൊള്ളുന്നു! കണങ്കാലിനു താഴോട്ട് അത്യാവശ്യമെങ്കിൽ ഞെരിയാണി

വരെ പോവാമെന്ന് അനുവദിക്കപ്പെട്ട പുരുഷൻെറ വസ് ത്രാതിർത്തികളതാ അതും കടന്ന് കാൽപ്പാദങ്ങളും മൂടി വഴിയോരങ്ങളെ തൂത്തുവാരുന്നു! അയാളുടെ കൈകൾ മണിബന്ധം വരെ പൊതിഞ്ഞിരിക്കുന്നു! അയാളുടെ കഴുത്തിൽ നിന്ന് അൽപം പോലും താഴോട്ട് കാണാത്ത വിധം ബന്ധിതമായിരിക്കുന്നു! അയാളുടെ തലയിലൊ കഴുത്തിലൊ വൈദേശിക സാദൃശ്യം ഫലിപ്പിക്കുന്ന തൊപ്പികളോ കെട്ടുകളോ നാം കാണുന്നു! അയാളുടെ കവിളുകളും ചുണ്ടുകളുമൊക്കെ സ്ത്രീകളെപ്പോലെത്തന്നെ. അവിടെയെവിടെയും ഒരു രോമവും വളരാനയാള നുവദിക്കുന്നില്ല. അങ്ങിനെ ഇന്നത്തെ പുരുഷൻ വേഷ വിധാനങ്ങളിൽ സ്ത്രീകളായിക്കഴിഞ്ഞു! അല്ലാഹു ജല്ല ജലാലുഹു അവൻെറ ദൂതരിലൂടെ നമുക്കറിയിച്ചു തന്ന മൂന്നു വിഭാഗമാളുകളിൽ ഒരു വിഭാഗത്തോട് അവർ സാദൃശയരായി. അന്ത്യനാളിൽ അല്ലാഹു സംസാരിക്കുകയില്ലെന്നും കടാക്ഷിക്കുകയില്ലെന്നും സംസ്കരിക്കുകയില്ലെന്നും വേദനാജനകമായ ശിക്ഷയുണ്ടെന്നും പറഞ്ഞ വിഭാഗം. അല്ലാഹു സംസാരിക്കാത്ത, അല്ലാഹുവിൻെറ കടാക്ഷം ലഭ്യമാവാത്ത, അല്ലാഹുവാൽ പരിശുദ്ധരാക്കപ്പെടാത്ത മ്ളേഛരായ ആ ആളുകൾ ആരാണെന്ന് നേരത്തേ നാം പ്രവാചക മൊഴിയിലൂടെ മനസ്സിലാക്കിയിട്ടുണ്ടല്ലോ...

എന്നാൽ സ്ത്രീകൾക്ക് പ്രത്യേകമായി മൂന്ന് നഗ്നതാ പരിധികൾ ഇസ്ലാം നിശ്ചയിച്ചു. ഒന്ന്: ഭർത്താവിൻെറ മുമ്പിലെ അവളുടെ നഗ്നതാ പരിധി. ഇവിടെ സ്ത്രീ സൗന്ദര്യം അവർ രണ്ടുപേരും മാത്രമായ ലോകത്ത് അയാൾക്കിഷ്ടപ്പെട്ട പ്രകാരം ആസ്വദിക്കാനും അവൾക്കത് പ്രദർശിപ്പിക്കാനും അനുവാദം തരുന്നു. രണ്ട്: പിതാവ്, പുത്രൻ എന്നിവരെപ്പോലെ അവളെ വിവാഹം ചെയ്യൽ നിഷിദ്ധമായ ആളുകൾക്ക് മുമ്പിൽ അവൾക്ക് അണിയാവുന്ന അലങ്കാരങ്ങളുടെ പരിധിയാണ്. അവിടെ അവൾ തലയോ കഴുത്തോ കൈത്തണ്ടയോ പുറത്താക്കിയതിൻെറ പേരിൽ അവളെ മതം കടിഞ്ഞാണിടുന്നില്ല. ഈ ആളുകൾക്ക് മുമ്പിൽ പ്രദർശിപ്പിക്കാവുന്ന സ്ത്രീ സൗന്ദര്യത്തിൻെറ പരിധിയാണ് അത്. മൂന്ന്: മുകളിൽ പറഞ്ഞ രണ്ടു വിഭാഗത്തിലും പെടാത്ത പുരുഷൻമാർക്ക് മുമ്പിലെ അവളുടെ നഗ്നതാപരിധി ഏതാണെന്നുള്ളതാണ്. ഒരു വിഭാഗം പണ്ഡിതരുടെ നിരീക്ഷണത്തിൽ അവൾ മുഴുവനും നഗ്നതയിൽ പെട്ടതാണെന്നാണ്. അതിനാൽ ഈ വിഭാഗത്തിൽ പെട്ട പുരുഷൻമാർക്കു മുമ്പിൽ അവളുടെ ശരീരത്തിൻെറ ഒരു ഭാഗവും പ്രദർശിപ്പിച്ചുകൂടാ. മറ്റൊരു വിഭാഗം പണ്ഡിതരുടെ വീക്ഷണത്തിൽ സ്ത്രീകൾ അവളുടെ മുൻകയ്യും മുഖവും നഗ്നതാപരിധിയായി കണക്കാക്കേണ്ടതില്ലെന്നാണ്. എന്നാൽ ബാക്കി

യെല്ലാ ഭാഗങ്ങളും സ്ത്രീ നഗ്നതയുടെ ഭാഗങ്ങളാണ്. അത് മുഴുവനും മറച്ചിരിക്കേണ്ടതാണ്. അഥവാ അവളുടെ വസ്ത്രാലങ്കാരത്തിന്റെ പരിധി, മുൻകയ്യും മുഖവും ഒഴിച്ച് ബാക്കി മുഴുവനുമാണ്. അവയിലൊക്കെയും അവൾ പർദ്ദ(മറ)യാചരിക്കണം. ഈ മൂന്ന് നഗ്നതാ പരിധികൾക്കും പിൻബലമാകുന്ന ഇസ്‌ലാമികാധ്യാപനങ്ങൾ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും കണ്ടെത്താനാവും. അതിനാൽ ഈ പരിധി പരിഗണിക്കാത്തവളുടെ വസ്ത്രവും, അവൾ അവകാശം വെച്ചുകൊടുക്കാത്ത അവളുടെ ശരീരഭാഗങ്ങളും അവൾക്കെതിരിൽ അല്ലാഹുവിന്റെ കോടതിയിൽ സംസാരിക്കപ്പെടും. അതിനാൽ ഭർത്താവു കാണേണ്ട സ്ത്രീ ശരീര ഭാഗങ്ങൾ പിതാവോ പുത്രനോ സഹോദരനോ പോലുള്ള ആളുകൾ കാണാനിട വരരുത്. ഇത്തരം ആളുകൾക്കു മുമ്പിലെ നഗ്നതാ പരിധി, അന്യപുരുഷരുടെ കൺവെട്ടത്തും വന്നുകൂടാ... തലയും കഴുത്തും കൈത്തണ്ടയും കാൽപാദവുമൊക്കെ പുറത്താക്കിയിറങ്ങുന്ന - അതാണു സൗന്ദര്യമെന്നും അലങ്കാരമെന്നും ധരിച്ചു വശായിരിക്കുന്ന - ഒരു സ്ത്രീയോട് ഇസ്‌ലാം പറയുന്നത്: “സഹോദരീ... നീ നഗ്നയാണ്. നഗ്നത മറയ്ക്കൂ.... എന്നാണ്. അങ്ങിനെയല്ല, ഇതെന്തൊരു രീതിയാണ്; സ്ത്രീയെ പർദ്ദക്കുള്ളിൽ, മറക്കുള്ളിൽ അടച്ചിടുന്നത് കാടത്തമാണ്, പഴഞ്ച

നാണ് എന്നൊക്കെ മുരളുന്ന നവീനവാദികളുണ്ടാവാം. അവരോട് പറയാനുള്ളത്; ഇതാണ് ഇസ്‌ലാം. ഇതാണ് ഇസ്‌ലാമിൻെറ സൗന്ദര്യ ശാസ്ത്രം. ഇതുൾക്കൊള്ളാനാവുന്നവർ മാത്രം ഇതിലേക്ക് വന്നാൽ മതി. വന്നാൽ മാത്രം പോരാ ശരിക്കും ഉള്ളിലേക്ക് കയറിയിരിക്കണം. അല്ലാതെ ഈ മതത്തിൻെറ വക്കത്തിരുന്ന് അപ്പുറത്തേക്ക് ചാഞ്ഞു നിൽക്കുന്നവരെ ഈ മതത്തിന്നാവശ്യമില്ല. ഒരു പക്ഷേ ഇങ്ങിനെ വക്കത്തിരിക്കുന്നവരാണ് ഇസ്‌ലാമിൻെറ മുഖം മറ്റു മതസ്ഥരുടെ മുമ്പിൽ വികൃതമാക്കുന്നവർ.

സുതാര്യമായ വസ്ത്രം ധരിക്കുന്നവരും നഗ്നർ തന്നെ. കേരളീയ പുരുഷൻമാർ ഇന്നണിയുന്ന ഡബിൾ മുണ്ടും ചില നാടുകളിൽ സ്ത്രീകളണിയുന്ന കല്യാണപ്പുടവയും ഇതിൽ പെടും. നേർത്ത വസ്ത്രം ധരിച്ച് പ്രവാചക സന്നിധിയിലേക്ക് കടന്നു വന്ന പ്രവാചക പത്നിയുടെ സഹോദരി അസ്മാബീവിയിൽ നിന്നും തിരുമേനി (സ) മുഖം തിരിച്ചു കളഞ്ഞു. തൻെറ മുഖവും മുൻകയ്യും ചൂണ്ടിക്കൊണ്ട് അവിടുന്നിപ്രകാരം പറഞ്ഞു: "അസ്മാ... പ്രായപൂർത്തിയായ സ്ത്രീയുടെ ഇതും ഇതുമല്ലാതെ പുറത്തു കാണുന്നത് ശരിയല്ല" എന്ന് - (അബൂദാവൂദ്). ഇവിടെ അസ്മാ(റ) വസ്ത്രം ധരിച്ചിട്ടുണ്ട്. പക്ഷേ നേർത്ത വസ്ത്രമായതിൻെറ പേരിൽ അവർ വസ്ത്രം ധരി

ച്ചിട്ടില്ലാ എന്നാണ് പ്രവാചകൻ(സ) ധ്വനിപ്പിക്കുന്നത്. നഗ്നത നേരിട്ടു കണ്ടാലും സുതാര്യ വസ്ത്രത്തിലൂടെയോ കണ്ണാടിക്കൂട്ടിലൂടെയോ കണ്ടാലും നഗ്നത, നഗ്നത തന്നെയാണല്ലോ....

നബി(സ) കണ്ടിട്ടില്ലാത്തതും എന്നാൽ പിൽക്കാലത്ത് വരാനിരിക്കുന്നതുമായ രണ്ട് വിഭാഗക്കാരെക്കുറിച്ച് റസൂൽ(സ) പറഞ്ഞതായി അബീഹുറൈറ:(റ) ഉദ്ധരിക്കുന്നുണ്ട്. അവരിൽ ഒരു വിഭാഗത്തെക്കുറിച്ച് റസൂൽ(സ) ഇങ്ങനെ പറയുന്നു: ونساء كاسيات عاريات مميلات مائلات رؤوسهن كأسنمة البخت المائلة لا يدخلن الجنة ولا يجدن ريحها وإن ريحها لتوجد من مسيرة كذا وكذا (مسلم، أحمد) [(രണ്ടാമത്തെ വിഭാഗം) സ്ത്രീകളാണ്. വസ്ത്രം ധരിച്ചിട്ടുണ്ടെങ്കിലും നഗ്നകളായിത്തന്നെ നിലകൊള്ളുന്ന, വശീകരിക്കുകയും ആടിക്കുഴഞ്ഞു നടക്കുകയും ചെയ്യുന്ന സ്ത്രീകൾ. തടിച്ച, ഇരട്ടപ്പൂഞ്ഞ ഒട്ടകത്തിന്റെ കൊഴുത്തു മറിഞ്ഞ പൂഞ്ഞ പോലിരിക്കും അവരുടെ തലകൾ. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. അതിന്റെ വാസന പോലും അവരനുഭവിക്കുകയില്ല. എത്രയോ അകലേക്ക് അതിന്റെ സുഗന്ധം വന്നെത്തുമെങ്കിൽ കൂടി] അങ്ങ് വിദൂരതയിലേക്ക് വരെ വീശിയെത്തുന്ന സ്വർഗ്ഗീയ പരിമളത്തിന്റെ അതിർത്തിയിൽ പോലും ഈ സ്ത്രീകൾക്കെത്താനാവില്ലാ എന്ന് സാരം.

വേഷത്തിൽ, സ്ത്രീയെപ്പോലെ നടക്കുന്ന പുരുഷൻ മാരെയും പുരുഷരൂപത്തിൽ നടക്കുന്ന സ്ത്രീകളെയും ഇക്കാലത്ത് ധാരാളമായി കാണാം. അബൂഹുറൈറ(റ) പറയുന്നു: لعن رسول الله صلى الله عليه وسلم الرجل يلبس لبسة المرأة والمرأة تلبس لبسة الرجل ("സ്ത്രീ വസ്ത്രം ധരിക്കുന്ന പുരുഷനെയും പുരുഷവസ്ത്രം ധരിക്കുന്ന സ്ത്രീയെയും നബി(സ) ശപിച്ചിരിക്കുന്നു"- അബൂദാവൂദ്). ഇമാം ബുഖാരിയും മറ്റും റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ പ്രവാചകൻ(സ) പറയുന്നു: "സ്ത്രീ വേഷം കെട്ടുന്ന പുരുഷൻമാരെയും പുരുഷവേഷം കെട്ടുന്ന സ്ത്രീകളെയും നബി(സ) ശപിച്ചിരിക്കുന്നു" എന്ന്. "അവരെ നിങ്ങളുടെ വീട്ടിൽ നിന്ന് പുറത്താക്കുക" എന്ന് വരെ അവിടുന്ന് പറയുകയുണ്ടായി.

തൻെറ നഗ്നതകളൊക്കെ പരിപാലിച്ച് അച്ചടക്കത്തോടെ, പർദ്ദയണിഞ്ഞ് പുറത്തിറങ്ങുന്ന മഹിളകൾ ഇന്ന് നമ്മുടെ നാട്ടിൽ ധാരാളമായി കണ്ടുവരുന്നുണ്ട്. ആഹ്ളാദകരമായ ഒരു കാഴ്ച തന്നെയാണത്! അതെത്ര മനോഹരം ! അൽഹംദുലില്ലാഹ്! പ്രവാചകൻ(സ) പറഞ്ഞു: – المرأة عورة فإذا خرجت استشرفها الشيطان – الترمذي ("സ്ത്രീ ഒരു രഹസ്യമാണ്. അവൾ പുറത്തിറങ്ങിയാൽ അവളെ പിശാച് പൊക്കിക്കാട്ടും" - തിർമുദി) പ്രവാചകൻ (സ) യുടെ മുന്നറിയിപ്പാണിത്. അതിനാൽ

അവൾ ഈ വിഷയത്തിൽ നല്ല ബോധമുള്ളവളായിരിക്കണം. വളരെ അത്യാവശ്യങ്ങൾക്കു വേണ്ടിയല്ലാതെ അവൾ പുറത്തിറങ്ങരുത്. പുറത്തിറങ്ങിയാൽ തന്നെ ആവശ്യം പൂർത്തീകരിച്ച് അവൾ വേഗം തിരിച്ചു പോരുകയും ചെയ്യണം. ഇതെത്ര നല്ല കാഴ്ചയായിരിക്കും!

എന്നാൽ പുരോഗമനം വാദിക്കുന്ന മുസ്‌ലിം നാമധാരിക്ക് ഇത് അസഹിഷ്ണുതയുണ്ടാക്കിയേക്കാം. അല്ലെങ്കിൽ മനസ്സകം അങ്ങോട്ട് - ഭൗതികതയിലേക്ക് - വല്ലാതെ ചാഞ്ഞുനിൽക്കുന്ന മുസ്‌ലിം കുപ്പായക്കാർക്ക് ഇത് അലോസരങ്ങളുണ്ടാക്കാം. ഇസ്‌ലാമിൻെറ ചിഹ്നങ്ങളെ പരിഹസിക്കുന്ന അമുസ്‌ലിംകൾക്കു നേരെ ഇവർ നിശ്ശബ്ദത പാലിക്കുന്നു. പ്രതികരിക്കാൻ ഈ ആളുകളുടെ മനസ്സിൽ ഇസ്‌ലാമിൻെറ വെൺമയില്ലല്ലോ - അതിനാൽ പർദ്ദയണിഞ്ഞവരെ നോക്കി ഭൂതമാണ്, യക്ഷിയാണ്, സഞ്ചരിക്കുന്ന തമ്പാണ് എന്നൊക്കെ പരിഹസിക്കുന്നവരെ ഇത്തരക്കാർ മനസ്സാ തലോടിക്കൊടുക്കുന്നു. ഇസ്‌ലാമിൻെറ ആരംഭദശയിൽ പർദ്ദ നിർബന്ധമായിരുന്നില്ല. അവളുടെ മുൻകയ്യും മുഖവും ജനങ്ങൾക്കിടയിൽ അന്ന് പ്രത്യക്ഷമായിരുന്നു. പിന്നീടാണ് അല്ലാഹു പർദ്ദയുടെ വാക്യമിറക്കുന്നത്. وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِنْ وَرَاءِ حِجَابٍ ذَلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ (നിങ്ങൾ അവരോട് വല്ല സാധനവും ചോദിക്കുകയാണെങ്കിൽ മറയുടെ പി

ന്നിൽ നിന്നുകൊണ്ട് നിങ്ങളവരോട് ചോദിച്ചു കൊള്ളുക. നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ ശുദ്ധമായിട്ടുള്ളത് അതാണ് - അഹ്സാബ്:53).

മദീനയിൽ നടന്ന ബനൂഖൈനുഖാഅ് സംഭവത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയട്ടെ. ഒരു മുസ്‌ലിം സ്ത്രീയുടെ മുഖാവരണം ഉയർത്താൻ ആവശ്യപ്പെട്ട ഒരു ജൂതനാണ് ഇതിൻെറ തുടക്കം. തുടർന്ന് ജൂതരിലും മുസ്‌ലിംകളിലും ആൾനാശം വരുത്തിവെച്ചുകൊണ്ട് സംഘട്ടനങ്ങൾ നടന്നു. പതിനഞ്ചു ദിവസത്തോളം ജൂതൻമാരെ അവരുടെ വീടുകളിൽ നിന്നിറക്കാതെ മുസ്‌ലിംകൾ ഉപരോധിച്ചു. അവസാനം ബനൂഖൈനുഖാഇനെ മദീനയിൽ നിന്ന് നാടു കടത്തുകയും ചെയ്തു. മുസ്‌ലിം സ്ത്രീയുടെ മുഖവും മറയ്ക്കുകയെന്നത് അക്കാലത്ത് തന്നെ നിർബന്ധമായിരുന്നു എന്നതിലേക്കാണ് ഈ സംഭവം നമ്മെ കൊണ്ടെത്തിക്കുന്നത്. എന്നാൽ ഇത്തരം പർദ്ദകളും രീതികളുമൊക്കെ മുസ്‌ലിംകൾക്കിടയിൽ സേവന പ്രവർത്തനങ്ങൾക്കായി പുറപ്പെടുന്നതിൽ നിന്ന് അവരെ തടയുന്നില്ല. ഉമ്മു സലീം(റ) പറയുന്നു: كنا نغزو مع النبي صلى الله عليه وسلم فنسقى الجرحى وتحمل الماء ونداوي المرضى (ഞങ്ങളും പ്രവാചകനോടൊപ്പം യുദ്ധത്തിൽ പ

ങ്കെടുത്തിരുന്നു. അങ്ങിനെ മുറിവേറ്റു വീണവർക്ക് ഞങ്ങൾ വെള്ളം നൽകുകയും വെള്ളം ചുമക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്യാറുണ്ടായിരുന്നു). എന്നാൽ ഇതിനുമുമ്പ് പരാമർശിച്ച, അൽ അഹ്സാബ് അധ്യായത്തിലെ പ്രസ്തുത വാക്യം നബി പത്നിമാരോട് ഒരു മുസ്‌ലിം കാണിക്കേണ്ട ശീലങ്ങളെക്കുറിച്ചാണ്. അവർ സത്യവിശ്വാസികളുടെ മാതാക്കളാണെന്ന കാര്യം നാം വിസ്മരിക്കരുത്. സത്യവിശ്വാസികൾക്ക് മാതാക്കളും, പ്രവാചക കാലഘട്ടത്തിനുശേഷം വിവാഹം കഴിക്കാൻ മറ്റാർക്കും പാടില്ലാത്തവരുമായ പ്രവാചക പത്നിമാരോടു പോലും പാലിക്കേണ്ട നിലപാട് ഇതാണെങ്കിൽ നമ്മുടെ ഇടയിലെ, നാമാകുന്ന സാധാരണക്കാർക്കിടയിലെ നിലപാട് ഇതിനേക്കാൾ ഗൗരവമാർന്നതല്ലേ!

# മിലെനിയം 2000

ഈ ഗ്രന്ഥത്തിൻെറ ജോലി, ഏകദേശം പൂർത്തിയായ ഘട്ടത്തിലാണ് 'പുതു സഹസ്രാബ്ദം' കടന്നു വന്നത്. അതിനെ വരവേല്ക്കാൻ ലോകത്തെ മിക്കവാറുമെല്ലാ രാജ്യങ്ങളും അർദ്ധരാത്രി മുതൽ തന്നെ ഒരുങ്ങി നിന്നു. ജനങ്ങൾ തെരുവിലേക്കും കടൽ തീരങ്ങളിലേക്കുമൊഴുകി. കരിമരുന്നു പ്രയോഗങ്ങളും കലാ പ്രകടങ്ങളും. ആളുകൾ ഉത്സവ ലഹരിയിൽ മതിമറന്നു. മരണം വരിച്ചവരും പരിക്കേറ്റവരും വേണ്ടത്ര! പുതു വർഷത്തിൻെറ വരവോടനുബന്ധിച്ച് പുതിയ ഉൽപന്നങ്ങൾ വിപണിയിലിറങ്ങി. വാഹനങ്ങളും ആയുധങ്ങളും തുടങ്ങി ബനിയനുകളും വാച്ചുകളും കണ്ണടകളും വരെ. ഈ ആഘോഷത്തിൽ തങ്ങളുടെ സാന്നിദ്ധ്യമറിയിക്കാനായി ആളുകൾ തൊപ്പികളും ബനിയനുകളും മറ്റുമൊക്കെ വാങ്ങി ധരിച്ചു. പത്ര മാധ്യമങ്ങളും ടെലിവിഷൻ ശൃംഖലകളും ഇൻറർനെറ്റുകൾ വരെ വിഷയം പൊടിപൊടിച്ചു.

യഥാർഥത്തിൽ നാമിന്ന് കണക്കു കൂട്ടുന്ന ക്രിസ്തു വർഷം തന്നെ അന്ധവിശ്വാസത്തിൻെറ ഉൽപന്നമാണല്ലോ. ഈസാ(അ) ജനിച്ച ദിവസമേതെന്നോ മാസമേതെന്നോ വർഷമേതെന്നോ വ്യക്തമാക്കുന്ന സത്യസന്ധമാ

യ യാതൊരു രേഖയും നിലവിലില്ല. ഇനി ഉണ്ടെന്നു ത ന്നെ വെയ്ക്കുക, എന്നാൽ പോലും ഓരോ വർഷത്തി ലും 'ന്യൂ യിയർ' ആഘോഷിക്കാനോ ഹാപ്പി ന്യൂയിയർ കൈമാറാനോ അത് ഓരോ ആയിരം വർഷം പിന്നിടു മ്പോഴും 'ഹാപ്പി മിലെനിയം' ആഘോഷിക്കാനോ ഇസ് ലാം അവരുടെ മതാനുയായികളെ അനുവദിച്ചിട്ടില്ല. മുഹമ്മദ് (സ) പ്രവാചകനാവുന്നതിന്നു മുമ്പ് നാല്പത് വർഷവും പ്രവാചകത്വ ശേഷം ഇരുപത്തിമൂന്നു കൊല്ലവും ഈ ഭൂമുഖത്ത് ജീവിച്ചിട്ടുണ്ട്. ഈസാ(അ)മാവ ട്ടെ ഇസ്‌ലാമിലെ ആദരണീയനായ പ്രവാചകനാണ് താനും. മുഹമ്മദ്(സ)ക്കു മുമ്പായിരുന്നല്ലോ ഈസാ(അ) ൻെറ കാലഘട്ടം. പ്രസ്തുത പ്രവാചകനോട് നമ്മേക്കാ ളേറെ കടപ്പാടുണ്ടായിരുന്ന മുഹമ്മദ്(സ) പോലും അദ്ദേ ഹത്തിൻെറ ജൻമ വാർഷികം ഒരു "ഹാപ്പി ന്യൂയിയറാ ക്കി തൻെറ ജീവിത കർമ്മങ്ങളിലൂടെ നമുക്ക് പരിചയ പ്പെടുത്തിത്തന്നിട്ടില്ല. ഈസാ(അ) തന്നെ ഇതൊരാഘോഷ മായി വർഷം തോറും അനുഷ്ഠിച്ചു വന്നതായി രേഖ പ്പെടുത്തിയിട്ടില്ല. അർഥശൂന്യവും അടിസ്ഥാനരഹിതവു മായ ഒരു സങ്കല്പത്തെ ആധാരമാക്കി കൃസ്ത്യാനികളും മറ്റും പിൽക്കാലത്ത് ഇത് ആഘോഷമാക്കുകയാണ് ചെ യ്തത്. ജൂതൻമാരും മറ്റു അവിശ്വാസികളും അവരുടെ പാത പിന്തുടരുകയും ചെയ്തു.

അല്ലാഹു നമുക്കു തന്ന ഏറ്റവും വലിയ അനുഗ്രഹം ഇസ്‌ലാമാകുന്നു. ബഹുദൈവത്വത്തിൻെറയും പുതു നിർമ്മിതികളുടെയും യാതൊരു ലാഞ്ചനയുമില്ലാത്ത മതം. സ്വന്തം മതത്തെ തങ്ങൾക്കിഷ്ടപ്പെട്ട പ്രകാരം തിരുത്തിയെഴുതിയ മറ്റു മതങ്ങളിൽ നിന്നും ലോകാവസാനം വരെ പരിശുദ്ധിയോടെ സംരക്ഷിക്കപ്പെടുന്ന മതം. അതാണ് ചൊവ്വായ മതം. നമ്മുടെ നമസ്കാരങ്ങളിലെ ഓരോ റക്‌അതുകളിലും നാം പാരായണം ചെയ്യുന്നു: اهْدِنَا الصِّرَاطَ الْمُسْتَقِيمَ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ (ചൊവ്വായ വഴിയിലൂടെ ഞങ്ങളെ നയിക്കേണമേ, നീ അനുഗ്രഹം ചൊരിഞ്ഞ ആളുകളുടെ വഴി) തുടർന്നു നാം പാരായണം ചെയ്യുന്നതെന്താണ്? غَيْرِ الْمَغْضُوبِ عَلَيْهِمْ (നിൻെറ കോപത്തിന്ന് വിധേയമായ ആളുകളുടെ - വഴി - യല്ല) എന്നല്ലേ. അതാരാണ്. ജൂതൻമാർ തന്നെ. പിന്നെയും നാം പറയുന്നു: وَلَا الضَّالِّينَ (വഴിപിഴച്ച ആളുകളുടെ - വഴിയും - അല്ല) എന്ന്. ആരാണീ വഴിപിഴച്ച ആളുകൾ; കൃസ്ത്യാനികൾ തന്നെ. ജൂതൻമാരുടെയും കൃസ്ത്യാനികളുടെയും ആചാരാനുഷ്ഠാനങ്ങളിൽ എന്നെ പങ്കാളിയാക്കരുതേയെന്നും നീ അനുഗ്രഹം വർഷിച്ച സച്ചരിതരായ ആളുകളുടെ - പ്രവാചകൻമാരുടെ, സിദ്ധീഖുകളുടെ, ശുഹദാക്കളുടെ, സ്വാലിഹുകളുടെ വഴിയിലേക്കു എന്നെ നയിക്കണേയെന്നും ദിവസവും ചുരുങ്ങിയത് പതിനേഴ്

തവണ ഒരു മുസ്‌ലിം തൻെറ രക്ഷിതാവിനോട് പറയുന്നുണ്ട്. ഈ പറയുന്നതിൽ വല്ല ആത്മാർഥതയും അയാൾക്കുണ്ടെങ്കിൽ ഒരു നവവത്സരവും ഒരു സഹസ്രാബ്ദവും അയാൾ ആഘോഷിക്കപ്പെടുകയില്ല. തൻെറ സ്വന്തം നേതാവ് മുഹമ്മദ്(സ) യുടെ ജൻമദിനം പോലും ആഘോഷിക്കപ്പെടാൻ പ്രവാചകൻ (സ) അവിടുത്തെ ജീവിതത്തിലൂടെ കാണിച്ചു തന്നിട്ടില്ല. എന്നിട്ടല്ലേ മറ്റാഘോഷങ്ങളുടെ കാര്യം!

ആഘോഷിക്കപ്പെടാൻ ഇസ്‌ലാമിൽ രണ്ടേ രണ്ട് ആഘോഷങ്ങൾ മാത്രം. ചെറിയ പെരുന്നാളും ബലി പെരുന്നാളും. മുസ്‌ലിംകളൊന്നടങ്കം ആഘോഷിക്കുന്നത് ഇവ രണ്ടും മാത്രം. മറ്റൊന്നിലേക്ക് നമ്മുടെ മനസ്സുകൾ ചാഞ്ഞുപോവാൻ പാടില്ല. അവരതിന്ന് ശ്രമിച്ചു കൊണ്ടേയിരിക്കും എന്നത് ശരി. അല്ലാഹു ജല്ല ജലാലുഹു പറയുന്നത് നോക്കൂ: وَدَّ كَثِيرٌ مِنْ أَهْلِ الْكِتَابِ لَوْ يَرُدُّونَكُمْ مِنْ بَعْدِ إِيمَانِكُمْ كُفَّاراً حَسَداً مِنْ عِنْدِ أَنْفُسِهِمْ مِنْ بَعْدِ مَا تَبَيَّنَ لَهُمُ الْحَقُّ (വേദക്കാരിൽ നിന്ന് - ജൂത- ക്രിസ്തീയരിൽ നിന്ന് - അധികമാളുകളും നിങ്ങളുടെ സത്യവിശ്വാസത്തിന്നു ശേഷം നിങ്ങളെ അവിശ്വാസികളായി മടക്കാൻ അവർക്കായെങ്കിൽ എന്നാഗ്രഹിക്കുകയാണ്. അവർക്ക് യാഥാർഥ്യം വ്യക്തമായ ശേഷം, അവരുടെ മനസ്സുകളിലെ അസൂയയാൽ - ബഖറ:109) മറ്റൊരിടത്ത് അല്ലാഹു ജല്ല ജലാ

ലുഹു പറയുന്നു: وَدَّتْ طَائِفَةٌ مِنْ أَهْلِ الْكِتَابِ لَوْ يُضِلُّونَكُمْ (നിങ്ങളെ അവർ വഴിപിഴപ്പിച്ചിരുന്നെങ്കിൽ - കൊള്ളാമായിരുന്നു - എന്ന് വേദക്കാരിൽ നിന്നുള്ള ഒരു വിഭാഗം മോഹിക്കുന്നു - ആലു ഇംറാൻ : 69) ഇനി അവരുടെ ഈ പരിശ്രമങ്ങളോടും വ്യത്യസ്ഥ നാമത്തിലും ശൈലിയിലും അവരനുഷ്ഠിക്കുന്ന ആചാരങ്ങളോടും മനസാ വാചാ കർമ്മണാ നാം ചാഞ്ഞു കൊടുത്താലോ? എങ്കിലിതാ അല്ലാഹു ജല്ല ജലാലുഹു മുന്നറിയിപ്പു തരുന്നു: يَا أَيُّهَا الَّذِينَ آمَنُوا إِنْ تُطِيعُوا الَّذِينَ كَفَرُوا يَرُدُّوكُمْ عَلَى أَعْقَابِكُمْ فَتَنْقَلِبُوا خَاسِرِينَ (ഹേ വിശ്വസിച്ചവരെ, അവിശ്വസിച്ചവരെ നിങ്ങൾ അനുസരിക്കുന്ന പക്ഷം, അവർ നിങ്ങളെ നിങ്ങളുടെ മടമ്പുകാലുകളിൽ (പിറകോട്ടു) മടക്കിക്കളയും. അങ്ങനെ നിങ്ങൾ നഷ്ടപ്പെട്ടവരായി മാറിപ്പോയേക്കും - ആലു ഇംറാൻ: 149) അവിശ്വാസികളുടെ ശീലങ്ങളിലേക്ക് നാം മടങ്ങുകയും അവരുമായി ഈ ശീലങ്ങളിൽ സഹകരിക്കുകയും ചെയ്താൽ നാം നഷ്ടക്കാരായിപ്പോവും. അല്ലാഹുവും അവൻെറ ദൂതരും ചര്യയാക്കിയ ആചാരങ്ങൾ മാത്രമെ ഓരോ മുസ്ലിമും ശീലിക്കാവൂ. പുതുവർഷമോ പുതുനൂറ്റാണ്ടോ പുതു സഹസ്രാബ്ദമോ ആഘോഷിക്കാനോ ഈ ആഘോഷങ്ങൾക്ക് ആശംസ ചൊരിയാനോ ഒരു മുസ്ലിമിനും അനുവാദമില്ല. ഈ വർഷങ്ങളുടെ കണക്കുകൂട്ടലിൽ തന്നെ

തെറ്റുപറ്റിയിട്ടുണ്ടെന്ന് നേരത്തെ പറഞ്ഞു: അങ്ങിനെ ഇതര സമുദായങ്ങൾ വ്യാജവും പൊള്ളയുമായ ഒരു സങ്കല്പത്തിൽ പടുത്തുയർത്തിയ ഇത്തരം ആചാരങ്ങളോട് ഒരു മുസ്ലിമിന് എങ്ങിനെയാണ് സഹകരിക്കാൻ കഴിയുക. ഇനി സങ്കല്പമല്ല, സത്യം തന്നെയെന്നു വന്നാലും സ്വന്തം മതം തൻെറ അനുയായികൾക്കു നിശ്ചയിച്ചു കൊടുത്ത അതിർത്തികൾക്കപ്പുറത്തേക്ക് സഞ്ചരിക്കാൻ അയാൾക്കെന്തവകാശം? മറ്റു ദിവസങ്ങളെ അപേക്ഷിച്ച് വർഷത്തിൻെറ ഈ ആരംഭ ദിവസത്തിന്നു വല്ല പുണ്യവും ഇവർ കാണുന്നുണ്ടോ?

അജ്ഞാന കാലത്തെ അറബികൾക്കിടയിൽ, നീറൂസ് എന്നും മഹർജാൻ എന്നുമൊക്കെ പേരുകളിൽ ചില ആഘോഷങ്ങൾ നിലവിലുണ്ടായിരുന്നു. അനസ് ബിൻ മാലിക് (റ) റിപ്പോർട്ടു ചെയ്യുന്നു: നബി(സ) മദീനയിൽ വന്നപ്പോൾ അവർ വിനോദങ്ങൾക്കായി രണ്ടു ദിവസം നീക്കി വെച്ചിരുന്നു. തിരുമേനി(സ) ചോദിച്ചു: ഏതാണീ രണ്ടു ദിവസങ്ങൾ? അവർ പറഞ്ഞു: ജാഹിലിയ്യാ കാലത്ത്-ഞങ്ങളാ ദിവസങ്ങളിൽ കളിക്കാറുണ്ടായിരുന്നു. അപ്പോൾ പ്രവാചകൻ(സ) പറഞ്ഞു: ان الله قد ابدلكم بهما خيرا منهما : يوم الأضحى ويـوم الفطـر (നിശ്ചയം, അല്ലാഹു നിങ്ങൾക്ക് അവ രണ്ടിനേക്കാളും ഉത്തമമായത് പകരം തന്നിരിക്കുന്നു. ബലി പെരുന്നാൾ ദിവസവും ചെ

റിയ പെരുന്നാൾ ദിവസവും". അല്ലാഹു നമുക്ക് പകരം തന്ന ദിവസങ്ങൾ! ആഘോഷിക്കാനും ആശംസ കൈമാറാനും അല്ലാഹു നിശ്ചയിച്ചു തന്ന ഈ ദിവസങ്ങൾ മാത്രമെ മുസ്‌ലിംകൾക്കുള്ളൂ. മറ്റൊരു ദിവസവും ഇല്ല. നമുക്കല്ലാഹു നിശ്ചയിച്ചു തന്നിട്ടില്ലാത്ത വല്ല വിശേഷങ്ങളുടെയോ ആചാരങ്ങളുടെയോ നേരിയ സാന്നിദ്ധ്യമെങ്കിലുമുള്ള സന്ദർഭങ്ങളിലേക്ക് മുസ്‌ലിംകളെ വിടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല തന്നെ. ഥാബിത് ബിൻ ദഹ്ഹാക് (റ) പറയുന്നു: റസൂൽ (സ) യുടെ കാലത്ത് ഒരാൾ ബുവാനഃ എന്ന സ്ഥലത്ത് ഒരൊട്ടകത്തെ ബലിയറുക്കുമെന്ന് നേർച്ചയാക്കി. നബി(സ) വന്നപ്പോൾ അദ്ദേഹം തിരുമേനി(സ)യോട് പറഞ്ഞു: ബുവാനയിൽ ഞാനൊരു ഒട്ടകത്തെ അറുക്കാൻ നേർച്ച നേർന്നിട്ടുണ്ട്. അപ്പോൾ തിരുമേനി(സ) ചോദിച്ചു: ജാഹിലിയ്യാ കാലത്ത് ആരാധിച്ചിരുന്ന വിഗ്രഹങ്ങളിൽ വല്ല വിഗ്രഹവും അവിടെയുണ്ടോ? അവർ പറഞ്ഞു: ഇല്ല. തിരുമേനി(സ) ചോദിച്ചു: അവരുടെ ആഘോഷങ്ങളിൽ പെട്ട വല്ല ആഘോഷവും അവിടെ ഉണ്ടായിരുന്നോ? അവർ പറഞ്ഞു: ഇല്ല. തിരുമേനി(സ) പറഞ്ഞു: നീ നിന്റെ നേർച്ച വീട്ടുക. അല്ലാഹുവിന്ന് എതിർ പ്രവർത്തിച്ചുകൊണ്ടും മനുഷ്യന്റെ കഴിവിൽ പെടാത്തതിന് മുതിർന്നുകൊണ്ടും ഒരു നേർച്ചയും നിറവേറ്ററുത് - അബൂദാവൂദ്)

ഉമർ(റ) പറഞ്ഞു: ബഹുദൈവാരാധകരുടെ ക്ഷേത്രങ്ങളിൽ അവരുടെ ആഘോഷദിവസങ്ങളിൽ നിങ്ങൾ പ്രവേശിക്കരുത്. അങ്ങിനെ ചെയ്താൽ അവന്റെ- അല്ലാഹുവിന്റെ - കോപം നിങ്ങളിലിറങ്ങും. അദ്ദേഹം തുടർന്നു പറഞ്ഞു: "അല്ലാഹുവിന്റെ ശത്രുക്കളെ അവരുടെ ആഘോഷദിവസങ്ങളിൽ നിങ്ങൾ അകറ്റി നിർത്തുക".

അബ്ദുല്ലാഹ് ബിൻ അംറുബിൻ ആസ്വ്(റ) പറയുന്നു: "ആർ അനറബികളുടെ നാട്ടിൽ താമസിക്കുകയും അവരുടെ നിറൂസുകളും മഹർജാനുകളും ആഘോഷിക്കുകയും അവരോട് സാദൃശ്യം പുലർത്തുകയും അങ്ങിനെ മരിക്കുകയും ചെയ്തുവോ അപ്രകാരം തന്നെയായിരിക്കും അന്ത്യനാളിൽ അവരോടൊപ്പം ഉയിർത്തെഴുന്നേല്ക്കുക !"

അമുസ്‌ലിംകൾ ആഘോഷിക്കുന്നതും വ്യാജസ്ഥാപിതവുമായ ആഘോഷങ്ങളിൽ ഒരു സത്യവിശ്വാസി പങ്കെടുക്കുകയെന്നത് അവരുടെ വ്യാജകർമ്മത്തെ സത്യപ്പെടുത്തലും അയാളുടെ സാന്നിധ്യം വഴി അവരുടെ ആഘോഷങ്ങളെ അംഗീകരിക്കലും അവർക്ക് ആഹ്ളാദവും ഹൃദ്യതയും പകരലുമായിരിക്കും. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: لا تَجِدُ قَوْماً يُؤْمِنُونَ بِاللَّهِ وَالْيَوْمِ الآخِرِ يُوَادُّونَ مَنْ حَادَّ اللَّهَ وَرَسُولَهُ (അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത, അല്ലാഹുവിനോടും അവന്റെ റ

സൂലിനോടും മത്സരം കാണിക്കുന്നവരുമായി സ്നേഹ ബന്ധം പുലർത്തുന്നതായി കണ്ടെത്തുകയില്ല - മുജാദല :22) അതിനാൽ ഒരാളും ഇസ്‌ലാം അനുവദിച്ച രണ്ടാഘോഷങ്ങളല്ലാത്തതും ഇസ്‌ലാമിൽ യാതൊരടിസ്ഥാനമില്ലാത്തതും വ്യാജത്തിലും ഊഹത്തിലും സ്ഥാപിക്കപ്പെട്ടതുമായ ഒരാഘോഷങ്ങളിലും പങ്കെടുക്കാൻ പാടില്ല. അല്ലാഹു ജല്ല ജലാലുഹു പറയുന്നു: وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ (പുണ്യത്തിലും ഭക്തിയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും ശത്രുതയിലും നിങ്ങളന്യോന്യം സഹായിക്കരുത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു- മാഇദ:2) അമുസ്‌ലിംകളുടെ ആഘോഷങ്ങളുമായി ഒരർഥത്തിലും ഒരു മുസ്‌ലിമിന് സഹകരിച്ചുകൂടാ. അതൊരു വിശിഷ്ട ദിനമായി പരിഗണിക്കാനോ തങ്ങളുടെ വാണിജ്യ പരസ്യങ്ങൾക്ക് മാധ്യമമാക്കാനോ അതിനെ അനുവദിച്ചുകൂടാ. അതിന്റെ സ്മരണക്കെന്നോണം വാച്ചുകളൊ, ഫലകങ്ങളൊ, വസ്ത്രങ്ങളൊ നിർമ്മിച്ചു കൂടാ. ബാഡ്ജുകളൊ, നോട്ടുപുസ്തകങ്ങളൊ അപ്രകാരം തന്നെ. ഇതോടനുബന്ധിച്ച് പ്രത്യേക വിറ്റഴിക്കൽ വില്പനകളൊ, സമ്മാനദാനങ്ങളൊ, മറ്റു പരിപാടികളൊ ആസൂത്രണം ചെയ്തു കൂടാ. അന്നേ ദിവസത്തിന്നു പ്രത്യേകത നല്കി, ഒരു 'ഹാപ്പി ഒക്കേഷനൊ, ഹാപ്പി ഡേ" യൊ ആശംസിക്കാനോ

കല്യാണം നിശ്ചയിക്കാനോ ബിസിനസ് തുടങ്ങാനോ മറ്റെന്തെങ്കിലും പരിപാടിയുടെ ഉൽഘാടനം അന്നത്തേക്കാക്കാനോ മറ്റു ദിവസങ്ങളെക്കാൾ ഈ ദിവസത്തിന് പ്രത്യേക മഹത്വം കല്പിക്കാനോ ഒരു മുസ്‌ലിമിനും അനുവാദമില്ല.

അവിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ആശംസ കൈമാറുന്നത് ഹറാമാണെന്ന് ഇബ്നുൽ ഖയ്യിം (റ) അഭിപ്രായപ്പെട്ടിട്ടുണ്ട്. കുരിശിന് സുജൂദ് ചെയ്യുന്നതിന്ന് തുല്യമായിട്ടാണദ്ദേഹം അതിനെ കണ്ടത്. മദ്യപാനത്തേക്കാളും വ്യഭിചാരത്തേക്കാളും പാപകരമാണിതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചരിത്രപരവും മുസ്‌ലിംകൾക്ക് രോമാഞ്ചവും ആവേശവും പകർന്ന ഒരു സംഭവമായിരുന്നുവല്ലോ പ്രവാചകൻ(സ)യുടെയും അവിടുത്തെ വിശിഷ്ടരും ആദരണീയരുമായ അനുചരൻമാരുടെയും മദീനയിലേക്കുള്ള പലായനം. ഹിജ്റ വർഷം അതിനെ ആസ്പദമാക്കിയാണല്ലോ നാം കണക്കാക്കുന്നത്. ആ ചരിത്ര സംഭവത്തിന്നുശേഷം പതിന്നാലു നൂറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞു. അവരുടെ മതത്തിലെ ഈ ഉത്കൃഷ്ട ദിനത്തെപ്പോലും ആഘോഷിക്കപ്പെടാനോ ആശംസ കൈമാറാനോ ഉള്ള വേദിയാക്കാൻ ഒരു മുസ്‌ലിമിനും അനുവാദമില്ലെന്നിരിക്കെ, മുസ്‌ലിംകളുടേതല്ലാത്ത ആഘോഷങ്ങളെയും മറ്റു

പരിപാടികളെയും ആചരിക്കപ്പെടാൻ എങ്ങനെയാണ് ഒരു മുസ്‌ലിമിന് തന്റെ മതം അനുവാദം നൽകുക? !

അറബ് ലോകത്തെ പണ്ഡിതൻമാരിൽ പ്രമുഖരും പ്രശസ്തരുമായ ആളുകൾ തൊട്ട് സാധാരണക്കാരായവർ വരെ, അവരിലേറെപ്പേരും രണ്ടായിരാമാണ്ടിനെ വരവേൽക്കുന്നതിൽ നിന്ന് മുസ്‌ലിംകളെ ജാഗ്യതരാക്കാനും ഉൽബുദ്ധരാക്കാനും അതിന്റെ ആഗമനത്തിന്റെ മൂന്നു മാസം മുമ്പു തന്നെ പത്രമാസികകളിലൂടെയും പത്രസമ്മേളനങ്ങളിലൂടെയും ജുമുഅ ഖുതുബകളിലൂടെയും മറ്റു പൊതുക്ലാസുകളിലൂടെയും പരിശ്രമിച്ചിട്ടുണ്ട്. അമേരിക്കയിലെയും ബ്രിട്ടനിലെയും മറ്റും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾവരെ രണ്ടാം സഹസ്രാബ്ദത്തിന്റെ ജ്വരം ലോകമെങ്ങും പടരുകയാണേ, നിങ്ങൾ നിങ്ങളുടെ ഈമാനിനെ അതിൽ നിന്നും സംരക്ഷിക്കണേയെന്ന് അവർ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഗൾഫിൽ നിന്ന് നാടുമായി ഈ വിനീതൻ ബന്ധപ്പെട്ടപ്പോൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ഒരു പ്രസ്ഥാനവും തന്റെ സമൂഹങ്ങളെ ഈ വിഷയത്തിൽ ഉൽബുദ്ധരാക്കിയില്ലായെന്ന ഉദ്വേഗജനകവും വേദനാപരവുമായ വാർത്തയാണ് എനിക്ക് കിട്ടിയത്! ഏതാനും ചില എണ്ണപ്പെട്ട പള്ളി മിംബറുകളിൽ ചില ഖതീബുമാർ 'മിലെനിയം 2000' നെ സംബന്ധിച്ച് ലോലമായി പരാമർശിച്ചതായി അറിയാനായി. ജുമുഅ നമസ്കാരങ്ങളിൽ പങ്കെടുക്കുന്ന സമൂഹവൃത്തത്തിന്റെ വ്യാപ്തി എത്ര വരുമെന്ന് പറഞ്ഞറിയി

ക്കേണ്ടതില്ലല്ലോ. വേണ്ടതിനും വേണ്ടാത്തതിനുമൊക്കെ പത്രപ്രസ്താവന നടത്തുകയും ബഹളം വെക്കുകയും ചെയ്യുന്ന ആളുകൾ നമ്മുടെ സമൂഹത്തിലെമ്പാടുമുണ്ട്. എന്നാൽ ഏതെങ്കിലുമൊരു ഖാളിയോ പ്രസിഡണ്ടോ അമീറോ, നവവൽസരമോ നൂറ്റാണ്ടോ സഹസ്രാബ്ദമോ ആചരിക്കുന്നതിൽ നിന്ന് മുസ്‌ലിംകൾ വിട്ടുനിൽക്കണ മെന്ന് ജനങ്ങളോട് പറഞ്ഞുവോ....? അവർ നിശ്ശബ്ദത പാലിച്ചുവെന്ന ഭീദിതമായ വിവരമാണല്ലോ നാമറിഞ്ഞത്. സമൂഹത്തിൻെറ ഖാളിയെന്നോ അമീറെന്നോ മറ്റോ പേര് സ്വീകരിച്ച് ഈ സ്ഥാനത്തിരിക്കുന്ന ഇത്തരം വായ് നോക്കികളും നാട്ടക്കുറ്റികളും ഈ സമുദായത്തിന്ന് വേണ്ടതുണ്ടോ എന്ന് സമുദായം തന്നെ ഒരു തീരുമാന മെടുക്കേണ്ടിയിരിക്കുന്നു. മറ്റു സമുദായക്കാർ എന്തു വിചാരിക്കും എന്നു കരുതി അവരുടെ വിചാരങ്ങളെ നന്നാക്കാൻ സ്വന്തം സമുദായത്തെ അടക്കിയിരുത്തുകയോ പാപസഞ്ചാരങ്ങൾക്കു നേരെ മൗനമവലംബിക്കുകയോ ചെയ്ത നേതാക്കളാണല്ലോ ഇവർ. സ്വന്തമായി പത്ര മാധ്യമങ്ങളൊക്കെയുള്ള ഇസ്‌ലാമിക സംഘടനകൾ വരെ, തങ്ങളുടെ മാധ്യമങ്ങളെ ഈ ആചാരങ്ങൾക്കെതിരിൽ ഉപയോഗപ്പെടുത്തിയില്ലല്ലോയെന്ന് വേദനാപൂർവ്വം ഓർത്തു പോകുന്നു....!

സത്യവിശ്വാസികൾ പരസ്പരം ഇത്തരം കാര്യങ്ങളിൽ ഉപദേശകരാവേണ്ടതുണ്ട്. അല്ലാഹുവിനെ സൂക്ഷിക്കാനും അവരെ അനുസരിക്കാനും അതനുസരിച്ചുള്ള കർമ്മങ്ങ

ളിൽ വ്യാപൃതരാവാനും പാപങ്ങളിൽ നിന്ന് വിട്ടു നിൽക്കാനും തൻമൂലമുണ്ടായേക്കാവുന്ന പ്രയാസങ്ങളിൽ ക്ഷമ കൈക്കൊള്ളാനും അങ്ങിനെ അല്ലാഹുവിൽ ഭയഭക്തിയുള്ളവരായിക്കൊണ്ട് ജീവിക്കാനും അവർ പരസ്പരം ഉപദേശിച്ചുകൊണ്ടിരിക്കും. ഓരോ സത്യവിശ്വാസിയും സ്വന്തം നിലക്കും പാരസ്പരവും ഈ വിഷയത്തിൽ പരിശ്രമിക്കുകയും അതിൽ വിജയം വരിക്കുകയും അല്ലാഹുവിൽ നിന്നുള്ള ശാപകോപങ്ങളിൽ നിന്ന് ഇഹലോകത്തെയും പരലോകത്തെയും അവൻെറ ജീവിതം സുരക്ഷിതമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ മതവും അതിലെ വിധിവിലക്കുകളും ആചാരാനുഷ്ഠാനങ്ങളും ആഘോഷാശംസകളും തീരുമാനിക്കാനുള്ള അധികാരം അല്ലാഹുവിനും അവൻെറ ദൂതർക്കും മാത്രമാണ്. അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരിക്കുക എന്നതാണ് മതം. തനിക്കു തോന്നുന്നതുപോലെ പ്രവർത്തിക്കുക എന്നത് പിശാചിൻെറ മതമാണ്. പിശാചാവട്ടെ, അല്ലാഹുവിൻെറ ശത്രുവുമാണ്. അല്ലാഹുവിൻെറ ശത്രു നമ്മുടെയും ശത്രുവാകുന്നത് വരെ നാം സത്യവിശ്വാസികളാവുകയേയില്ല. ഇത്തരം ദുരന്തങ്ങളിൽ നിന്ന് അല്ലാഹു നമ്മെ കാക്കുമാറാവട്ടെ. നവവൽസരവും ശതവാർഷികവും സഹസ്രാബ്ദവും ജനന മരണ ദിനങ്ങളുമൊക്കെ ആചരിക്കുന്ന ശീലങ്ങളിൽ നിന്ന് അല്ലാഹു നമ്മുടെ ഈമാനിനെ സംരക്ഷിക്കുമാറാവട്ടെ-.

# കായിക വിനോദങ്ങൾ

ഈ വിഭാഗത്തിൽ സുപരിചിതവും അപരിചിതവുമായ ഒട്ടേറെ വിനോദങ്ങളുണ്ട്. കീർത്തിക്കും പണത്തിനും നേരമ്പോക്കിനും മറ്റുമായി ആളുകൾ ഇതിൽ വ്യാപൃതരാവുന്നു. ഇസ്‌ലാമിന്റെ പൊതുവായ നിലപാട് ഇക്കാര്യത്തിലെന്താണ്? وَاتَّبَعُوا مَا تَتْلُوا الشَّيَاطِينُ عَلَى مُلْكِ سُلَيْمَانَ (സുലൈമാന്റെ രാജവാഴ്ചയെപ്പറ്റി പിശാചുക്കൾ പാരായണം ചെയ്തു (പ്രചരിപ്പിച്ചു) വന്നിരുന്നതിനെ അവർ (ഇസ്രായീല്യർ) പിൻപറ്റുകയും ചെയ്തു - ബഖറ : 102) എന്ന വാക്യത്തെ വിശദീകരിക്കുന്നിടത്ത് ഇബ്നു അബ്ബാസ് (റ) പറയുന്നു: اتبعوا الشهوات التي كانت تتلوا الشياطين، وهي: المعازف، واللعب وكل شيئ يصد عن ذكر الله ("പിശാചുക്കൾ ചൊല്ലിക്കൊടുത്ത ദേഹേഛകളെ അവർ പിൻപറ്റി. അത് വാദ്യോപകരണങ്ങളും കളിയും ദൈവസ്മരണയെ തടഞ്ഞുനിർത്തുന്ന എല്ലാ കാര്യങ്ങളുമാണ്") എന്ന്. ദൈവ സ്മരണകളെയും വിശേഷിച്ച് നമസ്കാരങ്ങളെയും തടഞ്ഞു നിർത്തുന്ന എല്ലാ വിനോദങ്ങളും പിശാചിന്റെ മന്ത്രങ്ങളാണ്!

നമ്മുടെ നാടുകളിൽ ഫുട്ബോൾ, വോളിബോൾ, കബഡി, ഗുസ്തി, ബോക്സിംഗ് പോലുള്ള കളികൾ നല്ല പ്രചാരമുള്ളതാണല്ലോ... നിഷിദ്ധങ്ങളും വ്യാജങ്ങളുമായ വിനോദങ്ങളായാണ് ഇസ്‌ലാമിലെ പണ്ഡിതൻമാർ ഇതിനെ ഗണിക്കുന്നത്. അവയെ നിഷിദ്ധമാക്കുന്ന പ്രധാന ഘടകം ഇസ്‌ലാമിൻെറ ദൃഷ്ടിയിൽ അവർ നഗ്നരായി കളിക്കുന്നുവെന്നതാണ്. ഇസ്‌ലാമിൻെറ നഗ്നതാപരിധി പാലിക്കാത്തതും പ്രേക്ഷകർക്ക് തങ്ങളുടെ നഗ്നതകൾ പ്രദർശിപ്പിച്ചു കൊടുക്കുന്നതുമായ ഇത്തരം കളികളിൽ ഒരു സത്യവിശ്വാസിയും ഒരിക്കലും പങ്കാളിയായിക്കൂടാ.... പ്രവാചകൻ (സ) പറഞ്ഞു : احفظ عورتك الا من زوجتك اوما ملكت يمينك (നിൻെറ ഭാര്യയുടെയോ നീ ഉടമപ്പെടുത്തിയ അടിമസ്ത്രീയുടെയോ മുമ്പിലൊഴികെ നീ നിൻെറ നഗ്നത സംരക്ഷിക്കുക - ഇമാം അഹ്മദ്).

പ്രവാചകമൊഴികളിലൂടെ നാം പഠിച്ചത് കാൽവണ്ണകൾ ഔറത്തിൻെറ ഭാഗമാണെന്നാണ്. പ്രവാചകൻ അത് മറയ്ക്കാൻ കൽപിക്കുകയും അതിലേക്ക് നോക്കുന്നത് വിരോധിക്കുകയും ചെയ്തു. ഇമാം മാലിക്(റ) തൻെറ الموطأ ലും ഇമാം അഹ്മദ് ബിൻ ഹംബൽ തൻെറ المسند ലും ഇമാം അബൂദാവൂദ് തൻെറ سنن ലും ഇമാം തിർമിദി തൻെറ جامع ലും ഇമാം ഇബ്നു

ഹിബ്ബാൻ (റ) തന്റെ സ്വഹീഹിലും ഇമാം അൽ ഹാകിം തന്റെ المستدرك ലും ഉദ്ധരിക്കുന്നു: "പ്രവാചകൻ (സ) ഒരിക്കൽ ജൂർഹുദുൽ അസ്‌ലമി (റ)യുടെ സമീപത്തുകൂടി കടന്നുപോകവേ, തന്റെ കാൽവണ്ണകൾ പുറത്തുകാട്ടി യ നിലയിൽ പ്രവാചകൻ (സ) അദ്ദേഹത്തെ കണ്ടു. അപ്പോൾ അവിടുന്ന് പറഞ്ഞു: غط فخذك فإنها من العورة (നിന്റെ തുടകൾ നീ മൂടുക. നിശ്ചയം അത് നഗ്നതയിൽ പെട്ടതാണ്) പ്രവാചകൻ(സ) യുടെ കൽപ്പന! ഇബ്നു അബ്ബാസ്(റ) പറയുന്നു: നിശ്ചയം. നബി (സ) പറഞ്ഞു: الفخذ عورة (തുട നഗ്നതയാണ്). അൽ ഹാകിം ഉദ്ധരിക്കുന്നു: ഒരിക്കൽ തുട പുറത്തുകാട്ടിയ നി ലയിൽ കണ്ട ഒരാളോട് റസൂൽ (സ) പറഞ്ഞു: غط فخذك فإن فخذ الرجل من عورته (നിന്റെ തുട നീ മൂടുക. എന്തുകൊണ്ടന്നാൽ നിശ്ചയം പുരുഷന്റെ തുട അവന്റെ നഗ്നതയിൽ പെട്ടതാണ്). മറ്റൊരു റിപ്പോർട്ടിൽ അബൂദാവൂദും ഇബ്നുമാജയും ഇമാം അഹ്മദും ദാറുഖുത്നിയും അൽ ഹാകിമും റിപ്പോർട്ട് ചെയ്യുന്നു: പ്രവാചകൻ(സ) പറഞ്ഞു: لا تكشف فخذك ولا تنظر الى فخذ حي ولا ميت (നിന്റെ തുട നീ വെളിപ്പെടുത്തരുത്. ജീവിച്ചിരിക്കുന്നവരുടെയോ മരിച്ചവരുടെയോ തുടയിലേക്കു നോക്കുകയും ചെയ്യരുത്). ഇമാം ദാറുഖുത്നി(റ) റിപ്പോർട്ട് ചെയ്യുന്നു:

لا تكشف عن فخذك فإن الفخذ من العورة (നീ നിന്റെ തുട വെളിപ്പെടുത്തരുത്. നിശ്ചയം തുട നഗ്നതയിൽ പെട്ടതാണ്). ദാറുഖുത്വ്നി(റ) തന്നെ തന്റെ സുനനിൽ അബീ അയ്യൂബ്(റ) നബി(സ)യിൽ നിന്ന് കേട്ട കാര്യം സ്മരിക്കുന്നുണ്ട്. തിരുമേനി(സ) പറഞ്ഞു: ما فوق الركبتين من العورة وما اسفل من السرة من العورة (രണ്ടു കാൽമുട്ടുകൾക്കു മുകളിലുള്ളത് നഗ്നതയിൽ പെട്ടതാണ്. പൊക്കിൾ കുഴിക്ക് താഴെയുള്ളതും നഗ്നതയാണ്.) റസൂൽ(സ) പറഞ്ഞു: ما تحت السرة الى الركبة من العورة (പൊക്കിൾ മുതൽ മുട്ടുവരെയുള്ളത് നഗ്നതയിൽ പെട്ടതാണ്.) മറ്റൊരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: لا تنظر الرجل عورة الرجل ولا المرأة الى عورة المرأة (പുരുഷൻ, പുരുഷന്റെ നഗ്നതയിലേക്കോ സ്ത്രീ, സ്ത്രീയുടെ നഗ്നതയിലേക്കോ നോക്കരുത്).

നേരത്തേ പരാമർശിച്ച കളിക്കാർ, ഇമാമുകളും പ്രഗൽഭമതികളായ പണ്ഡിതൻമാരും ഏകോപിച്ച് പറഞ്ഞതുപോലെ ദൈവസ്മരണയേയും നമസ്കാരത്തേയും വിസ്മരിക്കുന്നതും പരസ്പരം ശത്രുതയും വിദ്വേഷവുമുണ്ടാക്കുന്നതുമായ കളികളിലാണ് ഏർപ്പെട്ടതെങ്കിൽ അവർ അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ മൈസിറി (ചൂത്)ലാണ് വ്യാപൃതരായിരിക്കുന്നത്. എന്നല്ല, അല്ലാഹു

വും അവന്റെ പ്രവാചകരും കൽപ്പിച്ച നഗ്നത മറയ്ക്കുക എന്ന കൽപ്പന അവർ സ്വയം ധിക്കരിക്കുകയും മറ്റുള്ളവർക്ക് അത് പ്രദർശിപ്പിക്കുക വഴി അവരെക്കൂടി അതിൽ കുറ്റവാളികളാക്കുകയും ചെയ്യുന്ന ദ്വിമുഖ പാപമാണ് ഇവിടെ ഉണ്ടായിത്തീരുന്നത്.

ചതുരംഗം:- മാന്യൻമാരുടെയും ബുദ്ധിമാൻമാരുടെയും കളിയായിട്ടാണ് ചതുരംഗം പരിഗണിച്ചു വരുന്നത്. പല രാജാക്കൻമാരുടെയും നാടുവാഴികളുടെയും പ്രധാന നേരമ്പോക്കുകളിലൊന്നായിരുന്നു ഇത്.

ഇമാം ദഹബി(റ) പറയുന്നു: ഇമാം മാലിക്(റ)യോട് ചതുരംഗത്തെക്കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോഴദ്ദേഹം പറഞ്ഞു:

الشطرنج من النرد (ചതുരംഗം പകിടകളിയിൽ പെട്ടതാണ്) എന്ന്. ഇമാം ദഹബി(റ) തന്നെ മറ്റൊരിടത്ത് ഇങ്ങിനെ പറയുന്നു: لا يلعب بالشطرنج إلا خاطئ (പിഴച്ച ആളുകളല്ലാതെ ചതുരംഗം കളിക്കുകയില്ല). الموطأ ൽ യഹ്‌യാ പറയുന്നു: ചതുരംഗത്തിൽ പുണ്യമില്ലെന്ന് ഇമാം മാലിക്(റ) പറയുന്നത് ഞാൻ കേട്ടു. അദ്ദേഹം അത് വെറുത്തു. അതുകൊണ്ടോ വ്യാജമായ മറ്റു വല്ലതുകൊണ്ടോ കളിക്കുന്നവരെയും അദ്ദേഹം വെറുത്തിരുന്നതായി ഞാൻ കേട്ടു. അദ്ദേഹം ഇങ്ങിനെ പാരായണം ചെയ്

തു: فَمَاذَا بَعْدَ الْحَقِّ إِلاَّ الضَّلاَلُ ("എന്നാൽ യാഥാർഥ്യത്തിനു ശേഷം വഴികേടല്ലാതെ മറ്റെന്താണുള്ളത് - യൂനുസ്: 32)

ചതുരംഗം മൈസിറിന്റെ അഥവാ ചൂതുകളിയുടെ ഗണത്തിൽ പെട്ടതാണെന്നാണ് പണ്ഡിതൻമാർ ഏകോപിച്ച് അഭിപ്രായപ്പെട്ടിട്ടുള്ളത്. സൂറത്തുൽ മാഇദയിലെ 90-ാം വാക്യത്തിൽ പരാമർശിച്ച മൈസിറിനെ സംബന്ധിച്ച് വിശദീകരിക്കവേ ഇമാം ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: ചതുരംഗം മൈസിറിൽ (ചൂതിൽ) പെട്ടതാണെന്ന്. അലി(റ) പറഞ്ഞു: هو ميسر العجم (അത് അനറബികളുടെ ചൂതാണ്) എന്ന്. ഇമാം ദഹബി(റ), ഇബ്നു ഹാതിം, ബഗവി എന്നിവരൊക്കെയും അതു തന്നെ പറഞ്ഞു. ഇബ്നു ജരീർ തന്റെ തഫ്സീറിൽ മൈസിറിനെ സംബന്ധിച്ച് ഇങ്ങിനെ വ്യാഖ്യാനിക്കുന്നു: ഉമർ ബിൻ ഉബൈദുല്ലാഹ്, ഖാസിം ബിൻ മുഹമ്മദിനോട് ചോദിക്കുന്നു: النرد ميسر، ارأيت الشطرنج ميسر هو؟ (പകിട, ചൂതിൽ പെട്ടതാണ്. ചതുരംഗം ചൂതിൽപെട്ടതാണെന്ന അഭിപ്രായമുണ്ടോ?) അപ്പോൾ ഖാസിം പറഞ്ഞു: كل ما ألهى عن ذكر الله وعن الصلاة فهو ميسر (ദൈവ സ്മരണയേയും നമസ്കാരത്തേയും അശ്രദ്ധമാക്കുന്ന എല്ലാം മൈസിറാണ്) എന്ന്. ഇബ്നു ഉമർ(റ) പറയുന്നു: മൈ

സിർ എന്നാൽ ഖിമാർ (قمار) ആണെന്ന്. ഖിമാർ (قمار) എന്നത് ഒരുതരം ചൂതാണ്. മുജാഹിദും സഈദ് ബിൻ ജുബൈറും മൈസിറിനെക്കുറിച്ചുള്ള ഒരു റിപ്പോർട്ടിൽ ഇങ്ങിനെ പറയുന്നു: മൈസിർ എന്നാൽ ഖിമാർ തന്നെയാണ്. എല്ലാ തരം ചൂതുകളുമാണ്. അത് കുട്ടികൾ കളിക്കാനുപയോഗിക്കുന്ന അണ്ടിയായാൽപോലും. ഇബ്നു കസീർ തൻെറ തഫ്സീറിൽ 'അണ്ടിയും പരിപ്പും മുട്ടയും ഒക്കെ ഉപയോഗിച്ചുള്ള കുട്ടികളുടെ കളികൾ വരെ' എന്നു സ്മരിച്ചിട്ടുണ്ട്. ഇബ്നു തൈമിയ:(റ) പറയുന്നു: വിശദീകരണം കൊണ്ടും പണ്ഡിതരുടെ ഏകീകൃതമായ യോജിപ്പുകൊണ്ടും മൈസിർ ഹറാം തന്നെയാണ്. ദൈവസ്മരണയേയും നമസ്കാരത്തെയും തടഞ്ഞുകളയുന്നതും പരസ്പരം ശത്രുതയും കോപവും ഉണ്ടാക്കുന്നതുമായ ചൂത്, ചെസ്സ് പോലുള്ള എല്ലാ കളികളും അതിൽ പെടുന്നു. മദ്യത്തെപ്പോലെ തന്നെയാണ് മൈസിറിനേയും ഹറാമാക്കിയിരിക്കുന്നത്. മൊത്തത്തിൽ ഇവ രണ്ടും ദൈവസ്മരണയേയും നമസ്കാരത്തെയും തടഞ്ഞു നിർത്തുന്നതും പരസ്പരം ശത്രുതയും കോപവും ഉണ്ടാക്കുന്നതുമാണ്. അല്ലാഹുവിനെയും അവൻെറ ദൂതരെയും ഇഷ്ടപ്പെടുന്നവർ ഇത്തരം അനർഥകരമായ വിനോദങ്ങളിൽ ഏർപ്പെടാത്തവരായിരിക്കും. മദ്യം മനു

ഷ്യചിന്തയെ എത്രമാത്രം വിസ്മൃതിയിലാക്കുന്നുവോ അത്രത്തോളമോ അതിനെക്കാളേറെയോ, ഇത്തരം കളിയിലേർപ്പെടുന്നവർ മറ്റു ഭൗതികചിന്തയിൽ വിസ്മൃതി കൊണ്ടവരായിത്തീരുന്നു. ഇമാം അഹ്മദ് ബ്നു ഹംബൽ തൻെറ 'അൽ മുസ്നദി'ൽ സ്മരിച്ചതു പോലെ. അദ്ദേഹം പറഞ്ഞു: شارب الخمر كعابد الوثن (മദ്യപാനി ബിംബാരാധകനെപ്പോലെയാണ്). അമീറുൽ മുഅ്മിനീൻ അലി(റ) ഒരിക്കൽ ചെസ്സു കളിക്കുന്ന ഒരു കൂട്ടം ആളുകളുടെ അടുത്തുകൂടി പോവുമ്പോൾ പറഞ്ഞല്ലോ... ما هذه التماثيل التي انتم لها عاكفون (നിങ്ങൾ ഭജനമിരിക്കുന്ന ഈ രൂപങ്ങളെന്താണ്?) ബിംബങ്ങൾക്കു മുമ്പിൽ ഭജനമിരിക്കുന്നതിനു തുല്യമായിട്ടാണ് അലി(റ) ചെസ്സിലെ കരുക്കൾക്കു മുമ്പിൽ കൂനിപ്പിടിച്ചിരിക്കുന്ന ആളുകളെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. നിശ്ചയം ചെസ്സ് വ്യാജവിനോദങ്ങളിൽ പെട്ടതാണ്. പ്രവാചകൻ(സ) പറഞ്ഞു: كل ما يلهو به الرجل المسلم باطل الارميه بقوسه، وتأديبه فرسه وملعبته أهله، فإنهن من الحق (മുസ്ലിമായ ഒരാളുടെ എല്ലാ വിനോദങ്ങളും വ്യാജമാണ്. അവൻെറ വില്ലിൽ നിന്ന് കുലയ്ക്കുന്ന അമ്പും അവൻെറ കുതിരയെ പരിശീലിപ്പിക്കലും അവൻെറ ഭാര്യയുമായുള്ള ലീലാവിനോദങ്ങളും ഒഴികെ. നിശ്ചയം ഇവയൊക്കെ യാഥാർഥ്യങ്ങ

ളിൽ പെട്ടതാണ്). മറ്റൊരു റിപ്പോർട്ടിൽ وتعليم السباحة (നീന്തൽ പഠിക്കലും) എന്നുകൂടിയുണ്ട്. ഇമാം ദഹബി(റ) ഈ ഹദീസിനെ തെളിവായെടുത്തുകൊണ്ട് പറഞ്ഞു: "ചതുരംഗം വഴിപിഴച്ചതാണ്". അല്ലാഹു ജല്ല ജലാലുഹു പറഞ്ഞല്ലോ...فماذا بعد الحق الا الضلال (യാഥാർഥ്യത്തിനു ശേഷം - സത്യത്തിനു ശേഷം - വഴികേടല്ലാതെ മറ്റെന്താണ്? - യൂനുസ് : 32).

പർദ്ദ ഇന്ന് മുസ്‌ലിം ജീവിതത്തിൽ സജീവമായിട്ടുണ്ടല്ലോ. അതിൻെറ വിവിധയിനം പരസ്യങ്ങളും നാം കാണുന്നു. വിശുദ്ധമായ ഒരു സന്ദേശത്തിൻെറ പരസ്യത്തിന്നു പോലും ചെസ്സ് ഒരു പ്രചാരണായുധമാക്കിയ ദുരന്തവും മുസ്‌ലിം കേരളം കണ്ടു. ഖുർആൻ വാക്യങ്ങൾക്ക് സംഗീതം പകരുന്ന ഒരു നാട്ടിൽ ഇതിലപ്പുറം പലതും നാം കണ്ടേക്കും. നഊദു ബില്ലാഹ് !

# ആസ്വാദനവും ആധുനികതയും

ആസ്വാദനങ്ങളും സൗകര്യങ്ങളും പലതും ത്യജിച്ചു കൊണ്ടേ ഒരു സത്യവിശ്വാസിക്ക് ജീവിക്കാനാവൂ എന്ന് നാം മനസ്സിലാക്കി. ആളുകൾ ആസ്വദിക്കുന്നതും അനുഭ വിക്കുന്നതുമായ എല്ലാ വിഭവങ്ങളും ഒരു മുസ്‌ലിമിന്ന് അനുവദനീയമാവുന്നില്ല. സമൂഹത്തോടൊപ്പം ഓടുന്നവര ല്ല അവർ. എന്നാൽ തീരെ ഓടരുതെന്നുമല്ല. ഇസ്‌ലാം നിശ്ചയിച്ച അതിരുകളവരറിഞ്ഞിരിക്കണമെന്ന് മാത്രം. അതാവട്ടെ മുഗിളൻമാരുടെ രാജസദസ്സുകളോ ഖുസ്രുമാ രോ ഖോജമാരോ സൂഫീമഠങ്ങളോ തീരുമാനിച്ചവയായി രിക്കില്ല. പകരം അല്ലാഹുവും അവൻെറ ദൂതരും നിശ്ച യിച്ചവയായിരിക്കും. അല്ലാഹുവിലേക്ക് സഞ്ചരിക്കുന്ന, അല്ലാഹുവിൻെറ ദൂതരുടെ അനുയായികൾ, എപ്രകാര മായിരിക്കണമെന്ന് അല്ലാഹുവും റസൂലുമാണ് തീരുമാനി ക്കേണ്ടത്. അവർ രണ്ടുപേരും അംഗീകരിച്ചതിൽ സംതൃ പ്തിയടയാനാവുന്നവർക്കേ 'മുസ്‌ലിം' (അനുസരിച്ചവൻ) എന്നു പറയാനാവൂ. അയാൾ അല്ലാഹുവിലേക്ക് കൂടുതൽ അധ്വാനിക്കുമ്പോൾ 'മുഅ്മിൻ' എന്ന പദവി യിലേക്കുയരും. അതങ്ങിനെ വർദ്ധിച്ച് 'മുത്തഖി'യുടെ വിതാനത്തിലേക്കു വളർന്നു വരും. തുടർന്ന് അത്

'മുഹ്സിൻ' എന്ന അവസ്ഥയിലേക്കും അല്ലാഹുവിൻെറ 'കൂട്ടുകാരൻ' - ഇഷ്ടപ്പെട്ടവൻ - എന്ന 'വലിയ്യി'ൻെറ അവസ്ഥയിലേക്കും വളർന്നെത്തും. മുസ്ലിം സമൂഹത്തിലെ വ്യത്യസ്തങ്ങളായ ഈമാനിക വിതാനങ്ങളാണിവയൊക്കെ.

അതിന്നനുസൃതമായി സ്വർഗ്ഗങ്ങൾക്കും ഒട്ടേറെ പദവികളുണ്ട്. അത്യുന്നതമായ സ്വർഗ്ഗങ്ങളും അതിന്ന് താഴോട്ടുള്ള പദവികളും. ഉന്നതമായ സ്വർഗ്ഗങ്ങളിലേക്ക് സഞ്ചരിക്കുന്നവരെ അനുഗമിക്കാനായിരിക്കണം ഒരു നല്ല മുസ്ലിം ശ്രമിക്കേണ്ടത്. അല്ലാതെ ആ വിശുദ്ധരെ, താൻ സഞ്ചരിക്കുന്ന, മതവുമായി ഒരു പക്ഷേ നേർത്ത നൂൽബന്ധം മാത്രമുള്ള കീഴ്ത്തലങ്ങളിലേക്ക് പിടിച്ചിറക്കിക്കൊണ്ടു വരാനല്ല. സ്വർഗ്ഗീയ പദവികളിൽ നിന്ന് കീഴോട്ടിറങ്ങിയിറങ്ങി പോകുന്നവർക്ക്, ഭൗതികലോകത്തെ ആനന്ദങ്ങളിലേക്ക് കയറിക്കയറി പോവാനാവും. അനുഗൃഹീത സ്വർഗ്ഗങ്ങളിലേക്ക് സഞ്ചരിക്കുന്നതിന്ന് പകരം കീഴോട്ടിറങ്ങിപ്പോവുന്നവരുടെ പതനം എവിടെയാണെന്ന് പറയേണ്ടതില്ലല്ലോ.....

സൗന്ദര്യത്തിൻെറയും കലയുടെയും ആസ്വാദ്യത മതനേതൃത്വം തടഞ്ഞുനിർത്തുന്നുവെന്നാണ് പരാതി. മതമൗലിക വാദികളും തീവ്രവാദികളുമാണ് കാരണക്കാരത്രെ!

ഇങ്ങിനെ പരിതപിക്കുന്നവരോട് സഹതാപം തോന്നുന്നി ല്ലേ...! എന്ത്കൊണ്ടെന്നാൽ രണ്ടാലൊരു വിഷയത്തിൽ അവർക്ക് കാര്യമായ ധാരണയില്ല. ഒന്നുകിൽ തങ്ങളുടെ മതം യഥാർഥത്തിൽ, എന്താണെന്നവർക്കറിഞ്ഞുകൂടാ... അല്ലെങ്കിൽ എന്താണ് മതമൗലിക വാദമെന്നോ എന്താ ണ് തീവ്രവാദമെന്നോ അവർക്കറിഞ്ഞുകൂടാ... തങ്ങൾ ക്ക് തോന്നുന്നത് കുറെയൊക്കെ സ്വന്തം മതത്തിൽ നി ന്നും വേറെ ചിലത് അന്യസംസ്കാരങ്ങളിൽ നിന്നും യുക്തം പോലെ എടുത്തുപയോഗിക്കാമെന്ന് അവർ കരുതുന്നു. ഇങ്ങിനെയാവുമ്പോൾ മതത്തിൽ ഉണ്ടോയെ ന്നന്വേഷിച്ചാൽ അതേ എന്നു പറയാനാവുമല്ലോ... സമൂ ഹത്തിന്റെ ഒഴുക്കിൽ ഉണ്ടോ എന്ന് ചോദിച്ചാലും അ തേ എന്ന് പറയാം. വിശുദ്ധ ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ മതത്തിന്റെ 'വക്കിലൂടെ സഞ്ചരിക്കുന്നവരാ ണ്"വർ. അവർക്കനുകൂലമായത് വല്ലതും കേൾക്കാനാ യാൽ അവർ ആഹ്ളാദഭരിതരാവും. പെണ്ണഭിനയത്തെ ക്കുറിച്ച ഖർദാവിയുടെ ഫത്'വ കേട്ടതുപോലെ. തങ്ങളു ടെ പൊതുജീവിതത്തോട് യോജിക്കാത്തതാണ് അവർ കേട്ടതെങ്കിലോ...? അപ്പോൾ അവരാകെ തളർന്നകന്നു പോവും. മതമൗലികവാദികൾ, തീവ്രവാദികൾ, സമൂഹ ത്തോട് സഹകരിക്കാത്തവർ എന്നൊക്കെയായിരിക്കും അവരുടെ പ്രതികരണങ്ങൾ. അല്ലാഹു ജല്ലജലാലുഹു

പറയുന്നു: وَمِنَ النَّاسِ مَنْ يَعْبُدُ اللَّهَ عَلَى حَرْفٍ فَإِنْ أَصَابَهُ خَيْرٌ اطْمَأَنَّ بِهِ وَإِنْ أَصَابَتْهُ فِتْنَةٌ انْقَلَبَ عَلَى وَجْهِهِ خَسِرَ الدُّنْيَا وَالآخِرَةَ ذَلِكَ هُوَ الْخُسْرَانُ الْمُبِينُ ("ഒരു വക്കിലിരുന്നു കൊണ്ട് അല്ലാഹുവെ ആരാധിച്ചു കൊണ്ടിരിക്കുന്നവനും ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അവന്ന് വല്ല ഗുണവും വന്നെത്തുന്ന പക്ഷം അതിൽ അവൻ സമാധാനമടയും. അവന്ന് വല്ല പരീക്ഷണവും നേരിട്ടാലോ അവൻെറ പാട്ടിലേക്കു തന്നെ അവൻ മറിഞ്ഞു കളയുന്നതാണ്. ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അത് തന്നെയാണ് വ്യക്തമായ നഷ്ടം" - ഹജ്ജ് : 11). ഇരുലോകവും നഷ്ടപ്പെടുന്നതിൽ പരം വലിയ നഷ്ടം വേറെയുണ്ടോ? നാം ചിന്തിക്കുക!

കണ്ണുകൾക്ക് നാം അതിൻെറ അവകാശം നൽകേണ്ടതുണ്ട്. അല്ലാഹു ഇഷ്ടപ്പെട്ടതു മാത്രം അതിനെ കാണാനനുവദിക്കുക എന്ന രൂപത്തിലാണത്. ശരീരത്തിലെ മറ്റെല്ലാ അവയവങ്ങളുടെയും ചിന്തകളുടെയുമൊക്കെ സ്ഥിതിയും അപ്രകാരം തന്നെ. നല്ലതു മാത്രമേ അവയെ അനുഭവിക്കാനനുവദിക്കാവൂ. തൻെറ ശരീരാവയവങ്ങളും ചർമ്മങ്ങളും താനുപയോഗിച്ച വസ്തുക്കളൊക്കെയും അല്ലാഹുവിങ്കൽ വിചാരണക്ക് കൊണ്ടു വരപ്പെടും. അല്ലാഹു ജല്ലജലാലുഹു പറയുന്നു: وَلَا تَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْؤُولاً

(“നിനക്കറിവില്ലാത്ത ഒന്നിന്റെ പിന്നാലെയും നീ പോവരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്” - അൽ ഇസ്റാഅ് : 36).

അബീ ഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ) പറയുന്നു: كتب على ابن آدم نصيبه من الزنـا مـدرك ذلـك لامحالة : العينان زناهما النظر، والاذنان زناهما الاسـتماع، واللسان زناه الكـلام، واليـد زناهـا البطـش، والرجـل زناهـا ألخطا، والقلب يهوى ويتمنى، ويصدق ذلـك الفرج اويكذبـه (“മനുഷ്യന് രക്ഷപ്പെടാനാവാത്ത വിധം ഇഴുകിച്ചേർന്നു പോയേക്കാവുന്ന വ്യഭിചാരത്തിന്റെ ഘടകങ്ങളെ ക്കുറിച്ച് (അല്ലാഹു) രേഖപ്പെടുത്തിയിട്ടുണ്ട്. കണ്ണുകളുടെ വ്യഭിചാരം (എതിർലിംഗത്തിലേക്കുള്ള) നോട്ടമാണ്. കാതുകളുടെ വ്യഭിചാരം (എതിർലിംഗത്തിൽ നിന്ന്) കേൾക്കലാണ്. നാവിന്റെ വ്യഭിചാരം (എതിർലിംഗവുമായുള്ള) സംസാരമാണ്. കൈയുടെ വ്യഭിചാരം (എതിർലിംഗവുമായുള്ള) സ്പർശനമാണ്. കാലിന്റെ വ്യഭിചാരം (എതിർലിംഗത്തിലേക്കുള്ള) നടത്തമാണ്. മനസ്സ് ഇഛിക്കുകയും മോഹിക്കുകയും ചെയ്യും. ജനനേന്ദ്രിയം അതിനെ സാക്ഷാത്കരിക്കുകയോ കളവാക്കുകയോ ചെയ്യുന്നു” - ബുഖാരി, മുസ്‌ലിം)

## പ്രകടനങ്ങൾ, മഹാസമ്മേളനങ്ങൾ

കലയേയും സൗന്ദര്യത്തേയും സംഗീതത്തെയും കുറിച്ചൊക്കെ പരാമർശിക്കുന്ന ഒരു ഗ്രന്ഥത്തിൽ പ്രകടനങ്ങൾക്കും സമ്മേളനങ്ങൾക്കും എന്ത് പ്രസക്തി എന്ന് ധരിക്കുന്നവരുണ്ടാവും. ഒരു പ്രസ്ഥാനത്തിൻെറ ശക്തിയും സാന്നിദ്ധ്യവും തെളിയിക്കാനാണ് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് എന്നതു ശരി തന്നെ. എന്നാൽ അതിലെ ആസ്വാദനത്തിൻെറയും സായൂജ്യത്തിൻെറയും അത് വഴിയുണ്ടാകുന്ന തിൻമകളുടെയും ഭാഗമാണ് ഇവിടെ ചിന്തനീയമാകുന്നത്.

നമ്മുടെ നാട്ടിൽ സർവ്വസാധാരണമായ മഹാ സമ്മേളനങ്ങളും അതിന് മുന്നോടിയായി കാണുന്ന ശക്തി പ്രകടനങ്ങളും മൈസിറിൻെറ മറ്റൊരു രൂപമായിട്ടേ പരിഗണിക്കാനാവൂ... രാഷ്ട്രീയപ്പാർട്ടികൾ മാത്രമല്ല മതസംഘടനകൾ വരെ ഇതിൽ നിന്നൊഴിവാകുന്നില്ല. സ്വയം നമസ്കാരമുപേക്ഷിക്കുക, മറ്റുള്ളവരെ അതിനനുവദിക്കാതിരിക്കുക, പരസ്പരം കള്ളവും വിദ്വേഷങ്ങളും വിളിച്ചു പറയുക, അതുവഴി പരസ്പരം ശത്രുതയുണ്ടാക്കുക എന്നിവയൊക്കെ ഇതിൽ സംഭവിക്കുന്നു. ഒരു മഹാ സമ്മേളനം നടക്കുമ്പോൾ അതിൽ പങ്കെടുക്കാൻ

പുറപ്പെട്ടവൻെറ അസ്ർ, മഗ്‌രിബ്, ഇശാ നമസ്കാരങ്ങളും ഒരു പക്ഷേ ക്ഷീണവും ഗാഢനിദ്രയും മൂലം അടുത്ത ദിവസത്തെ ഫജ്റ് നമസ്കാരവും ഇങ്ങിനെ പാഴായിപ്പോവുന്നു. മൈസിറിൻെറ ഈ വകഭേദം മൂലമുള്ള പാപം മാത്രമല്ല, കള്ളം, പരദൂഷണം, അഹംഭാവം പോലുള്ള വലിയ പാപങ്ങളും ഇതിലുണ്ടായിത്തീരുന്നു.

വേദനാജനകമായ മറ്റൊരു ദുരന്തം കൂടി ഇതിൽ സംഭവിക്കുന്നുണ്ട്. കപടവിശ്വാസത്തിൻെറ അടയാളങ്ങളാണത്. പ്രവാചകൻ(സ) പറഞ്ഞല്ലോ.... ആളുകൾ സഞ്ചരിക്കുന്ന വഴിയിൽ നിന്ന് പ്രതിബന്ധങ്ങൾ നീക്കം ചെയ്യൽ വിശ്വാസത്തിൻെറ ഭാഗമാണെന്ന്. നീക്കം ചെയ്യൽ വിശ്വാസമാണെങ്കിൽ, വഴിയിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയെന്നത് വിശ്വാസ രാഹിത്യമായി. വിശ്വാസരാഹിത്യമെന്നത് അവിശ്വാസം തന്നെയാണല്ലോ.... രണ്ടു സാക്ഷ്യവാക്യങ്ങൾ മൊഴിഞ്ഞ ഒരാളാണിത് ചെയ്യുന്നത് എന്നുവരുമ്പോൾ അത് കപടവിശ്വാസവുമായി. ആളുകളുടെ സുഗമമായ യാത്ര നിഷേധിക്കുകയും അതുവഴി രോഗവും അപകടവും മരണവുമൊക്കെ സംഭവിക്കുന്ന അവസ്ഥ കൂടി സംജാതമാവുകയും ചെയ്താൽ അവൻ മറ്റു പല പാപങ്ങളുടെ കൂടി കർത്താവായി മാറി. മൊത്തത്തിൽ ഇത്തരം മഹാസമ്മേളനങ്ങളും ശക്തിപ്രകടനങ്ങളും അനിസ്‌ലാമികമാണെന്ന് മനസ്സിലാക്കാൻ കൂടു

തൽ വിശദീകരണങ്ങൾ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഒരു രസത്തിന്, നേരമ്പോക്കിന്, ആവേശത്തിന് ചെയ്യുന്നതാണിതൊക്കെ എന്നാണ് വെയ്പ്. എന്നാൽ ഇത്തരം മഹാസമ്മേളനങ്ങൾ അവനെത്തന്നെ പാപങ്ങളുടെ മഹാസമ്മേളനത്തിലേക്കാണ് കൊണ്ടെത്തിക്കുന്നത് എന്ന് അവനറിയുന്നില്ല. എല്ലാം ആസ്വാദനങ്ങളുടെയും ആവേശത്തിൻെറയും പേരിലാണത്രെ. അത് സാർഥകമാക്കാൻ അതിൻെറ പാർശ്വദോഷങ്ങൾ അയാൾ വിസ്മരിക്കുകയും ചെയ്യുന്നു. ഒരു വിശ്വാസി വീണ്ടുവിചാരത്തോടെയും ദിശാബോധത്തോടെയും ദീർഘവീക്ഷണത്തോടെയും കൂടിയേ വർത്തിക്കാവൂ.... തൻെറ കർമ്മങ്ങൾ ദൈവിക പ്രതിഫലത്തിന് കാരണങ്ങളാവുന്ന സൽക്കർമ്മങ്ങളായിരിക്കണം. അത് സാധിക്കാൻ പണ്ഡിതൻമാർ രണ്ടു നിബന്ധനകളാണ് നമുക്ക് പഠിപ്പിച്ചു തരുന്നത്. ഒന്ന്: കർമ്മങ്ങളിൽ ആത്മാർഥതയുണ്ടായിരിക്കണം. രണ്ട്: പ്രസ്തുത കർമ്മങ്ങൾ പ്രവാചക ചര്യയുമായി യോജിച്ചു വരികയും വേണം. പ്രവാചക ചര്യയെന്നത് തിരുമേനി(സ) ചെയ്തതും പറഞ്ഞതും കൽപ്പിച്ചതും അംഗീകരിച്ചതുമായ കാര്യങ്ങളാണല്ലോ....

അതിനാൽ ആസ്വാദ്യതയുടെ അതിരുകൾ ഏതാണെന്ന് തീർച്ചയായും അയാൾ അറിഞ്ഞിരിക്കണം. അല്ലാഹു ജല്ല ജലാലുഹു അത് നിശ്ചയിക്കുന്നു: رِجَالٌ لَا تُلْهِيهِمْ

تِجَارَةٌ وَلَا بَيْعٌ عَنْ ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ [അല്ലാഹുവെ സ്മരിക്കുന്നതിൽ നിന്നും നമസ്കാരം ക്രമപ്രകാരം നിർവ്വഹിക്കുന്നതിൽ നിന്നും സക്കാത്ത് നല്കുന്നതിൽ നിന്നും വ്യാപാരമോ ക്രയ വിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചു വിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകിമറിയുന്ന ഒരു ദിവസത്തെ അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു നൂർ: 37]

മൂന്ന് പ്രധാന കാര്യങ്ങളാണ് ഇവിടെ ഗൗരവമായുണർത്തുന്നത്. ദൈവ സ്മരണ, നമസ്കാര നിർവ്വഹണം, സക്കാത്ത് നല്കൽ. തൻെറ ജീവിത വ്യാപാരങ്ങൾക്കിടയിൽ ഇതൊരിക്കലും അവൻ വിസ്മരിക്കുകയില്ല. കാരണമെന്താണ്? നാളെ, പാരത്രിക ലോകത്തിലെ വിചാരണ അവനെ നിരന്തരം ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നത് തന്നെ. അതിനാൽ ഈ ചിന്തകൾക്ക് പരിക്കേല്ക്കുന്നിടത്ത് അവൻ തൻെറ ആസ്വാദനങ്ങളവസാനിപ്പിക്കുന്നു. ഇത്തരം ചിന്തകളൊന്നുമില്ലാതെ, അഹങ്കാരത്തോടെ തിരിഞ്ഞുനടക്കണമെന്നാണോ മോഹം? അവർക്കിതാ അല്ലാഹുവിൻെറ താക്കീത്: يَا أَيُّهَا الَّذِينَ آمَنُوا لَا تُلْهِكُمْ أَمْوَالُكُمْ وَلَا أَوْلَادُكُمْ عَنْ ذِكْرِ اللَّهِ وَمَنْ يَفْعَلْ ذَلِكَ فَأُولَئِكَ هُمُ الْخَاسِرُونَ [സത്യവിശ്വാസികളെ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെ പറ്റിയുള്ള സ്മരണ

യിൽനിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. അങ്ങിനെ ചെയ്യുന്നവരാരോ അവരത്രെ നഷ്ടക്കാർ - മുനാഫിഖൂൻ : 9) അതിനാൽ കളിയും വിനോദങ്ങളും നിറഞ്ഞ ഭൗതിക ലോകത്തെ സൂക്ഷിക്കുക. ദൈവ സ്മരണ മങ്ങുന്നേടത്ത് തങ്ങളുടെ ആസ്വാദനങ്ങളവസാനിപ്പിക്കുകയും ചെയ്യുക.

വഴി വിട്ടു നടന്നു പാപിയായിപ്പോയേക്കാവുന്ന ഒരവസ്ഥയിൽ നിന്ന് അല്ലാഹു ജല്ല ജലാലുഹു നമ്മെ രക്ഷിക്കട്ടെ-. സല്ക്കർമ്മങ്ങളനുഷ്ഠിക്കാനും സത്യം മൊഴിയാനും മുസ്‌ലിംകളായ സഹോദരങ്ങളിൽ അവൻ തൗഫീഖ് ചൊരിയട്ടെ-. ഉതവിയുടെ ഉറവിടം അല്ലാഹുവിൽ നിന്നു മാത്രം. അവനിൽ നിന്നു മാത്രമാണ് സഹായം. അവങ്കലാണഭയം. അവനിലേക്കാണു ഖേദപൂർവ്വമുള്ള നമ്മുടെ മടക്കവും.

وَآخِرُ دَعْوَانَا أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ
وَصَلَّى اللهُ عَلَى سَيِّدِنَا مُحَمَّدٍ وَ عَلَى آلِهِ وَصَحْبِهِ أَجْمَعِينْ

# الفن والجمال والغناء

# في الإســـلام

حنيف بن عبد الرحمن الريان

# الفن والجمال والغناء في الإسلام



حنيف بن عبد الرحمن الريان

مطابع أضواء البيان - الرياض - ت: ٤٩٥٥٦٩٤